M·3 ~~18~~ 18

M.S. 13/18

കോട്ടയം. [illegible]

~~26~~

17.5

18

No 21

OUR EMPEROR AND EMPRESS.

A LIFE OF KING GEORGE AND QUEEN MARY.

By C. P. THOMAS B. A. L. T.

നമ്മുടെ ചക്രവൎത്തിയും ചക്രവൎത്തിനിയും.

ജോൎജ്ജ് മഹാരാജാവിന്റെയും
മേറിമഹാരാജ്ഞിയുടെയും
ജീവചരിത്രം.

KOTTAYAM:
PRINTED AT THE C. M. S. PRESS.
1913.

മുഖവുര.

കരുണാനിധികളായ നമ്മുടെ ചക്രവൎത്തിനിചക്രവൎത്തികളായ തിരുമേനികളുടെ സംക്ഷിപ്തമായ ഈ ജീവചരിത്രം വിദ്യാൎത്ഥികൾക്കും സാധാരണ വായനക്കാൎക്കും, ഈ മഹതീമഹാന്മാരിലുള്ള സ്നേഹബഹുമാനാദികളെ വൎദ്ധിപ്പിക്കുന്നതിനും, തന്നിമിത്തം ബ്രിട്ടിഷ് രാജകുടുംബത്തോടുള്ള രാജഭക്തി സ്ഥിരപ്പെടുന്നതിനും, അവരിൽ വിളങ്ങുന്നതായ സ്വഭാവവിശേഷങ്ങളെ തങ്ങളുടെ സ്ഥാനങ്ങളിലും സ്ഥിതികളിലും അനുകരിക്കുന്നതിനുള്ള താല്പൎയ്യത്തെ ജനിപ്പിക്കുന്നതിനും സഹായിക്കുമെന്ന വിശ്വാസത്തോടുകൂടി മഹജ്ജന സമക്ഷത്തിൽ സമൎപ്പിക്കുന്നു.

പല ഇംഗ്ലീഷ് പുസ്തകങ്ങൾ, പത്രികകൾ മുതലായവയിൽനിന്നു വളരെ ഝടിതിയിൽ കൂട്ടിച്ചേൎത്തു എഴുതിയതായ ഈ പുസ്തകത്തിന്റെ ഭാഷാരൂപം ഈ വിധമാക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്തുതന്ന രാ. രാ. കൊട്ടാരത്തിൽ ശങ്കുണ്ണി അവർകളോടു എനിക്കുള്ള കടമയെ കൃതജ്ഞതാപൂൎവ്വം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

പല വിഷമസ്ഥിതികളുണ്ടായിരുന്നിട്ടും തങ്ങൾക്കു സഹജമായ പ്രകാരം ഭംഗിയായി, അച്ചടിവേലയും മറ്റും തക്കസമയത്തു സാധിച്ചുതന്ന സി. എം. എസ്സ്. പ്രസ്സ് ഭാരവാഹികളോടും ഞാൻ പ്രത്യേകം നന്ദിയുള്ളവനായിരിക്കുന്നു.

സി. പി. തോമസ്

നമ്മുടെ ചക്രവൎത്തിയും ചക്രവൎത്തിനിയും.

൧ാം അദ്ധ്യായം.

പ്രാരംഭം.

കുട്ടികൾക്കു കഥകൾ കേൾക്കുന്നതിലും വായിക്കുന്നതിലും പ്രകൃത്യാ തന്നെ ഒരു രസവും സന്തോഷവുമുണ്ടായിരിക്കുന്നതാണ്. വിശേഷിച്ചും കുട്ടികളെ സംബന്ധിച്ചുള്ള കഥകളിൽ അവൎക്കു പ്രത്യേകമൊരു താൽപൎയ്യമുണ്ടായിരിക്കും. എന്നാൽ, തങ്ങളേക്കാൾ പ്രായമോ അവസ്ഥയോ കൂടിയവരെക്കുറിച്ചുള്ള കഥകളായാലും കേൾക്കുന്നതിനും വായിക്കുന്നതിനും കുട്ടികൾക്കു രസമില്ലെന്നു വരുന്നതല്ല. തങ്ങളേക്കാൾ പ്രായമോ പദവിയോ കൂടുതലായിട്ടുള്ളവരുടെ കഥകൾ കേട്ടാൽ തങ്ങളുടെയും അവരുടെയും സ്ഥിതികൾക്ക് ഏതെല്ലാം സംഗതികളിൽ സാമ്യമുണ്ടെന്നും ഏതെല്ലാം സംഗതികളിൽ വ്യത്യാസമുണ്ടെന്നും അറിയാമല്ലോ. അതറിയാനുള്ള ആഗ്രഹം എല്ലാവൎക്കും ഉണ്ടാകുന്നതാണ്. അതിനാൽ കുട്ടികൾക്കു തങ്ങളേക്കാൾ പ്രായക്കൂടുതലോ പ്രാഭവക്കൂടുതലോ ഉള്ളവരുടെ കഥകൾ കേൾക്കുന്നതിലും താൽപൎയ്യമുണ്ടാകാതെയിരിക്കയില്ല.

ജീവചരിത്രവും ഒരുവക കഥ തന്നെയാണ്. വെറും കഥകളിൽ കേൾവിക്കാൎക്കു രസം തോന്നിക്കുന്നതിനും കഥയ്ക്കു ഭംഗിയും പുഷ്ടിയും ഉണ്ടാകുന്നതിനും മററുമാ

യി അവരവരുടെ വാസനയ്ക്കും സാമത്ഥ്യത്തിനും തക്ക വണ്ണം ചിലതൊക്കെ ഓരോരുത്തർ കൂട്ടിച്ചേച്ചത്തു എന്നു വരാം. ചിലതു കേവലം കെട്ടുകഥകളുമായിരിയ്ക്കാം. എന്നാൽ ജീവചരിത്രങ്ങളിൽ അങ്ങനെയൊന്നും വരികയില്ല. അവയിൽ പറയുന്നവയെല്ലാം വാസ്തവസംഗതികളായിരിക്കും. ഇതാണ് വെറുംകഥകളും ജീവിതകഥകളും തമ്മിലുള്ള പ്രധാനവ്യത്യാസം. എങ്കിലും ജീവചരിത്രവും ഒരുവക കഥ തന്നെ. അതു രാജാക്കന്മാർ മുതലായ മഹാന്മാരുടെതായാലും സാധാരണന്മാരുടെതായാലും വ്യത്യാസമില്ല. അതിനാൽ ജീവചരിത്രങ്ങൾ വായിക്കുന്നതിലും രസമുണ്ടാകുന്നതാണ്. തങ്ങളുടെ സ്ഥിതിയുമായി അന്യന്മാരുടെ സ്ഥിതിക്കു സാമ്യവും വ്യത്യാസവുമുള്ളതു് ഏതെല്ലാം സംഗതികളിലാണെന്നറിയാൻ രാജാക്കന്മാക്കും സാധാരണന്മാക്കും രസമുണ്ടാകുമല്ലോ. ചില സംഗതികളിൽ സാമ്യമുണ്ടെന്നു കണ്ടാൽ അതും രസം, വ്യത്യാസമുണ്ടെന്നു കണ്ടാൽ അതും അങ്ങനെ തന്നെ. അതുകൊണ്ടു രാജാക്കന്മാരുടെ ജീവചരിത്രത്തിലും കുട്ടികൾക്കു രസമുണ്ടാകണം. ഏതു രാജാവിന്റെ ജീവചരിത്രവും രസകരമായി വരാം.

എന്നാൽ, ഇപ്പോൾ നമ്മുടെ ഇൻഡ്യാമഹാരാജ്യത്തെ ഭരിക്കുന്ന ജോർജ്ജുചക്രവത്തി മഹാരാജാവിന്റെയും ചക്രവത്തിനിയായ മേറിമഹാരാജ്ഞിയുടെയും ജീവചരിത്രം ആണ് ഇവിടെ പറയാൻ ഭാവിക്കുന്നതു്. ഇക്കഴിഞ്ഞ ൧൯൧൧ ഡിസംബർമാസത്തിൽ ഡെൽഹിഡർബാർ നടന്നതും അതു സംബന്ധിച്ചു പലവിധം കളികൾ, പലഹാരദാനം, വെടിക്കെട്ടു, ദീപക്കാഴ്ച മുതലായവ ഉണ്ടായതും മററും നിങ്ങൾ ഓക്കുന്നുണ്ടായിരിക്കുമല്ലോ. അതു മഹാരാജാവും മഹാരാജ്ഞിയും ഇൻഡ്യയുടെ തലസ്ഥാനമായ ഡെൽഹിയിൽ വന്നു് അവിടുത്തെ ചക്രവത്തിസ്ഥാനാരോഹണത്തെ പ്രസിദ്ധീകരിച്ചതിനെ സംബന്ധിച്ചുള്ള മഹോത്സവമായി

ന്നു. ഠരം ചക്രവൎത്തി, നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലേപ്പോലെയുള്ള അനേകം മഹാരാജാക്കന്മാരുടെ മേൽക്കോയ്മസ്ഥാനം വഹിക്കയും ഇൻഡ്യാമഹാരാജ്യത്തിൻെറ അധികംഭാഗവും നേരെ ഭരിക്കയും ചെയ്യുന്ന ആളാണ്. അദ്ദേഹം നമ്മുടെ ഭാരതഖണ്ഡത്തേ മുഴുവനും ശത്രുക്കളിൽനിന്നു കാത്തു സമാധാനത്തേ പാലിക്കുന്നു. രാജ്യത്തെങ്ങും സുഭിക്ഷത്തെ വൎദ്ധിപ്പിക്കുകയും ചെയ്യുന്നു. ചക്രവൎത്തിനി പ്രജാക്ഷേമാൎത്ഥമായി ചെയ്യപ്പെടുന്ന ഓരോ സംഗതികളിലും തിരുമനസ്സിലേ സഹായിക്കുന്ന ഉത്തമപത്നിയുമാണ്. അങ്ങനെയെല്ലാമിരിക്കുന്ന ചക്രവൎത്തിയുടെയും ചക്രവൎത്തിനിയുടെയും ചരിത്രം നമുക്കു പ്രത്യേകം രസാവഹമായിട്ടല്ലാതെ വരികയില്ലല്ലൊ.

൨ാം അദ്ധ്യായം.

ജനനവും ബാല്യവും.

അളവില്ലാത്ത പ്രജാവാത്സല്യത്തോടും നീതിയോടും കൂടി അറുപത്തിനാലു സംവത്സരം രാജ്യം ഭരിക്കുകയും പ്രജകളുടെ സീമയില്ലാത്ത ഭക്തിക്കും ബഹുമാനത്തിനും പാത്രീഭവിക്കുകയും സൎവ്വലോകവ്യാപിതമായ കളങ്കമില്ലാത്ത സൽകീൎത്തിയേ സമ്പാദിക്കുകയും ചെയ്തതിൻെറ ശേഷം തൻെറ എണ്പത്തിരണ്ടാമത്തേ വയസ്സിൽ ഇഹലോകം വിട്ടുപോയ ഗുണവതിയായ വിക്ടോറിയാമഹാരാജ്ഞിയേകുറിച്ചു നിങ്ങൾ കേട്ടിരിക്കുമല്ലോ. ആ തിരുമേനിയുടെ ആദ്യപുത്രനായ എഡ്വെൎഡ് മഹാരാജാവിൻെറയും ത്രിലോകൈകസുന്ദരിയെന്നും വിവിധഗുണസമ്പൂൎണ്ണയെന്നും പ്രസിദ്ധയായ അലക്സാന്ത്ര്യാ മഹാരാജ്ഞിയുടെയും രണ്ടാമത്തേ പുത്രനാണ് നമ്മുടെ കഥാനായകൻ. ആ ജോൎജ്ജുകുമാരൻെറ ജനനം ക്രിസ്ത്വാബ്ദം ൧൮൬൫ ജൂൺമാസം മൂന്നാം തിയതിയായിരു

ന്നു. അതിനു പതിനേഴമാസം മുൻപായിരുന്നു ആ കുമാരന്റെ ജ്യേഷ്ഠഭ്രാതാവായിരുന്ന ആൽബെട്ട് എഡ്വഡ് എന്ന കുമാരന്റെ ജനനം. ജനനാൽ ജ്യേഷ്ഠാനുജന്മാരായ ആ ബാലന്മാർ പരസ്പരം ഉററ ചെങ്ങാതിമാരെപ്പോലെയാണ് വത്തിച്ചിരുന്നതു്. ഊണിലും ഉറക്കത്തിലും കുളിയിലും കളിയിലും ഇരിപ്പിലും നടപ്പിലും എന്നുവേണ്ട, ഒരു സമയത്തും അവർ തമ്മിൽ പിരിയുക പതിവില്ലായിരുന്നു. ഇപ്രകാരം പരസ്പരസ്നേഹത്തോടുകൂടി വളൎന്നുവന്ന ആ ബാലന്മാരുടെ ബാല്യദശ നല്ല മനോധൎമ്മമുള്ള കവികൾക്കു ഹിന്തുപുരാണപ്രസിദ്ധന്മാരായ ശ്രീരാമലക്ഷ്മണന്മാരുടെയോ മറേറാ ആ കാലത്തോടുപമിച്ചു വൎണ്ണിക്കുവാൻ ധാരാളം വകയുള്ളതായിരുന്നു.

ആ കുട്ടികളുടെ സ്ഥിതി ഇങ്ങനെയായിരുന്നുവെങ്കിലും അവരുടെ സ്വഭാവങ്ങൾക്കു തമ്മിൽ വളരെ അന്തരമുണ്ടായിരുന്നു; എന്നാൽ അവ പരസ്പരം പ്രതികൂലങ്ങളായിരുന്നുമില്ല. അവരിൽ ഓരോരുത്തക്കുള്ള കുറവുകളെ അവർ പരസ്പരം തീക്കുമായിരുന്നു. ഒരാൾക്ക് എന്തെങ്കിലുമൊരു കൂട്ടം സ്വല്പം കുറവാണെന്നു കണ്ടാൽ മറേറയാൾക്ക് അതിനു പകരം കൂടി കൂടുതലുണ്ടെന്നു നിശ്ചയിക്കാം. അങ്ങനെ അവർ രണ്ടുപേരും കൂടി രണ്ടു പരിപൂൎണ്ണന്മാരായിരുന്നുവെന്നു തന്നെ പറയാം.

നമ്മുടെ കഥാനായകൻ മനോഗതങ്ങളെ തുറന്നു പറയാറില്ല. മിക്ക സംഗതികളും ഉള്ളിലൊതുക്കുകയായിരുന്നു പതിവ്. അതിനാൽ സഹോദരിമാർ അദ്ദേഹത്തെ നേരമ്പോക്കായിട്ടു "മൌനിയായ ജോൎജ്ജ്" എന്നു പറഞ്ഞുവന്നിരുന്നു. എന്നാൽ ജ്യേഷ്ഠകുമാരൻ തന്റെ മനോഗതങ്ങളെ ഭാവംകൊണ്ടും വാക്കുകൊണ്ടും വെളിപ്പെടുത്തുക പതിവായിരുന്നു. കുമാരന്മാർ രണ്ടുപേരും നല്ല ചുണയും ചുറുചുറുപ്പുമുള്ളവരായിരുന്നു. ഉല്ലാസശീലന്മാരായ അവൎക്കു കളികളിലും വിനോദങ്ങളിലും മററും വള

ദര രസവുമുണ്ടായിരുന്നു. എന്നാൽ, ക്രൂരതരങ്ങളും മര്യാദാഹീനങ്ങളും അന്യോപദ്രവകരങ്ങളുമായ കളികളിലും നേരമ്പോക്കുകളിലും അവക്കൊട്ടും രസമില്ലായിരുന്നു. സാധുത്വത്തിൻെറ ആധിക്യത്താൽ ഉന്മേഷരഹിതന്മാരായിരിയ്ക്കുന്ന സ്വഭാവം കുട്ടികൾക്കു നല്ലതല്ലെന്നും അവർ ചുറുചുറുക്കോടു കൂടി ഓടിയും ചാടിയും തകൎത്തും ദോഷരഹിതങ്ങളായ ചില തൊന്തരവുകൾ കാണിച്ചും നടക്കുന്നതാണ് നല്ലതെന്നുമാണ് യൂറോപ്യന്മാരുടെ അഭിപ്രായം. ഇതിനനുസരണമായിട്ടായിരുന്നു അവരുടെ ഉത്സാഹങ്ങളും കളികളുമെല്ലാം. ബാലന്മാർ ചില കുസൃതികൾ കാണിച്ചാൽ അവ കാഴ്ചക്കാൎക്കു കൌതുകപ്രദങ്ങളായിരിക്കുന്നതും അവ തന്നെ പ്രായംതികഞ്ഞവർ കണിച്ചാൽ ദുഷ്പ്രവൃത്തികളായി മഹാജനങ്ങൾ ഗണിക്കുന്നതും സാധാരണമാണല്ലോ. മുൻപു വിക്ടോറിയാമഹാരാജ്ഞിയും പിന്നിട്ട് അലക്സാണ്ട്രാമഹാരാജ്ഞിയും പുത്രന്മാരേ പരിചരിച്ചു വളൎത്തിയിരുന്നതു കുട്ടികളുടെ പ്രവൃത്തികളെല്ലാം അന്യന്മാൎക്ക് ഉപദ്രവമുണ്ടാക്കാത്തവയും സദാചാരത്തിനു ചേൎന്നവയുമായിരിക്കണമെന്നുള്ള നിബ്ബന്ധത്തോടു കൂടിയാണ്. ആ പരിശീലനത്തിൻെറ സൽഫലം ഈ കുമാരന്മാരിൽ സ്പഷ്ടമായി വിളങ്ങിയിരുന്നു.

സ്ത്രീകൾ പ്രകൃത്യാ അബലകളാകയാൽ ഏതു സ്ഥിതിയിലും അവരേ രക്ഷിക്കുന്നതിനുള്ള ചുമതല പുരുഷന്മാൎക്കാണല്ലോ. അതിനാൽ തങ്ങളുടെ സഹോദരിമാരേ സൂക്ഷിക്കുന്നതിനുള്ള ഭാരം തങ്ങൾക്കാണെന്നുള്ള ഭാവത്തിലാണ് ഇവർ അവരോടു പ്രവൎത്തിച്ചു വന്നത്. എങ്കിലും ചില സഹോദരന്മാരുടെ പതിവു പോലെ ഇവരും തങ്ങളുടെ സഹോദരിമാരേ ചിലപ്പോൾ നേരമ്പോക്കിനായി കുറേശ്ശ ഉപദ്രവിക്കാറുമുണ്ടായിരുന്നു.

ജോൎജ്ജുരാജകുമാരൻ തൻെറ ബുദ്ധി ഓരോ വസ്തു

ക്കളിൽ പതിഞ്ഞുതുടങ്ങിയ കാലം മുതൽക്കു തന്നെ സമുദ്രം, കപ്പൽ എന്നിതുകളിൽ ഒരു പ്രത്യേകപ്രതിപത്തി പ്രദർശിപ്പിച്ചു തുടങ്ങി. അതിനാൽ, അന്നു വെയിത്സ് പ്രഭുവായിരുന്ന എഡ്വേഡ് മഹാരാജാവു് ആ പുത്രന് ആദ്യമേ സമ്മാനമായി കൊടുത്ത കളിപ്പാട്ടങ്ങളിൽ ഒന്നു കപ്പലിന്റെ ചില ചെറിയ മാതൃകകളായിരുന്നു. ആ ബാലൻ അതു സൂക്ഷിച്ചു വെച്ചിരിക്കുകയും വളരെക്കാലം കഴിഞ്ഞു തന്റെ ആദ്യപുത്രനു സമ്മാനമായി കൊടുക്കുകയും ചെയ്തു. ആ കുമാരനും അതു വളരെ കൌതുകകരമായിരുന്നു എന്നു തീച്ചയാണല്ലോ.

നമ്മുടെ കഥാനായകൻ ബാല്യത്തിൽ തന്നെ തന്റെ ജ്യേഷ്ഠനേക്കാൾ ആരോഗ്യവും ഉന്മേഷവുമുള്ള ആളായിരുന്നു. കുസൃതികൾ കാട്ടുന്നതിന് ഒന്നാമനും പലപ്പോഴും ആ ബാലൻ തന്നെ ആയിരുന്നു. ആ കുമാരൻ ഓടിച്ചാടി നടന്ന് ഓരോ തൊന്തരവുകൾ കാണിച്ചുകൊണ്ടു തന്നെയിരുന്നു. ജോജ്ജു രാജകുമാരൻ മൂന്നു വയസ്സോമറോ പ്രായത്തിൽ കാണിച്ച ഒരു കുസൃതി നല്ല നേരംപോക്കായിപ്പോയി. ഒരിക്കൽ വിക്ടോറിയാമഹാരാജ്ഞി തന്റെ കൊട്ടാരത്തിലുണ്ടായ ഒരു കുഡുംബസമ്മേളനത്തിൽ എല്ലാവരും കൂടി ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന സമയം ഈ ബാലൻ എന്തോ ഒരു തെററു ചെയ്തതിന്റെ ശിക്ഷയായി മേശയുടെ ചുവട്ടിൽ കയറി അടങ്ങിയിരിക്കുവാൻ കല്പിച്ചു. കുമാരൻ തന്റെ പിതാമഹിയുടെ കല്പനയെ അനുസരിച്ച് അവിടെക്കയറി ഇരിക്കുകയും ചെയ്തു. പിന്നെ വളരെ നേരത്തേയ്ക്കു് ഒരനക്കവും ഇല്ലായിരുന്നു. കുമാരന്റെ ശബ്ദംപോലും കേട്ടില്ല. മേശവിരി നിലത്തു മുട്ടത്തക്കവണ്ണം താണു കിടന്നിരുന്നതിനാൽ ബാലനെ ആക്കും കാണ്മാനും പാടില്ലായിരുന്നു. അങ്ങനെയിരിക്കെ മഹാരാജ്ഞി, “ഈ കുട്ടി ഇങ്ങനെ അടങ്ങിയിരിക്കുന്നതെന്താണ്? അവന്റെ ശബ്ദം

പോലും കേൾക്കുന്നില്ലല്ലൊ" എന്നു പറഞ്ഞിട്ട്, "ഇനി പുറത്തു വരാം" എന്ന് അനുവദിച്ചു. നമ്മുടെ കഥാനായകൻ ഉടനെ അവിടെ പ്രത്യക്ഷപ്പെട്ടതു കേവലം നഗ്നനായിട്ടായിരുന്നു. ഇങ്ങനെയുള്ള സംഗതികളിൽ ഗൌരവം ഭാവിക്കാറുള്ള ആ വൃദ്ധയായ മഹാരാജ്ഞി തന്നെയും കൊച്ചുകുട്ടിയുടെ ഒരം നേരംപോക്കു കണ്ടു പൊട്ടിച്ചിരിച്ചുപോയി. പിന്നെ അവിടെ വേറേ ഉണ്ടായിരുന്നവരുടെ കാൎയ്യം പറയാനുമില്ലല്ലൊ. ബാലൻ മേശയുടെ ചുവട്ടിലിരുന്ന സമയം എന്താണ് ചെയ്തിരുന്നതെന്ന് അപ്പോഴാണ് എല്ലാവൎക്കും മനസ്സിലായത്.

നമ്മുടെ കഥാനായകൻ ബാല്യത്തിൽ തന്നെ കാഴ്ചയിൽ ഇംഗ്ലീഷുസമ്പ്രദായപ്രകാരം നല്ല കോമളനും മനോഹരനുമായിരുന്നു. വെള്ളിക്കണ്ണും, പൊൻനിറമായ തലമുടി മുതലായ സൌന്ദൎയ്യലക്ഷണങ്ങളെല്ലാം ആ ബാലനിൽ പരിപൂൎണ്ണമായിട്ടുണ്ടായിരുന്നു. ആകപ്പാടെ ആകൃതികൊണ്ടും പ്രകൃതികൊണ്ടും ആ ജ്യേഷ്ഠാനുജന്മാരുടെ ബാല്യം ഏററവും രമണീയമായിരുന്നു. ബാല്യത്തിൽ ഈ രാജകുമാരന്മാരേക്കുറിച്ചു പൊതുജനങ്ങൾക്കു വളരെ വാത്സല്യമുണ്ടായിരുന്നു എന്നുള്ളതിനു അനേകം ലക്ഷ്യങ്ങളുണ്ട്. അലക്സാണ്ഡ്രാമഹാരാജ്ഞി (അന്നു വെയിത്സ്പ്രഭ്വി)യുടെപേരിലുള്ള സന്തോഷബഹുമാനങ്ങളും ഈ കുട്ടികളേക്കുറിച്ചുള്ള കൌതുകവാത്സല്യങ്ങളും ജനങ്ങളിൽ വൎദ്ധിക്കുവാൻ അവ പരസ്പരം സഹായിച്ചുകൊണ്ടിരുന്നു. വെയിത്സ്പ്രഭ്വി തൻെറ പുത്രന്മാരേയുംകൊണ്ടു സവാരി പോകുന്ന സമയങ്ങളിൽ ഇവരേ കാണുന്നതിനായിട്ടു ജനങ്ങൾ കൂട്ടം കൂട്ടമായി വരികയും ആൎപ്പുവിളിക്കുകയും മററു പല വിധത്തിൽ ഓരോരുത്തരും അവരവരുടെ സമ്പ്രദായപ്രകാരം ആഹ്ലാദചിഹ്നങ്ങളെ കാണിക്കുകയും പതിവായിരുന്നു.

രാജകുമാരന്മാർ അവരുടെ പിതാവിൻെറയും പിതാമ

ഹിയുടെയും കൊട്ടാരങ്ങളിൽ താമസിച്ചിരുന്ന സമയങ്ങളിലെല്ലാം ഉത്സാഹപൂർവ്വം തോട്ടങ്ങളിലും മുറികളിലും യഥേഷ്ടം ഓടിച്ചാടി നടക്കുന്നതിന് അവക്കു സ്വാതന്ത്ര്യം കൊടുത്തിരുന്നു. രാജകുമാരന്മാരാണെന്നുള്ള ഡംഭോ അഹങ്കാരമോ ഭാവിച്ചു ഗൌരവം വിടാതെ ഇരിക്കണമെന്നും മററും വെച്ചിരുന്നില്ല. രാജകുമാരന്മാരായാലും കുട്ടികളായിരിക്കുമ്പോൾ മററുള്ള കുട്ടികളെപ്പോലെ ശരീരമനസ്സുകൾക്ക് ആവശ്യമുള്ള വിധത്തിലെല്ലാം വളന്നു വരണമെന്നേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ഇവർ രാജകുമാരന്മാരായിരുന്നതുകൊണ്ടു മയ്യാദ, ദയ മുതലായ സൽഗുണങ്ങൾ സാധാരണകുട്ടികളേക്കാൾ അധികം കാണിക്കേണ്ടിയിരുന്നു. പരിചാരകന്മാരുടെയും മററും മുഖസ്തുതിക്കോ മാതാപിതാക്കന്മാർ മുതലായവരുടെ അതിലാളനങ്ങൾക്കോ അനാവശ്യകങ്ങളായ സ്വന്തസിദ്ധാന്തങ്ങൾക്കോ ഇവക്ക് ഇടകൊടുത്തിരുന്നില്ല.

ഈ കുമാരന്മാരുടെ പ്രധാനപ്പെട്ട കളിച്ചങ്ങാതികൾ ടെക്ക് പ്രഭുവിൻെറ മക്കളായിരുന്നു. ഇവർ തമ്മിൽ അത്ര അകന്നതല്ലാത്ത സംബന്ധവുമുണ്ടായിരുന്നു. ഠരം ചെങ്ങാത്തം ഒടുക്കം എങ്ങനെ പരിണമിച്ചു എന്നു പിന്നീടു കാണാവുന്നതാണ്

൩ാം അദ്ധ്യായം.

കൌമാരവും വിദ്യാഭ്യാസവും.

കുമാരന്മാർ ബാല്യത്തെ വിട്ടു കൌമാരപ്രാപ്തരായ കാലത്ത് അവരുടെ വിദ്യാഭ്യാസവിഷയത്തിൽ മാതാപിതാക്കന്മാർ ഗാഢമായി പര്യാലോചിച്ചുതുടങ്ങി. "ആദ്യം "ഈററൻ" എന്ന പാഠശാലയിലും പിന്നിട്ട് "ഓക്സ്ഫഡ്" "കെംബ്രിഡ്ജ്" എന്നീ സവ്വകലാശാലകളിൽ ഏതിലെങ്കിലുമൊന്നിലും അയയ്ക്കുന്നതായാൽ പല ഗുണങ്ങൾ സിദ്ധിക്കാനുണ്ടെങ്കിലും അതിലധികം ദോഷങ്ങ

ളാണ് സംഭവിക്കാനെളുപ്പം. ഇവരെ രാജകുമാരന്മാരെ ന്നു നിലയിൽ ആ ശാലകളിൽ പ്രത്യേകസമ്പ്രദായത്തിൽ കഴിച്ചുകൂട്ടുവാൻ തക്കവണ്ണം ഏർപ്പാട ചെയ്യുന്നതായാൽ അതു കാലാന്തരത്തിങ്കൽ സ്വഭാവത്തിനു പലവിധദോഷങ്ങൾക്കു കാരണമാകുന്നതാണ്. എന്നാൽ യാതൊരു പ്രത്യേകതയും കൂടാതെ സാധാരണകുട്ടികളുടെ കൂട്ടത്തിലാക്കാമെന്നുവെച്ചാൽ അതിനും ചില പ്രതിബന്ധങ്ങളുണ്ട്." ഇങ്ങനെയെല്ലാം വിചാരിച്ച് ഒടുക്കം വെയിത്സ്പ്രഭു, പ്രത്യേകമൊരു ഗുരുവിനെ ഏർപ്പെടുത്തി പുത്രന്മാരേ ഗൃഹത്തിൽവെച്ചു പഠിപ്പിക്കുകയാണ് സർവോത്തമമെന്നു തീർച്ചപ്പെടുത്തി. അതിൻപ്രകാരം നല്ല വൈദികനും വിദ്വാനും അദ്ധ്യാപകവൃത്തിയിൽ അതിനിപുണനുമായ റവ: ജെ എൻ. ഡാൽററൻ എം. എ. എന്ന മഹാനെ വെയിത്സ്പ്രഭു തന്റെ പുത്രന്മാരുടെ ഗുരുവായി നിയമിക്കുകയും ഇവരേ അദ്ദേഹത്തിന്റെ അധീനതയിൽ ഏല്പിച്ചുകൊടുക്കുകയും ചെയ്തു.

ഈ കുമാരന്മാരുടെ വിദ്യാഭ്യാസവൃത്താന്തങ്ങളെപ്പററി വിശേഷവിധിയായി അധികമൊന്നും പറയാനില്ല. സാധാരണകുട്ടികളേപ്പോലെ ഇവരും പഠിച്ചുകൊണ്ടിരുന്നു എന്നേ ഉള്ളു. എന്നാൽ നമ്മുടെ കഥാനായകൻ വിദ്യാഭ്യസനത്തിൽ—വിശേഷിച്ചും സ്വഭാഷാപഠനത്തിൽ, പ്രത്യേകം പ്രതിപത്തിയും വാസനയുമുള്ള ആളായിരുന്നു എന്നു പ്രായപൂർത്തി വന്നതിന്റെ ശേഷം ഗൌരവമേറിയ ഓരോ സദസ്സുകളിൽ ചെയ്തിട്ടുള്ള വിശേഷപ്പെട്ട പ്രസംഗങ്ങൾകൊണ്ടു സ്പഷ്ടമാകുന്നുണ്ട്.

രാജകുമാരന്മാരുടെ ഗൃഹത്തിലിരുന്നുള്ള സാധാരണ വിദ്യാഭ്യാസം ഇങ്ങനെ ആ ഗുരുമുഖേന കഴിഞ്ഞുകൂടി. അവൎക്കു മേലിൽ വരാനിടയുള്ള സ്ഥിതിഭേദങ്ങളെ അനുസരിച്ചു പ്രത്യേകമായുള്ള അഭ്യസനത്തിനും ജ്ഞാനസമ്പാദനത്തിനുമായി ഓരോ പ്രത്യേകവിഷ

യങ്ങളിൽ പ്രവേശിക്കാനുള്ള കാലവുമായി. ആൽബെട്ട് എഡ്വർഡ് രാജകുമാരൻ പ്രഥമപുത്രനായതുകൊണ്ടു് ഒരു കാലത്തു കിരീടാവകാശിയായി വരുമെന്നുള്ളതിനാൽ, അതിനു വേണ്ടുന്ന സാധാരണയോഗ്യതകളോടു കൂടി കരസൈന്യങ്ങളെ സംബന്ധിച്ചുള്ള അഭ്യാസ പരിജ്ഞാനങ്ങളുമുണ്ടായിരിക്കുന്നതു കൊള്ളാമെന്നായിരുന്നു വെയിത്സ്പ്രഭുവിൻെറ വിചാരം. അപ്രകാരം തന്നെ ജോർജ്ജുകുമാരൻ ശൈശവം മുതൽക്കേ കപ്പൽ, കടൽ എന്നിവയെപ്പററി പ്രത്യേകമൊരു പ്രതിപത്തി കാണിച്ചുവന്നിരുന്നതിനാൽ ആ പുത്രനേ നാവികസൈന്യത്തിൽ പ്രാധാന്യം സിദ്ധിക്കുവാൻ തക്കവണ്ണം കപ്പൽവേല പരിശീലിക്കുവാനയയ്ക്കുന്നതു നന്നായിരിക്കുമെന്നും പ്രഭു വിചാരിച്ചു. ആംഗ്ലേയരാജകുടുംബത്തിലേ കുമാരന്മാർ വെറും അടുത്തൂൺ പററിയോ കുടുംബംവക സ്വത്തുക്കളുടെ ആദായത്തിൽനിന്നു ചെലവു കഴിച്ചുകൊണ്ടോ ആയുഷ്ക്കാലത്തേ ഉല്ലാസത്തോടു കൂടി സസുഖം കഴിച്ചുകൂട്ടുക പതിവില്ല. ഓരോരുത്തരും രാജ്യത്തിനു പ്രയോജനകരങ്ങളായിട്ടുള്ള വിഷയങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ പ്രവേശിച്ചു് ഉന്നതസ്ഥാനത്തെ പ്രാപിക്കാൻ ശ്രമിക്കുകയാണു് പതിവു്; വിശേഷിച്ചും കിരീടാവകാശികളല്ലാത്തവർ അങ്ങനെയല്ലാതെ ഒരിക്കലും പ്രവൎത്തിക്കാറില്ലെന്നുള്ളതു പ്രത്യേകം സ്മരണീയവുമാണു്.

വെയിൽസ്പ്രഭു മേല്പറഞ്ഞ വിധമുള്ളതൻെറ വിചാരപ്രകാരം കുമാരന്മാരെ പ്രത്യേകം പ്രത്യേകം ഓരോ വിഷയങ്ങളിൽ പ്രവേശിപ്പിയ്ക്കാനായി ആലോചന തുടങ്ങി. തന്നിമിത്തം പിരിയാത്തസഖികളായിരുന്ന കുമാരന്മാർ വേർപിരിയേണമെന്നായതു അവൎക്കു വളരെ ദുസ്സഹമായി തോന്നി. അതിനാൽ അവരുടെ അപേക്ഷപ്രകാരം രണ്ടു കുമാരന്മാരും ഒരുമിച്ചു കുറച്ചുകാലം കപ്പലിൽത്തന്നെ ജോലി പരിചയിച്ചുകൊള്ളുവാൻ പ്രഭു

അനുവദിക്കുകയും അവർ രണ്ടുപേരും സന്തോഷപൂൎവ്വം അതിലേയ്ക്കായി പുറപ്പെടുകയും ചെയ്തു.

ഠരം കുമാരന്മാർ കപ്പലിൽ പ്രവേശിച്ചു ജോലി പരിചയിച്ചു തുടങ്ങിയതു ക്രിസ്തൃാബ്ദം ൧൮൭൯-ൽ ആയിരുന്നു. അവർ ആദ്യം ജോലി ആരംഭിച്ച കപ്പലിന്റെ പേരു "ബ്രിട്ടാനിയാ" എന്നായിരുന്നു. എഡ്വർഡ് കുമാരൻ പ്രകൃത്യാ ആരോഗ്യക്കുറവുള്ള ആളായിരുന്നു. എങ്കിലും കപ്പലിൽച്ചെന്നു കുറച്ചുദിവസം കഴിഞ്ഞപ്പോൾ അതു വളരെ ഭേദപ്പെട്ടു. കപ്പലിലെ വാസവും അതിലുള്ള ജോലിയും കടൽക്കാററിന്റെയും വ്യായാമത്തിന്റെയും ഗുണവുംകൊണ്ടു് ആ കുമാരനു സുഖവും ബലവും പ്രത്യക്ഷമാകുംവണ്ണം വളരെ വൎദ്ധിച്ചു.

ജോൎജ്ജു കുമാരനു തന്റെ ജോലിയിൽ അസാധാരണമായ താല്പൎയ്യവും ഉത്സാഹവുമുണ്ടായിരുന്നു. നമ്മുടെ കഥാനായകന്റെ ആ പ്രവൃത്തികൾ കണ്ടാൽ ഇദ്ദേഹം ഇതിനായിട്ടു തന്നെ ജനിച്ച ആളാണെന്നു തോന്നിപ്പോകുമായിരുന്നു. കപ്പലിൽ ചെയ്യേണ്ടുന്ന ജോലികൾ വളരെ ധീരതയോടും ക്ഷമയോടും ബുദ്ധിമുട്ടി ശ്രമപ്പെട്ടും വേണ്ടുന്നവയായിരുന്നു. എങ്കിലും ജോൎജ്ജ് കുമാരനു് ഇതെല്ലാം രസകരമായി തോന്നി. ഏതു വിഷയത്തിലും ഉത്സാഹവും താല്പൎയ്യവുമുണ്ടായാൽ പിന്നെ ഒന്നും ഭാരമായി തോന്നുകയില്ലല്ലോ.

ഠരം കുമാരന്മാരേ കപ്പലിൽ നിയമിച്ചപ്പോൾ അവിടെ ജോലി പരിചയിക്കാൻ വരുന്ന മററുള്ളവരെപ്പോലെ തന്നെ ഇവരും സകലജോലികളും ചെയ്യണമെന്നായിരുന്നു ചട്ടംകെട്ടിയിരുന്നതു്. രാജകുമാരന്മാരാണെന്നുവെച്ചു് ഒരു ഭേദഗതിയുമുണ്ടായിരുന്നില്ല. ഠരം കുമാരന്മാൎക്കു രണ്ടുപേൎക്കും കൂടി കിടന്നുറങ്ങുന്നതിനു പ്രത്യേകമൊരു മുറി അനുവദിച്ചുകൊടുത്തിരുന്നു എന്നുള്ളതു മാത്രമേ ഒരു വിശേഷമുണ്ടായിരുന്നുള്ളൂ.

രാവിലെ ൬ൽ മണി മുതൽ രാത്രി ൯ൽമണിവരെ രാജകു

മാരന്മാക്കു കപ്പലിൽ ജോലികളുണ്ടായിരുന്നു. അതിനിടയ്ക്കു ഭക്ഷണം, സാധാരണവിശ്രമം, വ്യായാമം എന്നിതുകൾക്കുള്ള സമയം മാത്രമേ ഒഴിവുണ്ടായിരുന്നുള്ളു. ഏതുഉഷ്ണത്തിലും തണുപ്പിലും പാതിരായ്ക്കും മദ്ധ്യാഹ്നത്തിലും പാമരത്തിന്റെ മുകളിലും കപ്പലിന്റെ വലിയ ഗുഹപോലെയുള്ള അടിത്തട്ടിലും ചെയ്യേണ്ടുന്ന ജോലികൾ വേറേ ഉണ്ടായിരുന്നവരേ പോലെ ഈ കുമാരന്മാരും നിർവ്വഹിക്കേണ്ടിയിരുന്നു. ജ്യേഷ്ഠരാജകുമാരൻ ഇവയിലെല്ലാം സർവ്വാത്മനാ പ്രവേശിച്ചു പ്രവൎത്തിച്ചുകൊണ്ടിരുന്നു. കപ്പലിൽനിന്നു കരയിലേയ്ക്കു പോകുവാൻ ഒരു വക ചെറിയ ബോട്ടു (മച്ചുപായ) കളുണ്ട്. അവയെ നാവികന്മാർ പലപ്പോഴും പാ കെട്ടിയും തണ്ടുപിടിച്ചും പന്തയംവെച്ച് ഓടിക്കുക പതിവായിരുന്നു. നമ്മുടെ കഥാനായകൻ പല പ്രാവശ്യം അതിൽ ജയിച്ചു വിരുതുകൾ വാങ്ങിട്ടുണ്ട്. ജോർജ്ജുകുമാരൻ കപ്പലിൽ ജോലി പരിചയിച്ചു തുടങ്ങിയതിന്റെ ശേഷവും ഒന്നു രണ്ടു സംവത്സരത്തേയ്ക്കു ബാല്യത്തിലേപ്പോലെ തന്നെ കുസൃതികളും നേരംപോക്കുകളും കാണിച്ചിരുന്നു. കപ്പൽജീവിതത്തിലുള്ള പല രസങ്ങളും സ്വാതന്ത്ര്യങ്ങളും പ്രയാസങ്ങളും ആപത്തുകളും എല്ലാം അവിടേയ്ക്കു് ഒരുപോലെ ഉത്സാഹകരങ്ങളായിരുന്നു. ഇങ്ങനെ സ്വാതന്ത്ര്യജീവിതത്തിലുള്ള രസംനിമിത്തം "ഞാൻ രാജാവാകുവാനുള്ള ആവശ്യമില്ലാത്തതു് എനിക്കു വലിയ സന്തോഷമാണ്" എന്നു് ഈ കുമാരൻ കുട്ടിക്കാലത്തു പറയാറുണ്ടായിരുന്നു.

കുമാരന്മാരുടെ ഗുരുവായ മിസ്റ്റർ ഡാൽററൻപാതിരിയും മൂന്നുനാലു സംവത്സരകാലം ഇവരോടു കൂടി കപ്പലിൽത്തന്നെ താമസിച്ചിരുന്നു. ഇവർ കപ്പലിൽ താമസിച്ചിരുന്നതു കപ്പിത്താന്റെ അധീനതയിലായിരുന്നു എങ്കിലും അവരുടെ മതകാൎയ്യപരിശീലനം, സാധാരണവിദ്യാഭ്യാസത്തിന്റെ പൂർത്തീകരണം മുതലായ സംഗതി

കളിൽ മിസ്റ്റർ ഡാൽററനേ പ്രത്യേകം ചുമതലപ്പെടു ത്തിയിരുന്നു. അതിനാൽ കുമാരന്മാർ അവയും ശരിയാ യി നടത്തിക്കൊണ്ടു തന്നെയാണ് അവിടെ താമസി ച്ചിരുന്നതു്. കപ്പലിൽവെച്ച് അവർ സമയമുള്ളപ്പോൾ ബ്രിട്ടീഷുനാവികസേനയേ സംബന്ധിച്ചുള്ള ചരിത്ര പുസ്തകങ്ങൾ വായിക്കുകയും യൂറോപ്പിൽ നടപ്പുള്ള ഫ്രെ ഞ്ച്,ജെമ്മൻ മുതലായ ഭാഷകൾ അഭ്യസിക്കുകയും ചെ യ്യുമ്പോ. നമ്മുടെ കഥാനായകൻ തന്റെ പ്രസന്നമാ യ മുഖം, കൃത്യനിഷ്ഠ, ഉത്സാഹശീലം എന്നിവകൊണ്ടു കപ്പലിലുണ്ടായിരുന്ന കൂട്ടുകാരുടെയും മേലുദ്യോഗസ്ഥ ന്മാരുടെയും പ്രീതിയേ സമ്പാദിച്ചിരുന്നു എന്നു് അന്നു കപ്പലിൽ ഉണ്ടായിരുന്നവർ തന്നെ സാക്ഷിപ്പെടുത്തി ട്ടുണ്ട്. ഏതു കൂട്ടത്തിലും പ്രധാനനായി തിരാനുള്ള ഒരു സാമത്ഥ്യം ആ കുമാരനു ജന്മസിദ്ധമായിട്ടു തന്നെ ഉ ണ്ടെന്നുള്ളതു പലതുകൊണ്ടും ആദ്യകാലത്തു തന്നെ വെ ളിപ്പെട്ടിട്ടുമുണ്ട്.

നമ്മുടെ കഥാനായകൻ "ബ്രിട്ടാനിയാ"കപ്പലിൽ താ മസിച്ചിരുന്ന കാലത്തുണ്ടായ രസകരങ്ങളായ ചില സംഗതികൾ കൂടി പറഞ്ഞിട്ട് ഈ ഭാഗം അവസാനിപ്പി ക്കാം.

ഒരിക്കൽ ഒരു തുറമുഖത്തുവെച്ച് ഇംഗ്ലീഷുസമ്പ്രദായ പ്രകാരം "ബോൾ" എന്നു പറയുന്ന ഒരു നടനത്തിനു ജോർജ്ജുരാജകുമാരനും ഹാജരായിരുന്നു. അവിടെവെച്ച് ഇദ്ദേഹമാരാണെന്നു് അറിയാതെ അടുത്തു സംസാരി ച്ച ഒരു യുവതി മറെറാരു മദാമ്മയെ ചൂണ്ടിക്കാണിച്ചു കൊണ്ടു്, "ഇതാ ആ സ്ത്രീയേ കണ്ടുവോ? അവളേക്കാ ൾ സുന്ദരിയായിട്ട് ഒരുസ്ത്രീ ഈ രാജ്യത്തില്ലെന്നാണ് പ റയുന്നതു്" എന്നു പറഞ്ഞു. ഉടനെ രാജകുമാരൻ "എ ന്തു്?, എന്നെ അങ്ങനെ വിശ്വസിപ്പിക്കാമെന്നാണോ നിങ്ങളുടെ വിചാരം? ഇംഗ്ലണ്ടിലുള്ള സ്ത്രീജനങ്ങളിൽ വെച്ച് അതിസുന്ദരി എന്റെ അമ്മയാണെന്നാണല്ലോ

സവ്വജനസമ്മതം" എന്നു പറഞ്ഞു. അതു കേട്ടപ്പോളാണ് ഇതു രാജകുമാരനാണെന്ന് ആ സ്ത്രീക്കു മനസ്സിലായത്. അലക്സാന്ദ്രാമഹാരാജ്ഞിയേപ്പററി ഇംഗ്ലണ്ടിൽ ഇങ്ങനെ ജനസമ്മതം ഉള്ളതു തന്നെയാണ്.

ചില ആളുകൾ മഹത്തുക്കളുടെ ഒപ്പും, ഓരോ പ്രത്യേകസംഗതികളേപ്പററി അവക്കുള്ള അഭിപ്രായങ്ങളും മററും അവരുടെ കൈപ്പടയിൽ തന്നെ എഴുതിയതും മററും ശേഖരിക്കുന്നതിനു വളരെ കൌതുകമുള്ളവരാണ്. അപ്രകാരമുള്ള ഒരാൾ ഒരിക്കൽ നമ്മുടെ കഥാനായകന്റെ അടുക്കൽ ചെന്നുചേന്നു. അയാൾ അയാളുടെ നോട്ടുബുക്കിൽ ചില സംഗതികൾ രാജകുമാരനേക്കൊണ്ട് എഴുതിച്ചു വാങ്ങി. അവ ചില ചോദ്യങ്ങളുടെ ഉത്തരങ്ങളായിരുന്നു. ആ ചോദ്യോത്തരങ്ങൾ താഴെ കാണുന്നവയാണ്.

ചോ — പുരുഷന്മാക്ക് ഏററവും നല്ലതായിട്ടുള്ള പേര് ഏതാണ്?

ഉ — ആൽബെട്ട് എഡ്വാർഡ്.

ചോ — സ്ത്രീകൾക്ക് ഏററവും യോഗ്യമായിട്ടുള്ള പേര് ഏതാണ്?

ഉ — അലക്സാന്ദ്രാ.

ചോ — രാജകുമാരന് ഇനി മററാരെങ്കിലുമായിത്തീരാൻ കഴിയുമെങ്കിൽ ആരാകുവാനാണ് അധികം സന്തോഷം?

ഉ — എന്റെ പിതാവ്.

ചോ — അവിടുത്തെ പ്രമാണ (മുദ്രാ) വാക്യം എന്താണ്?

ഉ — "ഇക് ഡീയിൻ" (ഞാൻ ദാസൻ)

"ധമ്മോസ്മൽ കുലദൈവതം" എന്നു നമ്മുടെ തിരുവിതാംകൂർമഹാരാജാവുതിരുമനസ്സിലേ പ്രമാണവാക്യം (മുദ്രാവാചകം) ആയിരിക്കുന്നതുപോലെ ഇതു വെയിത്സ്പ്രഭുക്കന്മാരുടെ പ്രമാണവാക്യമാണ്.

ഇനി മറെറാരു കഥ പറയാം. ജോൎജ്ജു രാജകുമാരനു സ്റ്റാമ്പുകൾ ശേഖരിക്കുന്നതിൽ വളരെ ഭ്രമമുണ്ടായിരുന്നു. സ്റ്റാമ്പുകളുടെ മാതിരിക്ക് എത്രമാത്രം വ്യത്യാസമുണ്ടായിരിക്കുന്നുവോ, അത്രയും കൌതുകം കുമാരന് അവ ശേഖരിക്കുന്നതിൽ കൂടുതലായിരിക്കുന്നതുമാണ്. ഈ സ്വഭാവം അവിടേയ്ക്കു് ഇപ്പോഴും വിട്ടുപോയിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരിക്കൽ കപ്പലിൽവെച്ച് ഒരു വലിയ ധനവാൻ ഈ കുമാരനു സ്റ്റാമ്പുകളിൽ ഭ്രമമുണ്ടെന്ന് അറിയുകയാൽ തന്റെ കൈവശമുണ്ടായിരുന്ന വിശേഷപ്പെട്ട പല മാതിരിയിലുള്ള ചില സ്റ്റാമ്പുകളെടുത്തു രാജകുമാരനു കൊടുത്തു. കുമാരൻ അവ സന്തോഷസമേതം വാങ്ങി തന്റെ സ്റ്റാമ്പുപുസ്തകത്തിൽ വെച്ചിട്ട് അതിനു പകരം വേറെ സ്റ്റാമ്പുകളെടുത്ത് ആ ധനവാനു കൊടുക്കാൻ ഭാവിച്ചപ്പോൾ അയാൾ, "എന്റെ സ്റ്റാമ്പുകൾ ഞാൻ വിലയ്ക്കു തരികയില്ല. സമ്മാനമായിട്ടേ തരികയുള്ളൂ" എന്നു പറഞ്ഞു. ഉടനെ നമ്മുടെ കഥാനായകൻ ദുഃഖത്തോടുകൂടി സ്റ്റാമ്പുപുസ്തകം തുറന്ന് ആ സ്റ്റാമ്പുകളെടുത്ത് അയാളുടെ കയ്യിൽ തിരിയേ കൊടുത്തിട്ട് ഒരക്ഷരംപോലും മിണ്ടാതെ നടന്നുകളഞ്ഞു.

ഈ കഥകളിൽനിന്നു രാജകുമാരന്റെ പിതൃജനഭക്തി, കുഡുംബാഭിമാനം, സദാചാരം, മുതലായ പല സ്വഭാവവിശേഷങ്ങൾ നമുക്കു ഗ്രഹിക്കാമല്ലൊ.

൩ാം അദ്ധ്യായം.

നാവികാഭ്യാസത്തുടൎച്ചയും ദേശാടനവും.

"ബ്രിട്ടാനിയാ"ക്കപ്പലിലേ നിശ്ചിതകാലം കഴിഞ്ഞതിന്റെ ശേഷം കപ്പൽജോലി പരിചയിക്കുന്നതിനോടുകൂടി കുറെ ദേശസഞ്ചാരവും ചെയ്യുന്നതു രാജകുമാരന്മാൎക്കു നല്ലതാണെന്നു കരുതി അതിനായിട്ടു വേണ്ട ചട്ടംകെട്ടുകൾ ചെയ്തു. "ബക്കാൻറി" എന്നു പേരായ ഒരു

യുദ്ധക്കപ്പലിലാണ് ദേശസഞ്ചാരവും അഭ്യസനവും നടത്താൻ നിശ്ചയിച്ചത്. ആ കപ്പലിൽ ആകെ ൬൦൦ ആളുകളും ൧൭ വലിയതോക്കുകളും ജോലി പരിചയിക്കാൻ വന്നുചേൎന്നിട്ടുള്ളവരായി രാജകുമാരന്മാരേ കൂടാതെ വേറെ നാലുപേരും ഉണ്ടായിരുന്നു. ഇവൎക്ക് ആറുപേൎക്കും നാവികവകുപ്പിലുള്ള കീഴ്തരമുദ്യോഗമായ "കേഡററ്" എന്ന സ്ഥാനമായിരുന്നു. മുൻപു ബ്രിട്ടാനിയായിൽ താമസിച്ചിരുന്നപ്പോഴത്തെപ്പോലെ ഈ കപ്പലിലും രാജകുമാരന്മാർ മററുള്ളവരോടൊപ്പം സകലജോലികളും ചെയ്യേണ്ടിയിരുന്നു. മററുള്ളവരിൽനിന്ന് ഇവൎക്കുണ്ടായിരുന്ന വിശേഷം, ഈ ജോലികൾക്കു പുറമേ സാധാരണ വിദ്യാഭ്യാസം കൂടി കഴിച്ചുകൂട്ടേണ്ടിയിരുന്നു എന്നുള്ളതു മാത്രമാണ്. ജോൎജ്ജുരാജകുമാരന്, യഥാൎത്ഥമായ അറിവുകൊണ്ടും സാമൎത്ഥ്യംകൊണ്ടും നാവികസൈന്യത്തിൽ ഉപൎയ്യുപരി കയററം കിട്ടണമെന്നുള്ള ആഗ്രഹം ആരംഭകാലം മുതൽക്കു തന്നെ ഉണ്ടായിരുന്നു. താൻ രാജകുമാരനായതുകൊണ്ടു പേരിനു മാത്രം വല്ലതുമൊരു സ്ഥാനം എളുപ്പത്തിൽ സമ്പാദിച്ചുകൊണ്ടു പോയാൽ മതി എന്നല്ലായിരുന്നു നമ്മുടെ കഥാനായകന്റെ വിചാരം.

രാജകുമാരന്മാർ തങ്ങളുടെ പിതാവായ വെയിൽസു പ്രഭുവിനേ വേറൊരു കപ്പലിൽവെച്ചു കണ്ടു യാത്രപറഞ്ഞുകൊണ്ടാണ് ദേശസഞ്ചാരത്തിനു പുറപ്പെട്ടതു. ൧൮൭൯-ൽ ആഗസ്റ്റ്മാസം ൧൭-ാംനു- ആരംഭിച്ചതായ ആ കപ്പൽയാത്ര ഏകദേശം മൂന്നു സംവത്സരകാലത്തേയ്ക്കുണ്ടായിരുന്നു. ഈ യാത്രയിൽ വെസ്റ്റിൻഡ്യാദ്വീപുകൾ, ജാപ്പാൻ, തെക്കേ അമേരിക്കാ, തെക്കേ ആഫ്രിക്കാ, ചൈനാ, ആസ്റ്റ്രേലിയാ, ഈജിപ്ററ്, ക്രിസ്ത്യാനികളുടെ പുണ്യഭൂമിയായ പാലസ്റ്റൈൻ എന്നീ രാജ്യങ്ങളെല്ലാം അവർ സന്ദൎശിച്ചു. ഇവിടങ്ങളിലെല്ലാം അവർ വെറുംകാഴ്ചകൾ കണ്ടു രസിച്ചു സഞ്ചരിക്കുക മാത്രമ

ല്ലായിരുന്നു. ഒന്നാമതു, ബ്രിട്ടിഷുസാമ്രാജ്യം വിവിധ ജാതിമതസ്ഥന്മാരും അനേകം രാജ്യക്കാരും പല വംശക്കാരുമായ ഏറിയോരു ജനങ്ങൾ ഉൾപ്പെട്ടിട്ടുള്ളതും ലോകത്തിൻെറ നാനാഭാഗങ്ങളിലും വ്യാപിച്ചിട്ടുള്ളതുമാണു്. പിന്നെ, ബ്രിട്ടിഷുകാൎക്കു് അന്യരാജ്യക്കാരുമായി പലവിധത്തിലുള്ള സംബന്ധങ്ങളുണ്ടു്. ഈ വക സംഗതികളെപ്പററിയും മററും വിശദമായ ഒരു സ്വരൂപജ്ഞാനം തക്കതായ പ്രായത്തിൽ തങ്ങളുടെ ഹൃദയത്തിൽ ദൃഢമായി പതിയണമെന്നുള്ള ഉദ്ദേശം കൂടി ഈ സഞ്ചാരത്തിൽ രാജകുമാരന്മാൎക്കും മാതാപിതാക്കന്മാൎക്കും മററുമുണ്ടായിരുന്നു. അതിനാൽ ഈ യാത്രയിൽ കാണുന്നതും അറിയുന്നതുമായ സകലസംഗതികളും പ്രതിദിനം ഡയറിയിൽ എഴുതണം എന്നൊരേൎപ്പാടു നിബ്ബന്ധപൂൎവ്വം അവർ നിശ്ചയിച്ചിരുന്നു. കടലിലോ, കരയ്ക്കോ, കൂടാരത്തിലോ, മേടയിലോ, കാട്ടിലോ, നാട്ടിലോ എവിടെ ആയാലും മുടക്കം കൂടാതെ അവരതു ചെയ്തുംവന്നു. ചിലപ്പോൾ കുതിരപ്പുറത്തിരുന്നുംമററും കുറിപ്പുകൾ എഴുതിയിട്ടു പിന്നീടു വിസ്തരിച്ചെഴുതുക ആയിരുന്നു. തങ്ങൾ കാണുന്ന മനുഷ്യവൎഗ്ഗങ്ങളേയും സ്ഥലങ്ങളെയും അവയെപ്പററിയുള്ള സംസാരങ്ങളിൽനിന്നും മററുമുണ്ടാകുന്ന അറിവുകളെയും ഓരോന്നിനേകുറിച്ചു തങ്ങളുടെ മനസ്സിലുണ്ടാകുന്ന വിചാരങ്ങളേയും മററും പററി ആ ഡയറിയിൽ എഴുതിയിട്ടുണ്ടു്. ഇത്രയും പറഞ്ഞതുകൊണ്ടു, പതിനാറു വയഃസ്സോടടുത്ത പ്രായക്കാരായ ഇവർ ആ സ്ഥിതിവിട്ടു പ്രായംതികഞ്ഞവരെ പോലെ കാൎയ്യങ്ങളന്വേഷിക്കുകയോ ഗ്രഹിക്കുകയോ ചെയ്തു എന്നു് ആരും തെററിദ്ധരിക്കേണ്ടാ. അവരുടെ പ്രായത്തിനു ചേൎന്നവിധം ഇതെല്ലാം ചെയ്തു എന്നേ ഇതിനൎത്ഥമുള്ളൂ.

രാജകുമാരന്മാർ ചെന്നിരുന്ന ബ്രിട്ടിഷുസ്ഥലങ്ങളിലും, വിശേഷിച്ചും ബ്രിട്ടീഷധികാരത്തിൽ പെട്ട ഏത

ദ്ദേശ്യജാതിക്കാരുടെ ഇടയിലും വിക്ടോറിയാമഹാരാജ്ഞിയുടെ പൌത്രന്മാരെന്ന നിലയിൽ എല്ലാവരും ഇവരെ സ്വീകരിക്കുകയും രാജോചിതങ്ങളായ ആഡംബരങ്ങളൊന്നും കൂടാതെയെങ്കിലും ബഹുമതിപൂർവ്വം സല്ക്കരിക്കുകയും ചെയ്തു. വെസ്റ്റിൻഡ്യാദ്വീപുകളിലെ നീഗ്രോജാതിക്കാർ ഇവരെക്കുറിച്ചു പ്രദർശിപ്പിച്ച ആദരവും ബഹുമാനവും വളരെ വിസ്മയകരങ്ങളായിരുന്നു. രാജകുമാരന്മാരെ ബഹുമാനിക്കാനായി അവർ വഴിയിൽ കാത്തു നിന്നിരുന്നു. അപ്പോൾ കടന്നുപോയ ഒരു വണ്ടി കണ്ട് അതു രാജകുമാരന്മാർ കയറിയിരിക്കുന്ന വണ്ടിയാണെന്നു വിചാരിച്ച് അവർ പിന്നാലെ ഓടിച്ചെന്ന് ആ വണ്ടിയുടെ ചക്രങ്ങളിലും മററും കെട്ടിപ്പിടിച്ചു ചുംബിച്ചു. പക്ഷേ രാജകുമാരന്മാർ കയറിരുന്ന വണ്ടി അതല്ലായിരുന്നു. അത് അതിൻെറ പിന്നാലെ വരികയായിരുന്നു. കുമാരന്മാർ ആസ്ത്രേലിയായിൽ വെച്ച് ഒരു നായാട്ടു ചെയ്യുകയുണ്ടായി. അവിടെ സഞ്ചിമൃഗങ്ങൾ ധാരാളമുള്ളതിനാൽ പ്രധാനമായി അവർ അവയെയാണ് വേട്ടയാടിയത്. അവയിൽ ഒന്നാമതു കൊന്ന മൃഗത്തിൻെറ സഞ്ചി എടുപ്പിച്ച് അവർ തങ്ങളുടെ അമ്മയ്ക്കു കാഴ്ചയായി അയച്ചുകൊടുത്തു. അവിടെ നാനൂറും നാനൂററിരുപതും അടിവരെ താഴ്ചയുള്ള സ്വർണ്ണഖനികൾ ഉള്ളതിൽ ഒന്നിൽ രാജകുമാരന്മാർ അടിയിലോളം ഇറങ്ങിനോക്കുകയും ചില ഖനികളിൽനിന്നു സ്വയമേവ സ്വർണ്ണമണ്ണു വെട്ടിയെടുത്തു പരിശോധിക്കുകയും ചെയ്തതു് അവർക്കു വളരെ രസകരമായിരുന്നു.

ആസ്ത്രേലിയായിലെ വനങ്ങളിൽവെച്ചും മററും ലഭിച്ച പാൽ, വെണ്ണ മുതലായ സാധനങ്ങൾ കുമാരന്മാർക്കു കൊട്ടാരത്തിൽവെച്ചു പതിവായി കിട്ടുന്ന വിശേഷപ്പെട്ട പദാർത്ഥങ്ങളെക്കാൾ ആസ്വാദ്യതരങ്ങളായി തോന്നി.

ഇവർ ജാപ്പാനിൽ ചെന്നു ചക്രവർത്തിയേയും ചക്ര

വത്തിനിയേയും കാണുകയും ആസ്ത്രേലിയായിലേ നായാട്ടിൽ ജീവനോടു കൂടി പിടിച്ചതും ഏററവും കൌതുകപ്രദവുമായ ഒരുമാതിരി സഞ്ചിമൃഗത്തേ ചക്രവത്തിനിക്കു സമ്മാനമായി കൊടുക്കുകയും ചെയ്തു. ജാപ്പാൻ ചക്രവത്തിക്കും ചക്രവത്തിനിക്കും ഈ കുമാരന്മാരേ കണ്ടതിലുണ്ടായ സന്തോഷം വളരെ ആയിരുന്നു. അവർ കുമാരന്മാരേ യഥായോഗ്യം സ്വീകരിച്ച് ആദരപൂർവ്വം സല്ക്കരിക്കുകയും വളരെ നേരം സൈ്വരസല്ലാപം ചെയ്യുകയും ചെയ്തു.

നമ്മുടെ രാജകുമാരന്മാർ ജാപ്പാനിൽനിന്നു തിരിച്ച് ഇംഗ്ലണ്ടിലേക്കു പോയ വഴിക്കാണ് ലങ്ക, ഈജിപ്ത്, പാലസ്റ്റേൻ എന്നീ രാജ്യങ്ങൾ സന്ദശിച്ചതു്. ക്രൈസ്തവക്കു വിശുദ്ധനാടായ പാലസ്റ്റൈനിൽവച്ചു വേദചരിത്രത്തിലും പ്രത്യേകം ക്രിസ്തു ചരിത്രത്തിലും, സുപ്രസിദ്ധങ്ങളായ പല സ്ഥലങ്ങൾ വളരെ ഭക്തിയോടും കൌതുകത്തോടും കൂടിയായിരിക്കണം ഇവർ സന്ദശിച്ചതു്.

ബ്രിട്ടീഷുരാജകുമാരന്മാരിൽ സാമ്രാജ്യത്തിൻെറ ഓരോ ഭാഗങ്ങളേയും പററിയുള്ള പരിജ്ഞാനം നമ്മുടെ ഇപ്പോഴത്തേ ചക്രവത്തിയേ പോലെ മററാക്കും ഇല്ലായിരുന്നു എന്നുള്ളതു സവ്വസമ്മതമാണല്ലൊ. ഈ പരിജ്ഞാനത്തിൻെറ ആരംഭം രാജകുമാരന്മാർ രണ്ടുപേരും കൂടി "ബെക്കാൻറി" എന്ന കപ്പലിൽ ചെയ്ത യാത്രയിലാണ്. നമ്മുടെ കഥാനായകൻ ഈ കപ്പലിൽ യാത്ര ചെയ്യുകയും ആ അവസരത്തിൽ ഇത്ര വളരെ സ്ഥലങ്ങൾ ഇപ്രകാരം സന്ദശിക്കുകയും ചെയ്തതുമൂലം സിദ്ധിച്ച അഭ്യാസവും പരിജ്ഞാനവും ഇത്രമാത്രം വിലയുള്ളതായി തീരുന്നതിനുമുള്ള ഒരു പ്രധാനകാരണം, താൻ ഇനിയൊരു കാലത്തു രാജ്യാധിപതിയായി തീരുമെന്നുള്ള വിചാരം തനിക്കും മററുള്ളവക്കും അക്കാലത്തു ലേശംപോ

ലും ഇല്ലാതെയിരുന്നതു തന്നെയാണെന്നുള്ളതിനു സംശയമില്ല.

ഠരം ദേശസഞ്ചാരം കഴിഞ്ഞപ്പോഴേയ്ക്കു ജോൎജ്ജ് കുമാരൻ നാവികന്മാൎക്ക് അവശ്യം ഉണ്ടായിരിക്കേണ്ടുന്നവയായ മിക്ക അറിവുകളേയും സമ്പാദിക്കുകയും ആ വക പല പരിക്ഷകൾ ജയിക്കുകയും ചെയ്തു.

൫ാം അദ്ധ്യായം.

യൌവനാരംഭം.

൧൮൮൩ ആഗസ്റ്റ മാസം ൫ാംനു- മാതാപിതാക്കന്മാർ രാജകുമാരന്മാരെ വിക്ടോറിയാമഹാരാജ്ഞിയുടെ അടുക്കൽ ഓസ്ബോൺകൊട്ടാരത്തിൽ കൊണ്ടുചെല്ലുകയും ആംഗ്ലിക്കൻസഭയിലെ ശ്രേഷ്ഠാധികാരിയായ ആൎച്ച്ബിഷോപ്പ ഡോക്ടർ ടെയിററിൻെറ പരിശോധനാനന്തരം "സ്ഥിരീകരണം" എന്ന ദിവ്യവരത്തേ അവർ സ്വീകരിക്കുകയും ചെയ്തു. സ്ഥിരീകരണം എന്നതിൻെറ അൎത്ഥം, ആത്മീയങ്ങളായും ലൌകികങ്ങളായും തങ്ങൾക്കുള്ള ചുമതലകളേയും പദവികളേയും പററി തങ്ങൾക്കു തന്നെ ബോധം വന്നിട്ട് അവയെ തങ്ങൾ തന്നെ കയ്യേററു യോഗ്യമാകുംവണ്ണം ആജീവനാന്തം പ്രവൎത്തിച്ചുകൊള്ളാമെന്നു ദൈവാലയത്തിൽ ദൈവസന്നിധിയിൽ വെച്ച പ്രതിജ്ഞ ചെയ്യുകയും വൈദികശ്രേഷ്ഠൻെറ ആശിൎവ്വാദംമൂലം അതിനു ദൈവകൃപയെ പ്രാപിക്കുകയും ചെയ്ക എന്നാകുന്നു. ഇതു് ആംഗ്ലേയസഭയിൽ ഒരാളേ പൂൎണ്ണമായി സ്വീകരിക്കുന്നതിനു മുൻപ സാധാരണമായി നടത്താറുള്ള ഒരു കൎമ്മമാണ്. ഇതു രാജാക്കന്മാൎക്കു മാത്രമല്ല, സഭയിൽ ഉള്ള എല്ലാവൎക്കും വേണ്ടതാകുന്നു. ഠരം അവസരത്തിൽ ആൎച്ച്ബിഷോപ്പു രാജകുമാരന്മാരേ ഉദ്ദേശിച്ചു ചെയ്ത പ്രസംഗത്തിൻെറ ഒരു ഭാഗം താഴെ ചേൎക്കുന്നു.

"നല്ല ഒപ്പനിരപ്പായിട്ടുള്ള സ്ഥലത്തു പാഥ ഉണ്ടാക്കുന്നതിന് എൻജിനീയറിംഗ്ശാസ്ത്രത്തിൻെറ സഹായം അത്ര വേണമെന്നില്ല. അപ്രകാരം തന്നെ നല്ല തെളിവുള്ള വേനൽക്കാലത്തു കപ്പലോടിക്കുന്നതിനു കപ്പൽക്കാരുടെ അഭ്യാസ വൈഭവവും അത്ര ആവശ്യകമായിരിക്കുന്നില്ല. അങ്ങനെയുള്ള കപ്പൽയാത്രകൊണ്ട് ഉപയോഗയോഗ്യമായ പരിശീലനം സിദ്ധിക്കുന്നുമില്ല. നിങ്ങൾക്കു മനസ്സിൻെറ ഉന്മേഷത്തെ കുറയ്ക്കത്തക്കവണ്ണം വന്നു ചേരുന്ന പരീക്ഷകൾക്കു നിങ്ങൾ അധീനന്മാരാകാതെ സൂക്ഷിക്കുന്നതു വളരെ ആവശ്യമാണ്. ഒരു ക്രിസ്ത്യാനി ക്രിസ്തുവിൻെറ ഭടനാകുന്നു. അവൻെറ ജീവിതം ഒരു യുദ്ധവുമാണ്. ശ്രേഷ്ഠങ്ങളായ ജീവിതോദ്ദേശ്യങ്ങളോടു കൂടി കാലത്തെ നയിക്കേണമെന്നു നിശ്ചയിച്ചു തുടങ്ങുന്നവക്കു ധാരാളം ദുഘടങ്ങളുണ്ടായിക്കൊണ്ടിരിക്കുമെന്നു ദൈവത്തിനറിയാം. നല്ല കാര്യങ്ങളെല്ലാം ശ്രമസാദ്ധ്യങ്ങളായിട്ടു ഇരിക്കയുള്ളു. അവയിലുണ്ടാകുന്ന ദുഘടങ്ങളെ ജയിക്കുന്നതിലാണ് ക്രൈസ്തവജീവിതത്തിൻെറ ശിക്ഷാക്രമം (പരിശീലനം) അടങ്ങിയിരിക്കുന്നതു്. അതിനാൽ ധമ്മനിഷ്ഠ— ക്രൈസ്തവധമ്മനിഷ്ഠ, സവ്വപ്രധാനമാണെന്നുള്ളതു തന്നെ വീണ്ടും പറയേണ്ടിയിരിക്കുന്നു. അങ്ങനെ ധമ്മപ്രതിജ്ഞയോടു കൂടിയുള്ള ജീവിതമാണ് എല്ലാപ്രകാരത്തിലും ഏററവും ഭാഗ്യപരിപൂണ്ണമായിരിക്കുന്നതു്."

സ്ഥിരീകരണാനന്തരം നമ്മുടെ കഥാനായകൻ പല കപ്പലുകളിലായി ഓരോരോ ഉദ്യോഗങ്ങൾ വഹിച്ച് ഓരോ പടി ഉയന്നുയന്ന് ഒടുക്കം "കാപ്റ്റൻ" എന്നുള്ള സ്ഥാനം വരെ എത്തി. ഇതു ക്രിസ്താബ്ദം ൧൮൯൩-ലാണ്. ഇതിനിടയ്ക്കു ൧൮൯൨മാണ്ടു തൻെറ പ്രിയപ്പെട്ട ജ്യേഷ്ഠഭ്രാതാവു് അകാലനിയ്യാണത്തെ പ്രാപിച്ചുപോവുകയാൽ കുമാരന് ഉദ്യോഗസംബന്ധമായി ഉണ്ടായിരുന്ന അഭിലാഷങ്ങളെല്ലാം നിഷ്ഫലങ്ങളായിത്തീന്നു.

ആൽബെട്ട് എഡ്വെഡ്സ് കുമാരൻെറ നിയ്യാണത്തോടു കൂടി നമ്മുടെകഥാനായകൻ എന്നെങ്കിലും ഒരു കാലത്തു കിരീടാവകാശിയായി ഭവിക്കുമെന്നുള്ളതു തീച്ചപ്പെട്ടു പോയല്ലോ.

ജോജ്ജ് രാജകുമാരൻെറ ഉദ്യോഗനടപടികൾ ഏററവും ശ്രേഷ്ഠങ്ങളും ആദരണീയങ്ങളുമായിരുന്നു എന്നുള്ളതിന് അക്കാലത്ത് അവിടുത്തെ മേലും കിഴിലുമായി ഉദ്യോഗം വഹിച്ചിരുന്നവർ തന്നെ ഉത്തമസാക്ഷികളാണ്. ഉദ്യോഗപദവികൊണ്ടുള്ള ഒരു ഊററമോ താൻ രാജകുമാരനാണെന്നുള്ള ഒരഹംഭാവമോ നമ്മുടെ കഥാനായകനു ലേശംപോലുമുണ്ടായിരുന്നില്ല. താൻ ചെയ്യേണ്ടുന്ന ജോലികൾ ശരിയായി ചെയ്യാതെ ഒഴിഞ്ഞുകളയുന്ന സമ്പ്രദായവും അവിടേക്ക് ഉണ്ടായിരുന്നില്ല. തൻെറ കീഴിലുള്ളവരോട് അവിടേയ്ക്കു വളരെ ദയ ഉണ്ടായിരുന്നുവെങ്കിലും കണിശം വിട്ടു യാതൊന്നും അവിടുന്നു ചെയ്യാറില്ലായിരുന്നു. കുററം ആരുടെപേരിൽ കണ്ടാലും നമ്മുടെ കഥാനായകൻ അവരെ വെറുതേ വിടാറില്ല. എന്നാൽ, അവക്കു തക്കതായ സമാധാനം പറയാനുണ്ടെങ്കിൽ അതു കേൾക്കുന്നതിനു തയ്യാറുമായിരുന്നു. ആദ്യമായി കാണുന്ന ഒരു മാതിരി കുററത്തിനു "മേലാൽ ഇങ്ങനെ വരരുത്" എന്നു പറഞ്ഞു വിടുകയല്ലാതെ അവിടുന്ന് ആരെയും ശിക്ഷിക്കാറില്ല. പിന്നീടു തൃപ്തികരമായ നടപടി കാണുന്നപക്ഷം പ്രത്യേകം സന്തോഷം പ്രദശിപ്പിയ്ക്കയും ചെയ്യും. ഒരിയ്ക്കൽ തുടരെയുണ്ടായ കുററങ്ങൾ നിമിത്തം തടവിനു വിധിയ്ക്കപ്പെട്ട ഒരു നാവികനെ തൻെറ കപ്പലിൽ കയററികൊണ്ടുപോയപ്പോൾ, രാജകുമാരൻ ആ ആളെ നോക്കിയിട്ട് എന്തോ, നന്നാകുവാൻ തക്ക ലക്ഷണങ്ങൾ അവൻെറ മുഖത്തു കണ്ടു് അനുകമ്പ തോന്നി "എന്തു ചെയ്യാം" എന്നു വിചാരിച്ചു. ശിക്ഷയുടെ അവധി കഴിഞ്ഞപ്പോൾ അയാൾക്കു നടത്തയെ ശരിപ്പെടുത്തി

നല്ല പേർ വീണ്ടും സമ്പാദിപ്പാൻ അവസരം ഉണ്ടാക്കിക്കൊടുത്തു. അയാൾക്കു ശമ്പളം വകയിൽ ഒന്നും ചെല്ലുവാനില്ല എന്നു ഗ്രഹിപ്പിച്ചുംവച്ചു, സ്വന്തം വകയിൽനിന്നു് ഒരു പവൻ എടുത്തു കൊടുത്തിട്ടു് ഇപ്രകാരം പറഞ്ഞു. "ഇതു ദുർവ്യയം ചെയ്വാൻ തുറമുഖത്തു പല പരീക്ഷകൾ ഉണ്ടു്. അതിനിടവരികയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. തന്റെ പേരിൽ ഇതുവരെയുണ്ടായിട്ടുള്ള കുററങ്ങൾ ഒന്നും ഇല്ലാത്തതുപോലെ ഗണിച്ചു് ഇനിയും ഞാൻ തനിക്കു് എന്റെ കപ്പലിൽ ജോലി തരുന്നതാണു്. മേലാൽ എങ്ങനെ വർത്തിക്കുമെന്നുള്ളതിനെ പററി താൻ വാഗ്ദാനമൊന്നും ഇപ്പോൾ ചെയ്യേണ്ടാ. തന്റെ ഗുണദോഷവിവേകത്തിനും ആത്മാഭിമാനത്തിനും തക്കവണ്ണം ചെയ്തുകൊണ്ടാൽ മതി." ആയുസ്സ് പാഴിലായി പോകയല്ലാതെ ഗത്യന്തരമില്ലാതിരുന്ന ആ നാവികനു രാജകുമാരന്റെ ദയയും മഹാമനസ്കതയും മനുഷ്യസ്വഭാവജ്ഞാനവും പ്രത്യക്ഷപ്പെടുത്തുന്നതായ പെരുമാററം എത്ര വലിയ അനുഗ്രഹമായിരുന്നു എന്നുള്ളതു പറയേണമെന്നില്ലല്ലോ.

കപ്പലിൽ പണിയ്ക്കായി അഭ്യസിപ്പിയ്ക്കപ്പെടുന്ന ഒരു പാഠകശാലയിലെ വിദ്യാർത്ഥികളോടു "ലിവർപൂൾ" എന്ന തുറമുഖത്തുവെച്ചു രാജകുമാരൻ ചെയ്തു ഒരു പ്രസംഗത്തിന്റെ ഒരു ഭാഗം ഇവിടെ ഉദ്ധരിക്കുന്നു.

"ഞാൻ ഇരുപതു സംവത്സരം ഇടവിടാതെ കപ്പലിൽ പരിചയിച്ചിട്ടുള്ള ഒരാളാകയാൽ നിങ്ങൾക്കു് അവശ്യം ഉണ്ടായിരിക്കേണ്ടവയായ ചില സ്വഭാവഗുണങ്ങളെപ്പററി ചിലതെല്ലാം ഉപദേശിച്ചുതരുന്നതിനു് എനിക്കു് അർഹത ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു. എന്റെ ഗുണദോഷവചനത്തെ നിങ്ങൾ സ്വീകരിച്ചു നിങ്ങളുടെ നടപടിയിൽ ആക്കുന്നതായാൽ നിങ്ങൾക്കു ജോലിയിൽ ഉള്ള ജയം നിശ്ചയമാകുന്നതിനു് അവ വളരെ സഹായിക്കുന്നതായിരിക്കും. ആ

സ്വഭാവഗുണങ്ങൾ—സത്യം, അനുസരണം, ശുഷ്കാന്തി എന്നിവ ആകുന്നു. നിങ്ങൾക്കു സത്യമുണ്ടായിരുന്നാൽ നിങ്ങളുടെ കീഴിലുള്ളവക്കു നിങ്ങളെക്കുറിച്ചു വിശ്വാസമുണ്ടാകും. അപ്രകാരം തന്നെ നിങ്ങൾക്കു് അനുസരണമുണ്ടായിരുന്നാൽ നിങ്ങളുടെ മേലുള്ളവക്കും നിങ്ങളെ പററി വിശ്വാസമുണ്ടാകും. ശുഷ്കാന്തി എന്ന ഗുണത്തെ ഞാൻ ഇവിടെ ഒടുവിലാണു് പറഞ്ഞിരിക്കുന്നതു്. എങ്കിലും അതിനു് കൊടുക്കേണ്ടതു് ഒടുവിലത്തെ സ്ഥാനമല്ല. എന്തുകൊണ്ടെന്നാൽ ശുഷ്കാന്തി ഇല്ലാത്ത ഒരു കപ്പല്ക്കാരൻ ആ വേലകൊണ്ടു് ഉപജീവിപ്പാൻ യോഗ്യനല്ല."

ഈ ഉപദേശം ഏതു തൊഴിലിലും ഉദ്യോഗത്തിലും സ്ഥാനത്തിലും പ്രവേശിപ്പാനുദ്ദേശിക്കുന്ന വിദ്യാൎത്ഥികൾക്കും ഒരുപോലെ ഉപയുക്തവും സാരഗൎഭവുമാകുന്നു എന്നുള്ളതിനു സംശയമില്ലല്ലോ.

വലിയ യുദ്ധക്കപ്പലുകളിൽ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ഒരു വൈദികനുമുണ്ടായിരിക്കുന്നതാണു്. എന്നാൽ എല്ലാത്തരക്കപ്പലുകളിലും കാണുകയില്ല. ജോൎജ്ജ് കുമാരൻ കപ്പിത്താനായിരുന്ന ഒരു കപ്പലിൽ ഇങ്ങനെ ഒരു വൈദികനില്ലാതിരുന്നതിനാൽ ഞായറാഴ്ചതോറും കപ്പലിൽ ദൈവാരാധന നടത്തേണ്ട ചുമതല കപ്പിത്താനായിരുന്നു. ഈ മുറയെ അവിടുന്നു് അല്പവും നിസ്സാരമായി ഗണിക്കുകയോ അതു നടത്തുന്നതിൽ ഉദാസീനനായിരിക്കുകയോ ചെയ്തില്ല. ഭംഗിയായും ഭക്തിപൂൎവ്വമായും ശുശ്രൂഷ നടത്തുന്നതിനു താൻ തന്നെ ജാഗരൂകനായിരിയ്ക്കുകയും മററുള്ളവക്കു് അതിനു സൌകൎയ്യങ്ങൾ ഉണ്ടാക്കികൊടുക്കുകയുംചെയ്യു. പാടാൻ സമ്മതിച്ചിട്ടുള്ളവരും ഒരുമിച്ചു കുമാരൻ ശനിയാഴ്ചതോറും വൈകുന്നേരം ഞായറാഴ്ച പാടുവാനുള്ള പാട്ടുകൾ പാടി പരിചയിക്കുക പതിവായിരുന്നു. കൊട്ടാരത്തിൽ മാതാവും സഹോദരങ്ങളും ഒരുമിച്ചു ബാല്യകാലത്തു

പാടാറുണ്ടായിരുന്ന പ്രിയപ്പെട്ട ഗീതങ്ങളാണ് സാധാരണയുപയോഗിച്ചുവന്നത്. ഞായറാഴ്ച ദൈവാരാധനയിൽ കൂടിച്ചേരുന്ന പതിവ് ഇപ്പോഴും ചക്രവത്തി തിരുമനസ്സുകൊണ്ടു സ്ഥിരമായി പാലിച്ചുവരുന്നു എന്നുള്ളത് അവിടുന്നു സന്ദശിച്ചിട്ടുള്ള എല്ലാ സ്ഥലങ്ങളിലുംവച്ചു പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഇത് എത്ര മാത്രം അനുകരണീയമായിരിക്കുന്നു എന്നു പറയേണ്ടതില്ലല്ലോ.

൩ാം അദ്ധ്യായം

മേറിമഹാരാജ്ഞിയുടെ ബാല്യകാലം.

ഇനി നമ്മുടെ കഥാനായികയുടെ ജീവചരിത്രത്തിന്റെ ആരംഭദശയിലേയ്ക്കു പ്രവേശിക്കേണ്ടിയിരിക്കുന്നു.

ഇംഗ്ലണ്ടിലെ ജോർജ്ജ് തൃതീയൻ എന്നു പ്രസിദ്ധിയുള്ള രാജാവിനു പലസന്താനങ്ങൾ ഉണ്ടായിരുന്നതിൽ ഒന്നു കെൻറപ്രഭുവും വേറൊന്നു കേംബ്രിഡ്ജ് പ്രഭുവുമായിരുന്നു. ജ്യേഷ്ഠപുത്രനായിരുന്ന കെൻറപ്രഭുവിന്റെ പുത്രിയായിരുന്നു വിശ്വവിശ്രുതയായിരുന്ന വിക്ടോറിയാമഹാരാജ്ഞി. കേംബ്രിഡ്ജ്പ്രഭുവിനു മേറിരാജകുമാരി എന്നൊരു മകളുമുണ്ടായി. ടെക്കിലെ ഫ്രാൻസിസ്സ്പ്രഭു വിവാഹം കഴിച്ചതിന്റെ ശേഷം ടെക്ക്പ്രഭ്വി എന്ന പേര് ആ രാജകുമാരിക്കു സിദ്ധിച്ചു. ഈ ടെക്ക്പ്രഭുവിന്റെയും പ്രഭ്വിയുടേയും പ്രഥമസന്താനമായിട്ടു നമ്മുടെ കഥാനായിക ൧൮൬൭ മെയി മാസം ൨൬ാം തീയ്യതിയാണ് ജനിച്ചത്.

ഈ കന്യകയ്ക്കു യഥാകാലം ജ്ഞാനസ്നാനകമ്മം നടത്തുകയും തദവസരത്തിൽ "വിക്ടോറിയാ മേറി" ഇത്യാദി എട്ടു നാമധേയങ്ങൾ ചേത്തു നാമകരണം ചെയ്കു

യും. ചെയ്യു. യൂറോപ്പിൽ രാജകുടുംബങ്ങളിൽ ഇങ്ങനെ പല പേരുകൾ ചേൎത്തു നാമകരണം ചെയ്യുന്നതു സാധാരണമാണു്. ഇതിൽ വിക്ടോറിയാ എന്നുള്ള നാമം പരേതയായ മഹാരാജ്ഞിയ്ക്കല്ലാതെ ഉപയോഗിക്കുന്നതു സാധാരണജനങ്ങൾക്കു രുചിയ്ക്കയില്ലെന്നുള്ള ബോധത്താലാണു് നമ്മുടെ കഥാനായിക മഹാരാജ്ഞിആയതിന്റെ ശേഷവും അവിടേയ്ക്കു "മേറി" എന്നുള്ള നാമം മാത്രം ഉപയോഗിച്ചുവരുന്നതു്.

മേറിരാജകന്യക ശൈശവത്തിൽ തന്നെ തന്റെ കോമളാകാരംകൊണ്ടു് ഏവരുടെയും ഹൃദയത്തെ രമിപ്പിച്ചു. മാതാപിതാക്കന്മാർ കേൾക്കാതെ തന്നെ പലരും ശിശുവിന്റെ മനോഹരത്വത്തെ പ്രശംസിച്ചുവന്നു. ചന്ദ്രക്കലയെന്നപോലെ എല്ലാവരുടെയും മനസ്സിനെ ആഹ്ലാദിപ്പിച്ചും പ്രതിദിനം എന്നപോലെ വളൎന്നുംവന്ന ആ കുട്ടിയ്ക്കു ശിശുപ്രായത്തിൽ തന്നെ ഒരു കഠിനരോഗം പിടിപെട്ടു എങ്കിലും വേഗം അതിൽനിന്നു മുക്തയായി സുഖത്തെ പ്രാപിക്കുകയും, മാതാപിതാക്കന്മാരുടെ ഭീതി നീങ്ങുന്നതിന്നു് ഇടയാവുകയും ചെയ്തു. ഇവൎക്കു കുട്ടികളെക്കുറിച്ചു് അസാധാരണമായ വാത്സല്യമുണ്ടായിരുന്നു. കുട്ടികളെ ശുശ്രൂഷിച്ചു വളൎത്തുകയെന്നുള്ളതു വളരെ പ്രയാസവും ബുദ്ധിമുട്ടുമുള്ള ഒരു കാൎയ്യമാണല്ലോ. ശീമയിൽ വളരെ ഉയൎന്ന സ്ഥിതിയിലിരിക്കുന്ന സ്ത്രീകൾ പലരും ആ കഷ്ടപ്പാടുകളനുഭവിക്കാൻ വളരെ മടിയുള്ളവരാണു്. അവരൊക്കെ സുഖവും സ്വാതന്ത്ര്യവും സാമൂഹ്യസമ്മേളനരസങ്ങളും ആഗ്രഹിച്ചും ബാലപരിചരണംമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിക്കാനായിട്ടും കുട്ടികളെ വളൎത്തുന്നതിനുള്ള പ്രധാനചുമതല വളൎത്തമ്മമാരെ ഏല്പിക്കയാണു് പതിവു്. എന്നാൽ, ടെക്ക് പ്രഭ്വി ആ കൂട്ടത്തിലല്ലായിരുന്നു. അവരുടെ കുട്ടികളെ അവർ തന്നെ ശുശ്രൂഷിച്ചു വളൎത്തുകയാണു് ചെയ്തതു്.

നമ്മുടെ മേറികുമാരിക്കു് ഏകദേശം മൂന്നു വയസ്സു

പ്രായമായപ്പോഴേയ്ക്കു രണ്ടു സഹോദരന്മാരുമുണ്ടായി. കുട്ടികളുടെ പരിചരണത്തിലും പഠനത്തിലും പരിശീലനത്തിലുമെല്ലാം പ്രഭ്വി വളരെ കരുതലും നിഷ്കൎഷയുമുള്ള കൂട്ടത്തിലായിരുന്നു. സ്ഥാനവലിപ്പംകൊണ്ടു് ഓരോ വിനോദസമ്മേളനങ്ങൾക്കും മററുമായി അവരെ പലരും ക്ഷണിക്കാറുണ്ടു്. എന്നാൽ, ഒഴിക്കാൻ പാടില്ലാത്ത ചില സന്ദൎഭങ്ങളിൽ മാത്രമേ പ്രഭ്വി അനുവദിക്കാറുള്ളു. കുട്ടികൾക്കു കളിയും ഉല്ലാസവും ധാരാളം വേണ്ടതു തന്നേ, എങ്കിലും ആഡംബരസമ്മിശ്രങ്ങളായ വലിയ കൂട്ടങ്ങളിലും മററും പോയി അധികം പരിചയിക്കുന്നതു് അത്ര നല്ലതല്ലെന്നും അടുത്ത സംബന്ധക്കാരായ ചെങ്ങാതിമാരുമൊരുമിച്ചു സ്വഗൃഹത്തിൽ സ്വാതന്ത്ര്യത്തോടുകൂടി ഓടിച്ചാടി നടന്നു കളിക്കുന്നതാണു് കുട്ടികൾക്കു് അധികം ഗുണകരമായിത്തിരുന്നതെന്നുമായിരുന്നു ആ മാതാവിന്റെ അഭിപ്രായം. അപ്രകാരം ചെയ്യുന്നതിനു് അവരെ ധാരാളമായി അനുവദിക്കുകയും ചെയ്തിരുന്നു. കുട്ടികളുടെ ഭക്ഷണം, വസ്ത്രധാരണം, ഉറക്കം ഇത്യാദികൾ സാധാരണരീതി അനുസരിച്ചും ആരോഗ്യരക്ഷയ്ക്കു് അനുകൂലമായ വിധത്തിലുമാണു് പ്രഭ്വി ഏൎപ്പാടു ചെയ്തിരുന്നതു്. രാജപദവി ഉണ്ടെന്നു വെച്ചു് അതിസുഖങ്ങളും അത്യാഡംബരങ്ങളും അവർ അനുവദിച്ചിരുന്നില്ല. കുട്ടികൾ കേൾപ്പാൻ ആവശ്യമില്ലാത്തവയും കേട്ടാൽ നല്ലതല്ലാത്തവയും ആയ സംഗതികൾ കുട്ടികൾ കേൾക്കെ ആരും പറഞ്ഞുകൂടാ എന്നായിരുന്നു പ്രഭ്വിയുടെ ഏൎപ്പാടു്. പ്രായമേറിയവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയ്ക്കു കടന്നു വല്ലതും പറയുന്നതിനു് ആ മാതാവു് ഒരിക്കലും കുട്ടികളെ അനുവദിച്ചിരുന്നില്ല. ദീനദയാലുത്വം ഭാവത്തിലും പ്രവൃത്തിയിലും കാണിക്കുന്നതിനു പ്രഭ്വി അവരെ പ്രത്യേകം പരിചയിപ്പിച്ചു. ഇടവകയിലെ പട്ടക്കാരൻ പാവപ്പെട്ടവരെയും ദീനക്കാരെയും കാണാൻ

പോകുന്ന സമയങ്ങളിൽ ഠരം കുട്ടികളേക്കൂടെ അയച്ചിരുന്നു. അഗതികളുടെ സ്ഥിതി കുട്ടികൾ സ്വയമേവ കണ്ടു് അവക്കു് അനുകമ്പയുണ്ടാകണമെന്നുള്ള ഉദ്ദേശ്യത്തോടു കൂടിയാണു് പ്രഭ്വി ഇപ്രകാരം ചെയ്തിരുന്നതു്. പ്രഭ്വി ഒരു പാവപ്പെട്ടവനു കുറെ ഭക്ഷണസാധനങ്ങൾ അവൻെറ വീട്ടിലേയ്ക്കു കൊടുത്തയച്ചപ്പോൾ അവയെ ആ ദരിദ്രൻ എത്ര മാത്രം ആഗ്രഹത്തോടും സന്തോഷത്തോടും കൂടിയാണു് വാങ്ങി അനുഭവിക്കുന്നതെന്നു കണ്ടറിഞ്ഞു വരുന്നതിനായി കുട്ടികളെയും ഒരുമിച്ചു് അയച്ചു എന്നു പറയപ്പെട്ടിരിയ്ക്കുന്നു.

ഒരു മുറിക്കകത്തിരുന്നു് എഴുതുകയും വായിക്കുകയും സംസാരിക്കുകയും കേൾക്കുകയും ചെയ്യുന്നതുകൊണ്ടു മാത്രം വിദ്യാഭ്യാസം പൂൎണ്ണമാവുകയില്ല എന്നുള്ള തത്വം ടെക്ക്പ്രഭ്വി നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. പ്രകൃതി ആകുന്ന പുസ്തകത്തിൽ തന്നത്താൻ നോക്കി പല സംഗതികൾ ഗ്രഹിക്കേണ്ടതായിട്ടുണ്ടു്. മരങ്ങൾ, ചെടികൾ, വള്ളികൾ, ഇലകൾ, പുഷ്പങ്ങൾ, ഫലങ്ങൾ, വണ്ടുകൾ, പക്ഷികൾ, മൃഗങ്ങൾ മുതലായവയെ പററി, നേരേ കണ്ടും പരിചയിച്ചും ഉണ്ടാകുന്ന അറിവും തന്നിമിത്തം സിദ്ധിക്കുന്ന ബുദ്ധിവികാസവും ഏററവും അത്യാവശ്യകമാണു്. ഇതു കൂടാതെ ശുദ്ധവായുവും വെളിച്ചവും ശരിയായി ഏല്ക്കുകയും ദേഹവ്യായാമമുണ്ടാവുകയും ചെയ്യുന്നതു് ആരോഗ്യരക്ഷയ്ക്കു പ്രത്യേകം ഉപയുക്തവുമാണു്. ഈ വക സൂക്ഷ്മജ്ഞാനം ധാരാളമായിട്ടുണ്ടായിരുന്നതിനാൽ പ്രഭ്വി ഉച്ചതിരിഞ്ഞുള്ള സമയത്തിൽ ഒരംശം കുട്ടികൾ ഗുരുവിനോടു കൂടി തോട്ടത്തിലും മററും സഞ്ചരിക്കുന്നതിലേയ്ക്കു് ഉപയോഗപ്പെടുത്തുന്നതിനു് ഏപ്പാടു ചെയ്തിരുന്നു. ഇതു നിമിത്തം സസ്യാദികളേപ്പററിയുള്ള പല സംഗതികൾ പരിശോധിച്ചു മനസ്സിലാക്കുന്നതിനു മേറികുമാരിക്കു കുറച്ചു കാലംകൊണ്ടു സാധിച്ചു. ഞായറാഴ്ചതോ

റും വേദപുസ്തകത്തിൽനിന്ന് ഒരു ഭാഗം എടുത്തു കുട്ടികളെ പഠിപ്പിക്കുന്ന ജോലി പ്രഭ്വി തന്നെയാണ് നടത്തിവന്നതു്. ആ സമയം മാതാവിനും കുട്ടികൾക്കും പ്രയോജനകരവും രസപ്രദവുമായിരുന്നു.

മേറികുമാരിയും മാതാവും കൂടി ഇടവകപ്പള്ളിയിൽ ആരാധനയ്ക്കായി ആഴ്ചതോറും മുടങ്ങാതെ പോകാറുണ്ടായിരുന്നു. കാലാവസ്ഥയുടെ വൈഷമ്യം കൊണ്ടോ മറ്റൊ ഒരു ദിവസം പള്ളിയിൽ പോകാൻ നിവൃത്തിയില്ലാതെ വന്നാലും നിയമങ്ങളൊന്നും അവർ മുടക്കാറില്ല. പള്ളിയിൽ പതിവുള്ള ക്രമമൊന്നു ചുരുക്കി, സ്വഗൃഹത്തിൽവെച്ചു ദൈവാരാധനയും വേദപാഠവും അവർ നടത്തിവന്നു. ഞായറാഴ്ച കുടുംബത്തിൽ ആകപ്പാടെ സ്വസ്ഥദിവസമായി കഴിച്ചുകൂട്ടുന്ന കാര്യത്തിൽ പ്രഭ്വിക്കു വളരെ നിഷ്കൎഷയുണ്ടായിരുന്നു. എന്നാൽ ആ സുദിനം കുട്ടികൾക്കു് ഒരു ഭാരമായും വിരസമായും തീരാതെ ഇരിപ്പാൻ തക്കവണ്ണം ചില കരുതലുകളും ചെയ്തിരുന്നു.

കുമാരിക്കു് ഏകദേശം പന്ത്രണ്ടു വയസ്സായ കാലത്തു് അതികഠിനമായ ഒരു ജ്വരം പിടിപെട്ടു. അതു സന്നിപാതജ്വരമായി തിരുന്നുകമോ എന്നു വിചാരിച്ചു പ്രഭുവും പ്രഭ്വിയും വളരെ വ്യസനിച്ചു. ഈശ്വരകാരുണ്യം കൊണ്ടു് അതിനൊന്നും ഇടയാകാതെ വേഗത്തിൽ ജ്വരം വിട്ടു മാറുകയും കുമാരിയുടെ ശരീരം ക്ഷണത്തിൽ പൂൎവ്വസ്ഥിതിയെ പ്രാപിച്ചു വരുന്നു തുടങ്ങുകയും ചെയ്തു.

ഇംഗ്ലണ്ടിലെ ജനങ്ങളുടെ ഇടയിൽ സൎവ്വസാധാരണമായിട്ടുള്ള ക്രിസ്തുമസ് ആഘോഷവും അതു സംബന്ധിച്ചുള്ള ആചാരങ്ങളും എല്ലാം ടെക്ക് കുടുംബത്തിലും ശരിയായി നടത്തിവന്നിരുന്നു. ആ ശുഭാവസരം എല്ലാവൎക്കും വളരെ ആഹ്ലാദകരമാകയാൽ അപ്പോൾ കുടുംബസമ്മേളനങ്ങളും പരസ്പരസമ്മാനദാനങ്ങളും സാധുക്കളെ ഉദ്ദേശിച്ചു ധൎമ്മപ്രവൃത്തികളും മററും നടത്തുക

യെന്നുള്ളതു് ഒഴിച്ചുകൂടാത്ത ഒരു കാൎയ്യംപോലെയാണു് അവിടെ വെച്ചിരിക്കുന്നതു്. ഇവയിലെല്ലാം രാജകുമാരിയും ഹൃദയപൂൎവ്വം പങ്കുകൊള്ളുക പതിവായിരുന്നു.

പലരും വന്നുകൂടുന്ന ഉദ്യാനങ്ങളിലും മററും കുമാരി മാതാവോടു കൂടി ലാത്താൻ പോവുക പതിവായിരുന്നു. അപ്പോൾ സാധാരണജനങ്ങളെ കണ്ടാലും ഺരം കന്യക വളരേ മൎയ്യാദയോടും ദയയോടും കൂടിയല്ലാതെ സംസാരിക്കുക പതിവില്ല. അവരുടെ സുഖദുഃഖാദികളെപ്പററി പ്രത്യേകം ചോദിച്ചു മനസ്സിലാക്കുകയും ചെയ്യുമായിരുന്നു. ഒരിക്കൽ രാജകുമാരിയും മാതാവും കൂടി നടക്കാൻ പോയ സമയം അഗതിയായ ഒരു വൃദ്ധസ്ത്രീ വിറകു പെറുക്കിക്കൊണ്ടു നില്ക്കുന്നതായി കണ്ടു. അവർ വളരെ ശ്രമിച്ചിട്ടും വിറകു് ആവശ്യത്തിനു മാത്രം ശേഖരിക്കുവാൻ കഴിയാതെ ക്ഷീണിച്ചും വിറകു കൂടാതെ വീട്ടിലേയ്ക്കു മടങ്ങിപ്പോയാൽ കാൎയ്യങ്ങൾ നടക്കുകയില്ലല്ലോ എന്നു വിചാരിച്ചു വിഷാദിച്ചും നില്ക്കുകയായിരുന്നു. പ്രഭ്വി ഈ വിവരമെല്ലാം മനസ്സിലാക്കി അടുത്തു ചെന്നു തന്റെ കയ്യിലിരുന്ന കുടയുടെ കാലുകൊണ്ടു മരത്തിൽനിന്നു് ഉണങ്ങിയ ചുള്ളികൾ തെരുതെരെ ഒടിച്ചിടുകയും കുമാരി അവയെല്ലാം ഒടിച്ചു കെട്ടിക്കൊടുക്കുകയും ചെയ്തു. അങ്ങനെ ക്ഷണനേരംകൊണ്ടു തന്റെ ആവശ്യത്തിനു മതിയാകത്തക്കവണ്ണം ഒരു കെട്ടു വിറകു കിട്ടുകയാൽ ആ വൃദ്ധസ്ത്രീ വളരെ സന്തോഷത്തോടും കൃതജ്ഞതയോടും കൂടി വിറകുകെട്ടുമെടുത്തു തന്റെ വീട്ടിലേയ്ക്കു പോവുകയും ചെയ്തു.

ഇപ്രകാരം തന്നെ വേറൊരവസരത്തിൽ പ്രഭ്വിയും പുത്രിയും കൂടി സവാരിക്കു പോയപ്പോൾ ഒരായ ഒരു കുട്ടിയെ ഒരു ചെറുവണ്ടിയിലിരുത്തി ഉന്തിക്കൊണ്ടുവന്നു് ഒരു കമ്പിവേലിയുടെ അടുക്കൽ നില്ക്കുന്നതായി കണ്ടു. ആ ആയയ്ക്കു പോകേണ്ടുന്ന സ്ഥലത്തേയ്ക്കുള്ള ദിഷ്ടമായ വഴി വളരെ ചുററി വളഞ്ഞുള്ളതായിരുന്നു. ഺരം

കമ്പിവേലി കടന്നു പോകുന്നതായാൽ വളരെ എളുപ്പ മുണ്ടായിരുന്നതിനാൽ അവർ അതിനായിട്ടു ശ്രമിച്ചു കൊണ്ടാണ് അവിടെ നിന്നിരുന്നത്. കമ്പിയുടെ ചുവട്ടിൽക്കൂടി വണ്ടി ഉന്തിക്കടത്തുവാൻ ആ സ്ത്രീ പല പ്രാവശ്യം ശ്രമിച്ചു നോക്കീട്ടും സാധിച്ചില്ല. ഒടുക്കം വളരെ ഇച്ഛാഭംഗത്തോടു കൂടി ആ വളഞ്ഞ വഴിയേ തന്നെ പൊയ്ക്കളയാമെന്നു നിശ്ചയിച്ചു പോകാൻ ഭാവിച്ചപ്പോഴേയ്ക്കു പ്രഭ്വിയും പുത്രിയോടുകൂടി അടുത്തുചെന്ന്, "നീ ആ കുട്ടിയെ വണ്ടിയിൽനിന്ന് ഒന്നെടുക്കാമെങ്കിൽ വണ്ടി ഞങ്ങൾ വേലിയുടെ മറുവശത്തു കടത്തിത്തരാം" എന്നു പറഞ്ഞു. അങ്ങിനെ രാജകുമാരിയും മാതാവും കൂടി വണ്ടി കമ്പിവേലിയുടെ മറുവശത്തു കടത്തിക്കൊടുക്കുകയും ആ യുവതി വളരെ സന്തോഷിച്ചു കൃതജ്ഞതയെ പ്രകാശിപ്പിച്ചിട്ടു പോവുകയും ചെയ്തു. എന്നാൽ തനിക്ക് ഈ ഉപകാരം ചെയ്ത ശ്രീമതികൾ ഇന്നവരാണെന്നുള്ള പരമാർത്ഥം അവർ മനസ്സിലാക്കിയുമില്ല.

ആശുപത്രികളിലും മററും രോഗാതുരരായി കിടക്കുന്ന സ്ത്രീകളോടും കുട്ടികളോടും മററും രാജകുമാരി കാണിച്ചു വന്ന ദയാദാക്ഷിണ്യങ്ങൾ നിസ്സീമാതിതങ്ങളായിരുന്നു. അവരുടെ ആശ്വാസത്തിനായി എന്തും ചെയ്വാൻ വളരെ ഉത്സാഹത്തോടും സന്തോഷത്തോടും കൂടിയാണ് ആ കന്യക സദാ വർത്തിച്ചിരുന്നത്. ആണ്ടുപിറപ്പ്, ക്രിസ്തുമസ്, ജന്മനക്ഷത്രം എന്നിങ്ങനെയുള്ള ശുഭാവസരങ്ങളിൽ വിചിത്രാകൃതിയിലുള്ള മംഗളവാക്യങ്ങളോടുകൂടിയ കാർഡുകൾ രാജകുമാരിക്ക് ആണ്ടുതോറും സമ്മാനമായി ധാരാളം കിട്ടുമായിരുന്നു. ആ വക കാർഡുകളെല്ലാം ഒരു പുസ്തകത്തിൽ പതിച്ചു വെയ്ക്കുകയും അതു നിറയുമ്പോൾ ആശുപത്രികളിലും മററും ദീനത്തിൽക്കിടക്കുന്നവർക്കു സമ്മാനിക്കുകയുമായിരുന്നു കുമാരിയുടെ പതിവ്. അതുപോലെ തന്നെ കുട്ടികൾക്കുള്ള കളിക്കോപ്പുക

ൾ, പട്ടുനാടകൾ മുതലായവ തനിക്കു കിട്ടുന്നവയെ ല്ലാം കുമാരികൂടെക്കൂടെ ഓരോരുത്തക്കു സമ്മാനമായി കൊടുത്തുകൊണ്ടിരുന്നു. ൟ വക സമ്മാനങ്ങൾ ദീനം പിടിച്ച് അവശതയിൽ കിടക്കുന്ന സാധുസ്ത്രീകൾക്കും കുട്ടികൾക്കും മററും എത്രമാത്രം ആശ്വാസകാരണമായി രിക്കുമെന്നുള്ളതു പറയേണ്ടതില്ലല്ലോ.

ഒരിക്കൽ ഒരു ക്ഷണമനുസരിച്ച് ഒരു ആശുപത്രി സന്ദർശിക്കുന്നതിനായി പ്രഭ്വിയും കുമാരിയും കൂടി പോയിരുന്നു. മുറപ്രകാരമുള്ള ആചാരോപചാരങ്ങളെല്ലാം കഴിഞ്ഞതിൻെറ ശേഷം രണ്ടുപേരും കൂടി രോഗികൾ കിടക്കുന്ന മുറികളിലെല്ലാം സഞ്ചരിക്കുകയും എല്ലാവരേയും കാണുകയും ദീനക്കാക്ക് ഓരോരുത്തക്കും ഓരോ പൂച്ചെണ്ടും ഓരോ കാഡ്ഡും സമ്മാനിക്കുകയും ചെയ്തു. ൟ സമ്മാനങ്ങൾക്ക് ഉണ്ടായിരുന്ന വിശേഷം, പൂച്ചെണ്ടുകളെല്ലാം മനോഹരങ്ങളും, കാഡ്ഡുകളെല്ലാം ഭംഗികൊണ്ടും ആശ്വാസകരങ്ങളായ വാക്യങ്ങൾകൊണ്ടും മനോജ്ഞങ്ങളും ആയിരുന്നു എന്നുള്ളതു മാത്രമല്ല, ആ ചെണ്ടുകളെല്ലാം ൟ മാതാവും പുത്രിയും കൂടി സ്വയമേവ കെട്ടിയുണ്ടാക്കിയവയും കാഡ്ഡുകളെല്ലാം അവർ തന്നെ യഥായോഗ്യം തെരഞ്ഞെടുത്തവയുമായിരുന്നു എന്നുള്ളതാണ്. അവരുടെ സ്ഥിതിക്ക് ൟ വേലകൾ ഭൃത്യന്മാരെക്കൊണ്ടു നടത്തിക്കുകയും സമയത്തിനു നിശ്ചിതസ്ഥലത്തു കൊണ്ടുവരുന്നതിനു ചട്ടംകെട്ടി വരുത്തുകയും സമ്മാനാഹന്മാക്ക് ഓരോന്നെടുത്തു കൊടുക്കുകയും ചെയ്യുന്നതിന് ഒട്ടും പ്രയാസമില്ലായിരുന്നു. പൂച്ചെണ്ടുകൾ വിലയ്ക്കു വാങ്ങി സമ്മാനിക്കുന്നതിനും അവക്കു കഴിയുമായിരുന്നു. പക്ഷേ അവർ അങ്ങനെ യൊന്നുമല്ല ചെയ്തത്. സൽപ്രവൃത്തിയുടെ ഫലത്തിനു പൂർണ്ണത സിദ്ധിക്കണമെങ്കിൽ ഇങ്ങനെ തന്നെ ചെയ്യണമല്ലോ. ൟ സമ്മാനങ്ങൾ കൊടുത്തതു കൂടാതെ ആ മാതാവും പുത്രിയും ദീനക്കാരോട് ഓരോരുത്തരോടും യ

ഥായോഗ്യം ചിലതെല്ലാം സംസാരിക്കുകയും ചെയ്യു. ഇതെല്ലാം ആ ദിനക്കാക്ക് എത്രമാത്രം ആശ്വാസപ്രദങ്ങളായിരുന്നു എന്നു പറയാൻ പ്രയാസം. ആ പൂച്ചെണ്ടുകളും കാർഡുകളും പ്രഭ്വിയുടെയും പുത്രിയുടെയും സൽഗുണവിചാരങ്ങളുടെ പ്രതിബിംബങ്ങളും, ആ സാന്ത്വനവാക്കുകൾ അവരുടെ ഹൃദയം നിറഞ്ഞു കവിയുന്ന കരുണാമൃതപ്രവാഹവും ആകപ്പാടെ അവയെല്ലാം അവരുടെ മനോഗുണസന്താനങ്ങളുമാണെന്ന് ആ ദീനക്കാക്കു സമ്മതമായി എന്നു പറഞ്ഞാൽ മതിയല്ലോ.

ക്ഷയരോഗ ബാധിതനായ ഒരു ബാലനോടു മേരിരാജകുമാരി കാണിച്ച വലിയ അനുകമ്പ, അവിടങ്ങളിൽ മാത്രമല്ല, അന്യരാജ്യങ്ങളിൽപ്പോലും ജനങ്ങളുടെ ഇടയിൽ സംഭാഷണവിഷയമായി ഭവിച്ചിട്ടുണ്ട്. കുമാരി സാധുവായ ആ കുട്ടിയുടെ വീട്ടിൽ കൂടെക്കൂടെ ചെല്ലുകയും അവൻെറ അടുക്കൽ ഇരുന്നു വല്ലതുമൊക്കെ വായിച്ചും സംസാരിച്ചും അവനെ സന്തോഷിപ്പിക്കുകയും പതിവായിരുന്നു. ഒരു ഞായറാഴ്ച ദിവസം നമ്മുടെ കഥാനായിക പള്ളിയിലേയ്ക്കു പോയ വഴിക്ക് ആ കുട്ടിയുടെ വീട്ടിൽ കയറി അവനെ കണ്ടപ്പോൾ അവൻ ഇഹലോകവാസം വെടിയാറായിരിക്കുന്നു എന്നു മനസ്സിലായി. ഉടനെ ആ കുമാരി അശ്രുപൂർണ്ണങ്ങളായ നയനങ്ങളോടു കൂടി അവനെ ചുംബിച്ച് അവസാനയാത്രയും പറഞ്ഞ് അവിടെനിന്ന് ഇറങ്ങിപ്പോവുകയും ചെയ്യു.

Kottayam VMS School
No 26

൭ാം അദ്ധ്യായം.

മേറിരാജകുമാരിയുടെ യൌവനം.

ക്രിസ്തുവഷം ൧൮൮൫-ൽ നമ്മുടെ കഥാനായിക സ്ഥിരീകരണം സ്വീകരിച്ചു. അതു സംബന്ധിച്ചുണ്ടായ പഠിത്വത്തിലും ദിവ്യാരാധനയിലും മററും രാജകുമാരിയുടെ അപാരമായ ദൈവഭക്തി പ്രത്യക്ഷപ്പെട്ടിരുന്നു എന്നുള്ളതിന്ന് അനുഭവസ്ഥനായ ഒരാളുടെ രേഖാസാക്ഷി തന്നെ കാണുന്നുണ്ട്.

൧൮൮൭-ൽ ൧൯-ാമത്തെ വയസ്സിലാണ് മേറിരാജകുമാരി ഒരു യുവതിയുടെ നിലയിൽ വലിയ സദസ്സുകളിലും മററും പോയിത്തുടങ്ങിയതു്.

ഈ സന്ദർഭങ്ങളിലെല്ലാം നമ്മുടെ കഥാനായിക കാഴ്ചക്കാരായ സകലജനങ്ങളുടെയും മനസ്സിനെ ആകർഷിക്കത്തക്കതായ രൂപലാവണ്യത്തോടും സുക്ഷ്മാദരത്തോടും പ്രസന്നതയോടും കൂടിയാണ് കാണപ്പെട്ടതു്. തൻെറ സ്ഥിതിക്കു തക്കവണ്ണമുള്ള ഗൌരവം വിടാതെ സാധാരണമായ സ്വാതന്ത്ര്യത്തോടു കൂടിയും ഗവ്വമോ അഹംഭാവമോ ലേശം പോലും കൂടാതെയും മനുഷ്യരുമായി സ്വച്ഛന്ദം പെരുമാറുന്നതിനു മേറിരാജകുമാരിക്കുണ്ടായിരുന്ന സാമത്ഥ്യം ഒന്നു വേറേ തന്നെയായിരുന്നു.

ഗുരുമുഖേനയുള്ള വിദ്യാഭ്യാസം മതിയാക്കിയതിൻെറ ശേഷവും രാജകുമാരി പുസ്തകവായന, വിവിധജനങ്ങളുമായുള്ള പരിചയം, സംഭാഷണം മുതലായവ കൊണ്ടു തൻെറ അറിവിനെ വദ്ധിപ്പിക്കുന്നതിനു സദാ ജാഗരൂകയായി തന്നെ ഇരുന്നു. ദിവസംപ്രതി രാവിലെ വേദപുസ്തകം ഓരോ ഭാഗം വീതം വായിക്കണമെന്ന് ആ ഗുണവതി നിബ്ബന്ധപൂവ്വം ഒരു പതിവുവെച്ചു.

ടെക്ക് പ്രഭ്വിയുടെ കൊട്ടാരത്തിൽ അക്കാലത്ത് ഓരോ പ്രകാരത്തിൽ ഉന്നതസ്ഥാനങ്ങളെ പ്രാപിച്ചിരുന്ന അനേകം മഹാന്മാർ അതിഥികളായി വരിക സാധാരണമായിരുന്നു. അങ്ങനെ വരുന്നവരുടെ സംഭാഷണങ്ങളിൽ നിന്നു രാജ്യത്ത് ഓരോ കാലങ്ങളിൽ നടന്നുകൊണ്ടിരുന്നവയും ഏററവും ഗൌരവമേറിയവയും പ്രധാനങ്ങളുമായ പല സംഗതികൾ കേട്ടു ഗ്രഹിക്കുന്നതിനും ആ വക കാൎയ്യങ്ങളിൽ മഹാന്മാരുടെ അഭിപ്രായങ്ങൾ ഇന്നിന്ന പ്രകാരമാണെന്നു മനസ്സിലാക്കുന്നതിനും നമ്മുടെ രാജകുമാരിയ്ക്കു ധാരാളം അവസരം കിട്ടുകയും അപ്രകാരം ലഭിച്ചിട്ടുള്ള അറിവുകളെ അവിടുന്നു യഥായോഗ്യം പ്രയോജനകരങ്ങളാക്കിത്തീൎക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാക്കാൎയ്യങ്ങളിലും ഒരടുക്കും ക്രമവും വേണമെന്നുള്ള നിൎബ്ബന്ധം രാജകുമാരിക്കു സാമാന്യത്തിലധികമുണ്ടായിരുന്നു. പ്രഭുത്വവും സ്ഥാനവലിപ്പവുമുള്ള ചിലർ നിത്യോപയുക്തങ്ങളായ പുസ്തകങ്ങൾ മുതലായ സാമാനങ്ങളെടുത്താൽ മേശപ്പുറത്തും അളമാരികളിലും മറിക്കകത്തും മററും കുഴച്ചുമറിച്ചിടുകയും പിന്നെ അവയെല്ലാം ക്രമപ്രകാരം അടുക്കി വെക്കുന്നതിനു ഭൃത്യന്മാരെ നിയോഗിക്കുകയും ചെയ്യുന്നതു സാധാരണമാണല്ലോ. എന്നാൽ അപ്രകാരമുള്ള ഉദാസീനത നമ്മുടെ കഥാനായികയ്ക്കു ലേശംപോലും ഉണ്ടായിരുന്നില്ല.

ഇങ്ങനെ മേറിരാജകുമാരിയുടെ ഗുണങ്ങളും യോഗ്യതകളും പറഞ്ഞുതുടങ്ങിയാൽ അവസാനമില്ലാതെയുണ്ട്. രൂപലാവണ്യംകൊണ്ടും ബുദ്ധിസാമൎത്ഥ്യം കൊണ്ടും സ്വഭാവവൈശിഷ്ട്യം കൊണ്ടും വൈദഗ്ദ്ധ്യം കൊണ്ടും ദൈവഭക്തികൊണ്ടും എന്നുവേണ്ട, എല്ലാം കൊണ്ടും രാജകുമാരി ഏതൊരു മഹാരാജാവിന്റെയും

പട്ടമഹിഷിയായിത്തീരുവാൻ തക്കവണ്ണമുള്ള സകല യോഗ്യതകളും പരിപൂൎണ്ണമായിത്തികഞ്ഞ ഒരു കന്യ കാരത്നമായി ശോഭിച്ചു, എന്നു മാത്രം പറഞ്ഞു നി റുത്താം.

൮ാം അദ്ധ്യായം.

ദാമ്പത്യം

നമ്മുടെ കഥാനായിക വിക്ടോറിയാമഹാരാജ്ഞിതി രുമനസ്സിലേയും വെയിത്സ്പ്രിൻസ്, (എഡ്വേർഡ് ചക്രവ ൎത്തി) പ്രിൻസി (അലക്സാന്ദ്ര്യാമഹാരാജ്ഞി) എന്നിവരുടെ യും പ്രീതിക്കും സ്നേഹത്തിനും ചെറുപ്പത്തിൽ തന്നെ പാത്രീഭവിച്ചിരുന്നു. എന്നു മാത്രമല്ല, ഒരു കാലത്തു കിരീ ടാവകാശിയായി ഭവിക്കുമെന്നു വിചാരിക്കപ്പെട്ടും "ക്ലാ റൻസുപ്രിൻസ്" എന്ന സ്ഥാനത്തെ പ്രാപിച്ചുമിരുന്ന ആൽബർട്ട് എഡ്വേർഡ് രാജകുമാരന്റെ ഭാൎയ്യയായിത്തീ രുന്നതിന് ഈ തരുണീമണി സൎവ്വഥാ യോഗ്യതമയാ ണെന്ന് അവർ നിശ്ചയിക്കുകയും ചെയ്തിരുന്നു. എങ്കി ലും ദൈവസങ്കല്പം അപ്രകാരമല്ലായിരുന്നു. ഈ ആ ലോചനകളും ആഗ്രഹങ്ങളുമെല്ലാം മുറുകിയിരുന്ന ആ കാലത്താണ് എഡ്വേർഡ് രാജകുമാരൻ ഒരു വിഷമജ്വ രത്താൽ ബാധിതനാവുകയും അചിരേണ ചരമഗതി യെ പ്രാപിക്കുകയും ചെയ്തതു്. ഗുണവാനും ശുദ്ധഹൃദ യനുമായിരുന്ന ആ രാജകുമാരന്റെ അകാലവിയോ ഗം നിമിത്തം എല്ലാവരും സന്താപസാഗരനിമഗ്നന്മാ രായി ഭവിച്ചു. എന്നാൽ കാലക്രമേണ ആ ദുഃഖം എല്ലാ വക്കും കുറഞ്ഞുവരികയും പിന്നീട് ഒരു കാലത്തു കിരീ ടാവകാശിയായിത്തീരുമെന്നുള്ള സ്ഥിതിയേയും യോൎക്ക് പ്രിൻസ് എന്നുള്ള സ്ഥാനത്തേയും പ്രാപിച്ച ജോർജ്ജുരാജ കുമാരന്റെ ഗുണോൽകൎഷത്താൽ സകലജനങ്ങളുടെ

യും ഹൃദയം ആകൎഷിക്കപ്പെടുകയും ചെയ്യു. അപ്പോൾ മേറിരാജകുമാരി ജോൎജ്ജുരാജകുമാരന്റെ ഭാൎയ്യയായാൽ കൊള്ളാമെന്നുള്ള ആഗ്രഹം എല്ലാവരുടെയും മനസ്സിൽ കടന്നുകൂടിത്തുടങ്ങി. ജനങ്ങളുടെ ഈ ആകാംക്ഷയിൽ ദൈവാനുകൂല്യം കൂടി ഉണ്ടായിരുന്നതിനാൽ അധികം താമസിയാതെ തന്നെ ഈ തരുണീതരുണന്മാർ തമ്മിൽ വിവാഹസമ്മതം കഴിഞ്ഞിരിക്കുന്നു എന്ന് എല്ലാവൎക്കും സസന്തോഷം കേൾപ്പാൻ സംഗതിയായി.

ഈ കുമാരികുമാരന്മാരുടെ വിവാഹമാകുന്ന മംഗളകൎമ്മത്തിനു നിശ്ചയിക്കപ്പെട്ട ശുഭദിവസം ൧൮൯൩-ജൂലായിമാസം ൬-ാംതിയ്യതി വ്യാഴാഴ്ചയായിരുന്നു. ആ കല്യാണാഘോഷങ്ങളെ യഥാക്രമം വിവരിക്കുന്ന കാൎയ്യം അസാദ്ധ്യമാകയാൽ അതിനായി തുനിയുന്നില്ല.

ഈ മംഗളമഹോത്സവത്തിൽ സംബന്ധിക്കാനായി ദേവാലയത്തിൽ കൂടിയിരുന്ന മഹാന്മാരുടെയും മഹതികളുടെയും ബാഹുല്യത്തേയും ഗൌരവാഡംബരങ്ങളേയും കണ്ടവരുടെ മനസ്സിൽനിന്ന് ഒരു കാലത്തും മാഞ്ഞുപോകാത്ത വിധം ആ കാഴ്ച അത്യന്തം മഹനീയവും കമനീയവുമായിരുന്നു. ഭൂലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള രാജകുടുംബങ്ങളുടെയും ഗവൎമ്മെന്റുകളുടെയും പ്രതിനിധികളായും മററും അവിടെ വന്നുകൂടിയിരുന്ന ജനങ്ങൾ തന്നെ അനവധി ഉണ്ടായിരുന്നു. നമ്മുടെ ഇൻഡ്യയിലുള്ള ചില രാജാക്കന്മാരും അന്നവിടെ സന്നിഹിതരായിരുന്നു. സ്ഥലത്തുള്ള രാജകുടുംബങ്ങളിലും പ്രഭുകുടുംബങ്ങളിലുമുള്ള സ്ത്രീപുരുഷന്മാരിൽ അന്ന് അവിടെ കൂടാത്തവരായി ആരും തന്നെ ഉണ്ടെന്നു തോന്നുന്നില്ല. കരസൈന്യങ്ങളിലും നാവികസൈന്യങ്ങളിലുമുള്ള പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരിൽ ഒരു വിധം നിവൃത്തിയുള്ളവരെല്ലാം അവിടെ വന്നു

ചേന്നിരുന്നു. ഇങ്ങനെ പുരുഷന്മാരായും സ്ത്രീകളായും അവിടെ വന്നുകൂടിയിരുന്ന ആ ജനക്കൂട്ടം ആകപ്പാടെ കണ്ടാൽ ആരും ഒന്നു ഭ്രമിച്ചുപോകുമായിരുന്നു. ആ ജനസംഘത്തിന്റെ ഒരു ഗൌരവവും വലിപ്പവും അത്രമാത്രമുണ്ടായിരുന്നു. രാജാക്കന്മാർ, പ്രഭുക്കന്മാർ, സേനാനായകന്മാർ മുതലായവരുടെ വിവിധവർണ്ണങ്ങളായ സ്ഥാനവസ്ത്രങ്ങളുടെയും കീർത്തിമുദ്രകൾ മുതലായവയുടെയും, രാജകുമാരികൾ, പ്രഭ്വികൾ മുതലായവർ ധരിച്ചിരുന്ന വസ്ത്രാഭരണാദികളുടെയും അവരുടെ മുഖചന്ദ്രബിംബങ്ങളുടെയും മററും ചിന്നിമിന്നി പ്രകാശിക്കുന്ന ശോഭാവിശേഷങ്ങൾ എല്ലാം കൂടിക്കലൎന്നു പ്രസരിച്ചിരുന്ന ആ സദസ്സിന്റെ ദൎശനീയത്വം ഏററവും മനോഹരമായിരുന്നു എന്നല്ലാതെ മറെറാന്നും പറയാൻ കാണുന്നില്ല. ഇപ്രകാരം പ്രശോഭിതമായിരുന്ന ആ മഹാസദസ്സിന്റെ പ്രധാനഭാഗത്തു സ്വല്പം ഉയൎന്നതായ ഒരു തട്ടിന്മേൽ മണിപീഠമദ്ധ്യത്തിങ്കൽ വൃദ്ധശ്രീമഹിമയോടുകൂടി ഇരുന്നരുളിയ വിക്ടോറിയാമഹാരാജ്ഞീതിരുമനസ്സിലെ ആ ഇരുപ്പും മന്ദസ്മിതാൎദ്രമായ ആ മുഖകമലവും ആ സമയത്ത് ഒന്നു കാണേണ്ടതു തന്നെയായിരുന്നു.

വിവാഹകൎമ്മാനുഷ്ഠാനങ്ങളെല്ലാം കഴിഞ്ഞ ഉടനെ മഹാരാജ്ഞി ആ വധൂവരന്മാരെ ആനന്ദബാഷ്പാകുലങ്ങളായ നയനങ്ങളോടുകൂടി ചുംബിക്കുകയും വെയിൽസ്സുപ്രഭു സന്തോഷസമേതം പുത്രന്റെ പുറത്ത് ഒന്നുരണ്ടു കൊട്ടുകയും ചെയ്തു. ലാവണ്യവാരിധിയായ മേറിരാജകുമാരി കല്യാണവസ്ത്രാഭരണാദികളാൽ അലംകൃതയായിട്ട് ആ വിവാഹസുമുഹൂൎത്തത്തിൽ എത്രമാത്രം ശോഭിച്ചു എന്നുള്ളതു പറയാൻ പ്രയാസം. "ലോകം മുഴുവനും കിട്ടുന്നതിനെക്കാൾ ലാഭം ഈ രാജകുമാരിയെ ഒന്നു കാണുന്നതു തന്നെയാണ്" എന്ന് അന്നു പ

ള്ളിയിൽ കൂടിയിരുന്നവരിൽ ഒരു മഹാൻ പറഞ്ഞിട്ടുള്ള തിൽനിന്നു് അതു് ഏകദേശം ഊഹിക്കാമല്ലോ.

ശുഭമുഹൂർത്തം കഴിഞ്ഞു ദമ്പതിമാർ കൊട്ടാരത്തിലേയ്ക്കു് അതികോലാഹലമായ ഒരു ഘോഷയാത്ര ചെയ്തു. രാജവീഥികളെല്ലാം അതിമനോഹരമാകുംവണ്ണം അലങ്കരിക്കപ്പെട്ടും അസംഖ്യം പുരുഷാരങ്ങളാൽ തിങ്ങിയുമിരുന്നു. കൊട്ടാരത്തിൽ ചെന്നെത്തിയതിൻെറ ശേഷം വിക്ടോറിയാമഹാരാജ്ഞിയും നമ്മുടെ പുതിയ ദമ്പതിമാരും കൂടി സകല ജനങ്ങൾക്കും കാണാവുന്ന വിധത്തിൽ ജനൽവാതിലിൻെറ മുൻവശത്തു വന്നു കുറച്ചുനേരം നിന്നു. ആ സമയം ഉപരിഭാഗത്തു പ്രസന്നരായി നിന്നിരുന്ന അവരുടെ മുഖചന്ദ്രദശനത്താൽ ഇളകിമറിയുന്ന സമുദ്രമോ എന്നു തോന്നുമാറു താഴെ പരന്നിരുന്ന പുരുഷാരങ്ങൾ കാട്ടികൂട്ടിയ ആഹ്ലാദചിഹ്നങ്ങൾ അവണ്ണ്യനീയങ്ങളായിരുന്നു.

ആ ശുഭദിവസം ആ ദമ്പതിമാക്കും രാജകുടുംബത്തിലുള്ളവക്കും രാജ്യനിവാസികൾക്കും മാത്രമല്ല, ബ്രിട്ടീഷു സാമ്രാജ്യമൊട്ടുക്കു് അത്യന്തം ആഹ്ലാദകരമായ ഒരു സുദിനം തന്നെ ആയിരുന്നു. സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമായി ഈ വധൂവരന്മാക്കു് ആ മംഗളദിവസത്തിൽ ലഭിച്ച അനുമോദപത്രങ്ങളുടെയും അമൂല്യങ്ങളായ സമ്മാനങ്ങളുടെയും സംഖ്യ പറയാൻ പ്രയാസം. സാമൂഹ്യസമ്മേളനങ്ങൾ, ദീപക്കാഴ്ചകൾ, മുതലായവകൊണ്ടു സകലജനങ്ങളും തങ്ങളുടെ രാജഭക്തിയെ യഥായോഗ്യം പ്രദശിപ്പിക്കുകയും ചെയ്തു. ആകപ്പാടെ നോക്കുന്നതായാൽ ഇംഗ്ലണ്ടിൽ രാജകുടുംബസംബന്ധമായ യാതൊരു സംഭവംകൊണ്ടും ജനങ്ങളുടെ ഹൃദയം ഇതിലധികം ആനന്ദഭരിതമായി ഇളകിമറിഞ്ഞിട്ടില്ലെന്നു തന്നെ പറയാം. ജനങ്ങൾ തങ്ങ

ളുടെ രാജഭക്തിയെ സീമാതീതമായി പ്രദശിപ്പിച്ചതിനാൽ സന്തുഷ്ടമാനസയായി ഭവിച്ച വിക്ടോറിയാമഹാരാജ്ഞിതിരുമനസ്സുകൊണ്ട് ഇതിങ്കൽ തന്നിക്ക ജനങ്ങളുടെ പേരിലുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുന്നതിനായി ഒരു തിരുവെഴുത്ത് ഉടനെ തന്നെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

വിവാഹാനന്തരം നമ്മുടെ കഥാനായികനായകന്മാർ വിനോദാൎത്ഥം ചില സ്ഥലങ്ങൾ സന്ദശിച്ചും മററും സ്വൈരസഞ്ചാരം ചെയ്തു. പിന്നീട് അവർ ഓരോ പ്രധാനസദസ്സുകളിലും മററും പോയിത്തുടങ്ങി. ആ അവസരങ്ങളിലെല്ലാം ജനങ്ങൾ ആ രാജദമ്പതിമാരെ കുറിച്ചു തങ്ങൾക്കുള്ള പ്രീതിയേയും ഭക്തിയേയും പല വിധത്തിൽ പ്രദശിപ്പിച്ചുകൊണ്ടിരിക്കയും ചെയ്തു. വിവാഹത്തിന്റെ ശേഷം രാജകുമാരിക്ക "യോൎക്ക് പ്രഭ്വി" എന്നുള്ള പേരാണ് പറഞ്ഞുവന്നിരുന്നത്.

൯ാം അദ്ധ്യായം.

യോൎക് പ്രഭുവിന്റെയും പ്രഭ്വിയുടെയും ദേശസഞ്ചാരം.

ബ്രിട്ടണിൽനിന്നു ലോകത്തിന്റെ നാനാഭാഗങ്ങളിലും ജനങ്ങൾ പോയി കുടിയേറിപാൎക്കുകയും, ആ രാജ്യങ്ങളെല്ലാം ബ്രിട്ടീഷുരാജാധികാരത്തിൽ വരികയും ചെയ്തിട്ടുള്ളതാണ് ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ അതിവിസ്തീൎണ്ണതയ്ക്കുള്ള ഒരു പ്രധാനകാരണം. ഇങ്ങിനെയുണ്ടായിട്ടുള്ള രാജ്യങ്ങളിൽ പ്രധാനമായവ കാനഡാ, ആസ്ത്രേലിയാ, തെക്കെ ആഫ്രിക്കാ, ഇവയാണ്. ആസ്ത്രേലിയാ ഒരുഭൂഖണ്ഡത്തിനു സമാനമായ മഹാദ്വീപാകുന്നു. ഇവിടെ പ്രത്യേകം പ്രത്യേകം ആലോചനാസഭകളും (പാർലമെന്റു) ബ്രിട്ടീഷു മഹാരാജാവിനാൽ നി

യമിക്കപ്പെടുന്ന ഗവർണ്ണർമാരും ഉള്ളതായ പല സംസ്ഥാനങ്ങളുണ്ട്. ഈ സംസ്ഥാനങ്ങളുടെ എല്ലാം പ്രതിനിധികൾ ചേർന്ന് പൊതുവായി ഒരു ആലോചനാസഭയും ഒരു ഗവർണ്ണർജനറലും ഉണ്ടാകണമെന്നുള്ള അഭിപ്രായം പ്രബലപ്പെടുകയും അതിനു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം നടക്കുകയും ചെയ്തു.

ഇപ്രകാരമുള്ള ഒന്നാമത്തെ ആലോചനാസഭയുടെ പ്രാരംഭക്രിയ നടത്തുന്നതിനായി യോക്ക് പ്രഭുവിനെ പ്രഭ്വീസമേതം തന്റെ പ്രതിനിധിയായിട്ട് അയയ്ക്കാമെന്നു മഹാരാജ്ഞി തിരുമനസ്സുകൊണ്ടു കരുണാപുരസ്സരം സമ്മതിച്ചു. എങ്കിലും ആ അനുമതിയെ നിറവേററുന്നതിനു ദൈവപ്രാതികൂല്യം നിമിത്തം അവിടേയ്ക്കു സാധിച്ചില്ല. യോക്ക് പ്രഭുവിന്റെയും പ്രഭ്വിയുടെയും യാത്രയ്ക്കു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ചെയ്തുകൊണ്ടിരുന്ന കാലമായ ൧൮൦൧ ജനുവരിമാസത്തിൽ, മഹാഭാഗ്യനിധിയും സൽഗുണവാരിധിയും ആയിരുന്ന ആ മഹാരാജ്ഞിതിരുമനസ്സിലേയ്ക്കു ദൈവനിയോഗത്താൽ വാൎദ്ധക്യദശയിൽ തന്റെ പുത്രപൌത്രാദികളെയും ബന്ധുമിത്രങ്ങളെയും രാജ്യാധിപത്യത്തേയും തന്റെ ദേഹത്തെ തന്നെയും ഉപേക്ഷിച്ച് ഇഹലോകവാസം വിട്ടു പോകേണ്ടതായി വന്നു. ഈ സംഭവം രാജകുടുംബത്തിലുള്ളവൎക്കും രാജ്യനിവാസികൾക്കും മാത്രമല്ല, ഭൂലോകത്തിലുള്ള സകലജനങ്ങൾക്കും ഏററവും സന്താപകാരണമായി ഭവിച്ചു. ഇതു സംബന്ധിച്ചു നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം ഈ തിരുവിതാംകൂറിലും ദുഃഖസൂചകമായി കടകമ്പോളങ്ങളും കച്ചേരികളുമെല്ലാം ഏതാനുംദിവസത്തേക്ക് അടയ്ക്കപ്പെട്ടിരുന്നു. ഈ സംഭവം രാജകുമാരന്റെ യാത്രയ്ക്കു പ്രതിബന്ധമായിത്തീരുവാൻ ധാരാളം ന്യായങ്ങളും കാരണങ്ങളുമുണ്ടായിരുന്നു. എങ്കിലും ആദ്യനിശ്ചയത്തെ

ഭേദപ്പെടുത്താതെ പോവുക തന്നെയാണു വേണ്ടതെന്ന് എഡ്വാർഡ് മഹാരാജാവു തിരുമനസ്സുകൊണ്ടു തീച്ചപ്പെടുത്തി. ഇപ്രകാരം മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ കാര്യത്തിൽ പ്രദശിപ്പിച്ച പ്രജാവാത്സല്യവും പരേച്ഛാനുവത്തനസ്വഭാവവും സ്വേച്ഛാവജ്ജനശീലവും ആസ്ത്രേലിയാക്കാരുടെ ഹൃദയത്തിൽ കൃതജ്ഞതയും രാജഭക്തിയും പൂവ്വാധികം വദ്ധിക്കുന്നതിനു കാരണമായിത്തീന്നു.

യോക്ക്പ്രഭുവും പ്രഭ്വിയും പിതൃനിയോഗപ്രകാരം ൧൯൦൧ മാച്ച്മാസം ൧൬ാം തീയതി "പോട്ട്സ്മത്ത്" തുറമുഖത്തുനിന്നു "ഒഫീർ" എന്ന യുദ്ധക്കപ്പലിൽ കയറി യാത്ര ആരംഭിച്ചു.

പ്രായംകൊണ്ടും സ്ഥാനംകൊണ്ടും വലിയ അന്തരത്തെ പ്രാപിച്ചിരുന്ന യോക്ക്പ്രഭു, മുൻപു തന്റെ ചെറുപ്പത്തിൽ നാവികവിദ്യാഭ്യാസം ചെയ്തിരുന്ന കാലത്തു ജ്യേഷ്ഠനോടു കൂടി സന്ദശിച്ചിട്ടുള്ള മിക്ക സ്ഥലങ്ങളിലും സഞ്ചരിച്ചപ്പോൾ ഉണ്ടായ മനോവികാരഭേദങ്ങൾ വിചിന്തനിയങ്ങളാണ്. ബ്രിട്ടിഷു സാമ്രാജ്യത്തിലുൾപ്പെട്ട പ്രധാനഭാഗങ്ങളിൽ ഇൻഡ്യ ഒഴിച്ചുള്ള എല്ലാരാജ്യങ്ങളെയും ഈ യാത്രയിൽ പത്നീസമേതനായി സന്ദശിക്കണമെന്നുള്ള നിശ്ചയത്തോടു കൂടിയാണ് രാജകുമാരൻ പുറപ്പെട്ടിരുന്നതു്. കരമാഗ്ഗമായും ജലമാഗ്ഗമായും ചെയ്യുതായ ഈ യാത്രയിൽ പ്രഭു ഭാൎയ്യാസമേതം എട്ടുമാസംകൊണ്ടു നാല്പതിനായിരത്തോളം നാഴിക സഞ്ചരിക്കുകയും അഞ്ചു ചെറുസമുദ്രങ്ങളും മൂന്നു മഹാ സമുദ്രങ്ങളും കടക്കുകയും ചെയ്യുതായി പറയപ്പെട്ടിരിക്കുന്നു.

ഈ യാത്രയിൽ പ്രഭു, താൻ മുൻപു നാവികസേനാധിപത്യം ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടി അഭ്യസിച്ചും പരിചയിച്ചും സമ്പാദിച്ച അറിവിനേയും ആ വിഷയത്തിൽ അക്കാലത്തു തനിക്കുണ്ടായിരുന്നതായി

മാററം ഭവിച്ചിട്ടില്ലാഞ്ഞ പ്രതിപത്തിയേയും പലവിധത്തിൽ പ്രത്യക്ഷപ്പെടുത്തി. ഒരു ദിവസം രാജകുമാരൻ കൂടെയുണ്ടായിരുന്ന ഉദ്യോഗസ്ഥന്മാരെ വിളിച്ച് ആവിയന്ത്രത്തിൻെറ ചൂളമുറിയിൽ ചെന്നു കുറെനേരം എല്ലാവരും കൂടി കല്ക്കരി ഇളക്കിയിട്ടുകൊടുത്തു ഈ കായ്യത്തിൽ നമ്മുടെ കഥാനായകനേക്കാൾ ഉത്സാഹമോ സാമത്ഥ്യമോ അവരിൽ മററാക്കും ഉണ്ടായിരുന്നില്ല. ഇതു കഴിഞ്ഞപ്പോൾ രാജകുമാരൻ, പണികഴിഞ്ഞു ആലയിൽനിന്നു വരുന്ന കൊല്ലനെപ്പോലെ വിയത്തു മലിനശരീരനായിത്തീന്നിരുന്നു. ഏവംവിധങ്ങളായ പ്രവൃത്തികൾ നിമിത്തം പ്രഭു കപ്പലിൽ നിമ്നോന്നത സ്ഥാനപ്രാപ്തന്മാരായിട്ടുണ്ടായിരുന്ന സകല ജോലിക്കാരുടെയും പ്രീതിക്കു പാത്രീഭവിച്ചു.

നമ്മുടെ കഥാനായികാനായകന്മാർ മദ്ധ്യേ മാഗ്ഗം ലങ്ക, സിംഗപ്പൂര് എന്നീ സ്ഥലങ്ങൾ സന്ദശിക്കുകയും മെയിമാസം ൭ാം തിയതി ആസ്ത്രേലിയായിൽ ചെന്നുചേരുകയുംചെയ്തു. മൻനിശ്ചയപ്രകാരം മെയിമാസം ൯ാം തീയതി പ്രഭുവും പ്രഭ്വിയും കൂടി എഡ്വാർഡ് മഹാരാജാവിൻെറ നാമധേയത്തിൽ മെൽബോർണിൽവെച്ചു പുതിയ പാർലമെൻറു സഭയുടെ ആരംഭക്രിയ നടത്തി. നവീനമായ ഈ മഹാസ്ഥാപനത്തേ സംബന്ധിച്ചും രാജസന്ദശനം പ്രമാണിച്ചും മേൽബോണിലും ആസ്ത്രേലിയായിലുള്ള ഇതരനഗരങ്ങളിലും നടത്തപ്പെട്ട മഹോത്സവഘോഷങ്ങളേയെല്ലാം ഇവിടെ സവിസ്തരം വിവരിക്കുന്ന കായ്യം അസാദ്ധ്യമാണ്. എങ്കിലും നമ്മുടെ കഥാനായികാനായകന്മാർ അവിടങ്ങളിലെല്ലാമുള്ള സകലജനങ്ങളെയും തങ്ങളുടെ കരുണാസമ്പൂണ്ണങ്ങളും ബുദ്ധിപൂവ്വകങ്ങളും ഗാംഭീയ്യാന്വിതങ്ങളുമായ വചനങ്ങളാലും പ്രവൃത്തികളാലും അപഹൃതചിത്തവൃത്തികളാക്കിത്തീക്കുകയും ആസ്ത്രേലിയാക്കാക്കു രാജകുടുംബത്തോ

ട്ടം മാതൃരാജ്യത്തോടുമുള്ള ഭക്തിസ്നേഹാദികളെ ശതഗു ണം വൎദ്ധിപ്പിക്കുകയും ചെയ്യു എന്നുള്ളതു പ്രത്യേകം സ്മരണീയമായിരിക്കുന്നു. വിക്ടോറിയാ എന്ന രാജ്യവി ഭാഗത്തിന്റെ തലസ്ഥാനമായ മെൽബോർണ്ണിൽ നിന്നു പ്രഭുവും പ്രഭ്വിയും പുറപ്പെട്ടു ആസ്ത്രേലിയായി ലെ ഇതരരാജ്യവിഭാഗങ്ങളെല്ലാം സന്ദൎശിച്ചതിന്റെ ശേഷം വീണ്ടും കപ്പൽ കയറി തെക്കെ ആഫ്രിക്കാ യിലേയ്ക്കു യാത്രയായി ആഗസ്റ്റ് മാസം ൧൨ാം തിയ്യതി നെററലിന്റെ തുറമുഖവും തെക്കേ ആഫ്രിക്കായിലേ ഒരു പ്രധാനസ്ഥലവുമായ ഡർബാൻ പട്ടണത്തിൽ ക പ്പൽ ചെന്നെത്തി. അവിടെ അക്കാലത്തും ബോവർ യുദ്ധം അവസാനിക്കാതെ നടന്നുകൊണ്ടിരുന്നതിനാൽ പല കുഴപ്പങ്ങളുണ്ടായിരുന്നു. എങ്കിലും തദ്ദേശവാസിക ൾ അടുത്ത കിരീടാവകാശിയായിത്തീൎന്നിരുന്ന ആ രാജ കുമാരനെയും പത്നിയേയും സാദരം സ്വീകരിക്കുകയും മ ററുള്ള രാജ്യനിവാസികളേപ്പോലെ തന്നെ തങ്ങളുടെ രാ ജഭക്തിയേയും സന്തോഷത്തേയും ധാരാളം പ്രദൎശിപ്പി ക്കുകയും ചെയ്യു. അപ്രകാരം തന്നേ പ്രഭുവും കഷ്ടസ്ഥി തിയിലും ദുഃഖാവസ്ഥയിലും ഇരിക്കുന്നവരോടു തനി ക്കു പ്രകൃത്യാ ഉള്ള അനുകമ്പയേയും രാജഭക്തിയും സ്വ രാജ്യസ്നേഹവും നിമിത്തം കഷ്ടനഷ്ടങ്ങൾ അനുഭവി ക്കുന്നതിനും പ്രാണത്യാഗം ചെയ്യുന്നതിനും സന്നദ്ധ രായിരിക്കുന്നവരെക്കുറിച്ചു തനിക്കുള്ള ബഹുമാനത്തെ യും പലവിധത്തിൽ അവിടെയും പ്രകടിപ്പിച്ചു.

ആഗസ്റ്റ് ൨൩ാംതിയ്യതി തെക്കെ ആഫ്രിക്കയിൽനി ന്നു വടക്കെ അമേരിക്കയുടെ ഉത്തരഭാഗത്തുള്ളതും ഒരു മഹാരാജ്യവുമായ കാനഡായിലേക്കു യാത്രയാരംഭിച്ചു. ഇവരുടെ സന്ദൎശനത്തെ വാഞ്ഛയോടുകൂടെ പ്രതിക്ഷി ച്ചുകൊണ്ടിരുന്ന കാനഡക്കാരും രാജകീയയാഡംബര ങ്ങളോടും, രാജഭക്തിയുടെയും, ആഹ്ലാദത്തിന്റെയും

അനേകതരങ്ങളായ ലക്ഷ്യങ്ങളോടും കൂടെ രാജകുമാരി കുമാരന്മാരെ സ്വീകരിച്ചു. പ്രധാനപട്ടണങ്ങൾ കൂടാതെ കൃഷിസംബന്ധിച്ചു കീൎത്തിയുള്ള സ്ഥലങ്ങളിലും ഇവർ പോയി. ഈ സന്ദൎശനത്തിൻെറ ഫലവും ഇതരദേശങ്ങളിലെ പോലെ തന്നെ പ്രജകളുടെ ഇടയിൽ നമ്മുടെ കഥാനായികാനായകന്മാരെ പററി അതിയായ ഭക്തിബഹുമാനാദികളുടെ വൎദ്ധനവായിരുന്നു.

ആഫ്രിക്കയിൽ കെെപ്കോളനിയിൽവെച്ച് ആൺകുട്ടികൾ എല്ലാംകൂടെ ചേൎന്നു ദ്രവ്യശേഖരം ചെയ്തു വിശേഷതരമായ രണ്ടു ചെറിയ കുതിരകളെ പ്രഭുവിൻെറ കുട്ടികൾക്കു സമ്മാനമായി കൊടുക്കാനായിട്ടു കാഴ്ചവച്ചു. കാനഡായ്ക്കു സമീപം ഉള്ള ന്യൂബ്രൺസ്വിക്ക് എന്ന സ്ഥലത്തെ ബാലവൎഗ്ഗം, രാജകുമാരൻെറ ഇളയകുഞ്ഞുങ്ങളുടെ പേൎക്കായി ന്യൂഫൌൻഡ് ലാൻഡിലെ ഒരുമാതിരി വലിയ പട്ടികൾ വലിയ്ക്കുന്ന ഒരു തരം ചെറുവണ്ടിയും സമ്മാനമായി സമൎപ്പിച്ചു. കാനഡായിൽ ടോറൻെറാ എന്ന പട്ടണത്തിലെ ബാലികാവൎഗ്ഗം ചേൎന്നു ചെറിയ രാജകുമാരിയുടെ പേൎക്കു വിശേഷപ്പെട്ട കളിസാമാനങ്ങൾ വാങ്ങി തിരുമുൽകാഴ്ചവച്ചു. മാതാപിതാക്കന്മാർ ഇവയെയെല്ലാം നന്ദിപൂൎവ്വം സ്വീകരിച്ചിരിക്കുന്നതായി അറിയിക്കുകയും സസന്തോഷം കുട്ടികൾക്കായി കൊണ്ടുപോകയും ചെയ്തു.

ഒടുവിൽ ഒക്ടോബർ മാസാവസാനത്തിൽ രാജകുമാരനും പത്നിയും ഇംഗ്ലണ്ടിൽ തിരിച്ചെത്തി. എഡ്വർഡ് മഹാരാജാവും അലക്സാന്ദ്രാമഹാരാജ്ഞിയും പൌത്രീപൌത്രന്മാരോടു കൂടെ കപ്പലിൽ വന്നു എല്ലാവരും തമ്മിൽ ദീൎഘകാലവിരഹത്തിൻെറ ശേഷം വീണ്ടും കണ്ടപ്പോൾ ഉണ്ടായ ആനന്ദാശ്രുക്കളും ആലിംഗനാദികളും മററും വൎണ്ണിക്കേണമെന്നില്ലല്ലോ.

നവംബർമാസം ൯-ാം തീയ്യതി എഡ്വേർഡ് മഹാരാജാവിന്റെ ജന്മനക്ഷത്രദിവസം ആണ്ടുതോറും ഉള്ള പതിവുപോലെ സ്ഥാനമാനങ്ങൾ നല്കിയ കൂട്ടത്തിൽ ഈ സംവത്സരത്തിൽ ഒന്നാമത്തേതു, യോൿപ്രഭുവിനു, വെയിത്സ്പ്രഭുവെന്നുള്ള സ്ഥാനം കല്പിച്ചുകൊടുത്തതായിരുന്നു. ഈ ശ്രേഷ്ഠസ്ഥാനപ്രാപ്തിയും, ഏററവും ശ്ലാഘ്യമാംവണ്ണം നിവൎത്തിച്ചതായ ദേശസന്ദൎശനങ്ങളും, ഉദ്ദേശിച്ചു രാജകുമാരികുമാരന്മാരെ ബഹുമാനിയ്ക്കുയും അനുമോദിയ്ക്കുയും ചെയ്യുന്നതിനായി ലണ്ടനിലെ ലോർഡ്മേയർ എന്ന മഹാൻ, കേമമായ ഒരു വിരുന്നു കഴിയ്ക്കുയുണ്ടായി. രാജ്യത്തുള്ള മഹതീമഹാന്മാർ മിക്കവരും ഹാജരുണ്ടായിരുന്ന ഈ സദസ്സിൽ സാമ്രാജ്യത്തിന്റെ ഭാവിശ്രേയസ്സിനെ ഉദ്ദേശിച്ചു വെയിത്സ്പ്രഭു ചെയ്യതായ പ്രസംഗം സൎവ്വഥാ ശ്ലാഘായോഗ്യമെന്ന് എല്ലാവരും സമ്മതിച്ചുപോയി.

൧൦-ാം അദ്ധ്യായം.

ഇൻഡ്യാസന്ദൎശനം

എഡ്വേർഡ് മഹാരാജാവു വെയിത്സ്പ്രഭുവായിരുന്ന കാലത്തു് ഇൻഡ്യയെ സന്ദൎശിച്ചതുപോലെ നമ്മുടെ കഥാനായകനും ആ സ്ഥാനത്തിരുന്നതായ കാലത്തു് അപ്രകാരം ചെയ്യുന്നതു് ആവശ്യകമാണെന്നു കണ്ടു് അതിലേയ്ക്കു വേണ്ടുന്ന ചട്ടംകെട്ടുകളും ഒരുക്കങ്ങളുമെല്ലാം ചെയ്തു. ഇതിലേയ്ക്കു അലങ്കരിച്ചു തയാറാക്കിയിരുന്നതു "റിനൌൺ" എന്ന യുദ്ധക്കപ്പലായിരുന്നു. പ്രഭുവും പ്രഭ്വിയും പരിവാരസമേതം അതിൽക്കയറി ൧൯൦൫ ഒക്ടോബർ മാസത്തിൽ പുറപ്പെടുകയും ചക്രവൎത്തി തിരുമനസ്സിലെ ജന്മനക്ഷത്ര ദിവസമായ നവംബർ ൯-ാം തീയ്യതി ബോംബയിലെത്തുകയും ചെയ്തു.

അവിടെ ജനങ്ങൾ പ്രഭുവിന്റെയും പ്രഭ്വിയുടെയും എതിരേല്പ്, ഘോഷയാത്ര മുതലായവയുടെ ആഡംബരാഘോഷങ്ങൾകൊണ്ടു തങ്ങളുടെ രാജഭക്തിയേയും ആഹ്ലാദത്തെയും ആസ്ത്രേലിയാക്കാർ മുതലായവരേക്കാൾ വളരെയധികം പ്രദർശിപ്പിച്ചു. നമ്മുടെ നാട്ടുകാർ ആഡംബരാസക്തിയും രാജഭക്തിയും സാമാന്യത്തിലധികമുള്ളവരാണെന്നു പ്രസിദ്ധമാണല്ലോ. അവിടെ നാലഞ്ചുദിവസം താമസിച്ചതിന്നിടയ്ക്കു പല കൂടിക്കാഴ്ചകളും, വിനോദങ്ങളും, എല്ലാം നടന്നു. ഹിന്ദുക്കൾ, മഹമ്മദീയർ, പാർസികൾ എന്നിവരുടെ വർഗ്ഗത്തിൽപ്പെട്ട പ്രധാന സ്ത്രീകൾ കൂടി പ്രഭ്വിക്ക് ഒരു മംഗളപത്രം സമർപ്പിക്കുകയും അതിന്നു യഥോചിതം പ്രഭ്വി ഒരു മറുപടി കൊടുക്കുകയും ചെയ്തു. ആ മറുപടിയിൽ ഇൻഡ്യയിലെ സ്ത്രീജനങ്ങൾക്കു സഹജമായ ഗുണങ്ങളെക്കുറിച്ചു അവിടത്തേക്കുള്ള ബഹുമാനത്തേയും അവരുടെ ഉൽകർഷത്തിലുള്ള താല്പര്യത്തേയും ഹൃദയംഗമമാം വണ്ണം കാണിച്ചിരുന്നു.

രാജകുമാരികുമാരന്മാർ ബോംബെയിൽനിന്നു പോയി രാജപുട്ടാണയും മററനേകം ഏതദ്ദേശ്യരാജ്യങ്ങളും സന്ദർശിക്കുകയും ആ രാജ്യങ്ങളിലേ അധിപന്മാരും പ്രജകളും ഇവരേ കോലാഹലസമേതം എതിരേററു സല്കരിക്കുകയും ചെയ്തു. ഈ കൂട്ടത്തിൽ എല്ലാംകൊണ്ടും പ്രധാനപ്പെട്ടവർ ഹോൽക്കർ, ഉദയപുരിയിലേ മഹാറാനാ, ജെയിപ്പൂരു മഹാരാജാവു, ബിക്കാനീരിലേ മഹാരാജാവു, ബോപാലിലേ "ബീഗം" എന്ന സ്ഥാനമുള്ള മഹമ്മദുരാജ്ഞി എന്നിവരായിരുന്നു.

അനന്തരം പ്രഭുവും പ്രഭ്വിയും വടക്കേ ഇൻഡ്യയേ പ്രാപിച്ചു. ഇവിടെ പ്രാധാനമായി അവർ സന്ദർശിച്ചതു പഞ്ചാബ് സംസ്ഥാനമാണ്. ഇവിടെവെച്ചു

പല രാജാക്കന്മാർ വന്നു പ്രഭുവിനേ കാണുകയുണ്ടായി.

പിന്നീട രാജകുമാരികുമാരന്മാർ സന്ദശിച്ചതു "റാവൽപിണ്ടി" എന്ന സ്ഥലമാണ്. അവിടെവെച്ചു സീക്കുകാർ, പഞ്ചാബ്യകാർ, പട്ടാണികൾ മുതലായ യോദ്ധാക്കളും ബ്രിട്ടീഷുപടയാളികളുമൾപ്പടെ ൫൦൦൦ സൈനികന്മാർ ചേൎന്നു രാജകുമാരൻെറ സാന്നിദ്ധ്യത്തോടു കൂടി ഒരു കവാത്തുണ്ടായി. ഇൻഡ്യയുടെ സമാധാനപാലനാൎത്ഥം ഉപയോഗപ്പെടുന്ന സൈന്യബലത്തിൻെറ മാഹാത്മ്യത്തെപ്പററി ഒരു ധാരണയുണ്ടാകുന്നതിനു ആ സൈന്യസമ്മേളനം വിശേഷമായിരുന്നു.

അതിൻെറശേഷം പ്രഭുവും പ്രഭ്വിയും സന്ദശിച്ചതു് ഇൻഡ്യയുടെ വടക്കുകിഴക്കായിട്ടുള്ള "കാശ്മീര" രാജ്യവും സീക്കുകാരുടെ ഒരു പ്രധാനസ്ഥലമായ "അമൃതസാരം" എന്ന പട്ടണത്തിലെ ചരിത്രപ്രസിദ്ധങ്ങളായ വിശേഷ സ്ഥാപനങ്ങളും മററുമാണ്. കാശ്മീര മഹാരാജാവും സീക്കുകാരും പ്രഭുവിനെയും പ്രഭ്വിയേയും സാദരം സൽക്കരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. സീക്കു പടയാളികൾ ബ്രിട്ടീഷു സാമ്രാജ്യത്തെക്കുറിച്ചു വളരെ ഭക്തിയുള്ളവരാണെന്നു പ്രസിദ്ധമാണല്ലോ. ൧൮൫൭-ൽ ഉണ്ടായ ശിപായി ലഹളയിൽ ഇൻഡ്യൻ സൈന്യത്തിൻെറ മിക്കശാഖകളും എതൃത്തുനിന്നിട്ടും ഇവർ ആദ്യാവസാനംവരെ വിശ്വസ്തരായിത്തന്നെയാണു് നിന്നിട്ടുള്ളതു്.

തദനന്തരം നമ്മുടെ കഥാനായികാനായകന്മാർ ചരിത്രപ്രസിദ്ധമായ ഡൽഹിപട്ടണത്തെ പ്രാപിച്ചു. ആ സ്ഥലവിശേഷങ്ങളെപ്പററി ഇനിയൊരദ്ധ്യായത്തിൽ വിവരിക്കേണ്ടിയിരിക്കുന്നതിനാൽ ഇവിടെ ഒന്നും വിസ്തരിക്കുന്നില്ല. അവിടെനിന്നു പോയി അവർ അ

ഗ്രാപട്ടണമാണ് സന്ദശിച്ചത്. അവിടെ കണ്ടവയി ൽ സവിശേഷം അവരുടെ മനസ്സിനെ ആകഷിച്ചതു ചരിത്രപ്രസിദ്ധമായിട്ടുള്ള "രാജ് മഹാൾ" എന്ന മ നോഹരമന്ദിരമാണ്. വെണ്മയേറിയ മാർബിൾക്കല്ലു കൊണ്ടു് അത്ഭുതകരമായ ശില്പവൈദഗ്ദ്ധ്യപ്രകടന ത്തിനു വിഷയീഭവിച്ചതായ ആ കെട്ടിടം രാജകുമാരീ കുമാരന്മാർ പകലും നിമ്മലചന്ദ്രികാപ്രകാശത്തോടു കൂടിയ രാത്രിയിലും കണ്ടു നയനസാഫല്യം വരുത്തി. അവിടെ വെയിത്സ്പ്രഭു ജനങ്ങളുടെ അപേക്ഷപ്ര കാരം തന്റെ പിതാമഹിയായ വിക്ടോറിയാമഹാരാ ജ്ഞീതിരുമനസ്സിലെ ഒരു പ്രതിമാസ്ഥാപനത്തിന്റെ പ്രാരംഭദശനക്രിയ നടത്തുകയും അതിനായി കൂടിയ യോഗത്തിൽ സരസവും ഹൃദയംഗമവുമായ ഒരു പ്ര സംഗം ചെയ്യുകയുമുണ്ടായി.

പ്രഭുവും പ്രഭ്വിയും ആഗ്രായിൽനിന്നു "സിൻ ഡ്യാ" രാജ്യത്തിന്റെ തലസ്ഥാനമായ "ഗ്വാളിയറിലേ ക്കു പോയി. അവർ അവിടെ താമസിച്ചിരുന്ന കാല ത്തു ക്രിസ്തുമസ്സ് വരികയാൽ മുൻനിശ്ചയപ്രകാരം തൽ സംബന്ധങ്ങളായ ആഘോഷങ്ങളൊക്കെ നടത്തുക യും മുൻകൂട്ടിക്കരുതി സ്വദേശത്തുനിന്നു കൊണ്ടുപോ യിരുന്ന വിവിധസാധനങ്ങൾ സായ്പന്മാരുടെയും നാ ട്ടുകാരുടെയും അനേകം കുട്ടികൾക്കു സമ്മാനിക്കുകയും ചെയ്തു.

അവിടെനിന്നു രാജകുമാരീകുമാരന്മാർ നേരേ ക ല്ക്കട്ടായിക്കാണ് പോയതു്. അന്നു് ഇൻഡ്യാ മഹാരാ ജ്യത്തിന്റെ തലസ്ഥാനമായിരുന്ന ആ പട്ടണത്തിലു ണ്ടായ ആഡംബരങ്ങളും ആഘോഷങ്ങളുമെല്ലാം അ വണ്ണനീയങ്ങളായിരുന്നു. അവിടെയും പ്രധാനപ്പെട്ട സ്ത്രീകളെല്ലാം ഒരു യോഗം കൂടുകയും ആ മഹാസദസ്സി ൽ അവർ നമ്മുടെ പ്രഭ്വിയെ ക്ഷണിച്ചു വിശേഷ

 പ്പെട്ട ഒരു പവിഴമാല കാഴ്ച വെയ്ക്കുകയും ചെയ്തു. പ്രഭി അതിനെ സന്തോഷസമേതം സ്വീകരിക്കുകയും ആ സദസ്സിൽവെച്ചു തന്നെ തന്റെ കഴുത്തിൽ അണിയുകയും ചെയ്യുകയാൽ ആ മാന്യസ്ത്രീകൾക്കു വളരെ സന്തോഷവും കൃതാൎത്ഥതയുമുണ്ടായി. ആണ്ടുതോറും ജനുവരി ഒന്നാം തിയ്യതി വിക്ടോറിയാമഹാരാജ്ഞിയുടെ ചക്രവൎത്തിനീസ്ഥാനാരോഹണസ്മാരകമായി നടത്താറുള്ള വലിയ കവാത്തു പ്രഭു ദൎശിയ്ക്കയുണ്ടായി. വൈസ്രോയി, മഹാരാജാക്കന്മാർ മുതലായവരുടെ വകയായി രാജകീയരായ അതിഥികളെ സല്ക്കരിയ്ക്കുന്നതിനുണ്ടായ പല സമ്മേളനങ്ങൾ മുതലായവ കൂടാതെ, ജനസാമാന്യംവകയായി ഒരു വലിയ വിനോദക്കാഴ്ചയുണ്ടായിരുന്നു. ഇൻഡ്യക്കാരുടെ ആചാരമൎയ്യാദകളെയും വിനോദസമ്പ്രദായങ്ങളെയും മററും ഓരോ കൂട്ടർ അവിടെ പ്രദൎശിപ്പിച്ചതു പ്രഭ്വീപ്രഭുക്കൾക്കു രസകരമായിരുന്നു.

ഇവിടെവെച്ചു ഡർബംഗയിലെ മഹാരാജാവു ലക്ഷം രൂപാ നമ്മുടെ രാജകുമാരനു തിരുമുൽക്കാഴ്ച വെയ്ക്കുകയും രാജകുമാരൻ അതു മുഴുവനും അവിടെയുള്ള വൈദ്യപാഠശാലയ്ക്കും മററുമായി സംഭാവന ചെയ്യുകയും ചെയ്തു.

കല്ക്കട്ടായിൽനിന്നു പ്രഭു പത്നീസമേതം ബൎമ്മായിലേയ്ക്കാണ് പോയതു്. എഡ്വർഡ് മഹാരാജാവു് ഇൻഡ്യയെ സന്ദൎശിച്ച കാലത്തു ഗതാഗതസൌകൎയ്യക്കുറവുനിമിത്തം ഠരം സ്ഥലത്തു പോവുക ഉണ്ടായില്ല. ബൎമ്മയുടെ സ്ഥിതിക്ക് അന്നുമിന്നുമായി വളരെ അന്തരം വന്നിട്ടുണ്ട്. അവിടെക്കണ്ട കാഴ്ചകളിൽ രാജകുമാരനും കുമാരിക്കും അത്ഭുതകരങ്ങളായിത്തോന്നിയതു് ആനകളെക്കൊണ്ടു ചെയ്യിക്കുന്ന വിവിധങ്ങളായ വേലകളും ഇൻഡ്യയിൽനിന്ന വ്യത്യസ്തമായി, സ്ത്രീകൾ സ്വാത

ന്ത്യത്തോടുകൂടി വീടിനു വെളിക്കിറങ്ങി ചെയ്യുന്ന പല തരം ജോലികളുമാണ്.

പ്രഭുവും പ്രഭ്വിയും പിന്നിട്ട സന്ദർശിച്ചതു മദ്രാസ് പട്ടണമാണ്. ഇവർ കപ്പൽമാർഗ്ഗം തുറമുഖത്തെത്തിയപ്പോഴേയ്ക്കും ഗവർണ്ണർ മുതലായവർ അവിടെ ച്ചെന്നു സബഹുമാനം എതിരേററു ഗവർണ്ണരുടെ വസതിയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെയും ഘോഷയാത്ര മുതലായവയെല്ലാം വളരെ കേമമായിരുന്നു. മദ്രാസിലെ കാഴ്ചകൾ കണ്ടു പ്രഭുവും പ്രഭ്വിയും സന്തോഷിക്കുക മാത്രമല്ല ചെയ്തതു്; അവർ തങ്ങളുടെ കപ്പലിലെ വെടിക്കെട്ടു കാണിച്ചു് ആ പട്ടണവാസികളെ വിസ്മയിപ്പിക്കുകയും ആഹ്ലാദിപ്പിയ്ക്കുകയും ചെയ്തു.

അവിടെനിന്നു രാജകുമാരൻ സഭാര്യനായി മൈസൂരിലെത്തി. അവിടെയും എതിരേല്പും ഘോഷയാത്രയും മററും കെങ്കേമമായിരുന്നു. പ്രഭുവും പ്രഭ്വിയും മൈസൂരിൽ കണ്ട വിശേഷങ്ങളിൽ പ്രഥമഗണനിയങ്ങൾ, ഒരിക്കൽ തിരുവിതാംകൂറിനേയും ആക്രമിച്ച "മൈസൂർ വ്യാഘ്രം" എന്നു പ്രസിദ്ധനായിരുന്ന ടിപ്പുസ്സുൽത്താന്റെ രാജധാനിയും അതിഭയങ്കരമായ യുദ്ധാവസാനത്തിൽ ഇംഗ്ലീഷുകാർ പിടിച്ചടക്കിയ പട്ടണവും, ആയ ശ്രീരംഗവും കാട്ടാനകളേ പിടിക്കുന്നതിനുള്ള സമ്പ്രദായ വിശേഷങ്ങളുമായിരുന്നു.

അനന്തരം പ്രഭുവും പ്രഭ്വിയും സന്ദർശിച്ചതു് ഏതദ്ദേശ്യമഹാരാജാക്കന്മാരിൽ പ്രഥമഗണനിയനായ നൈസാമിന്റെ രാജ്യമായ ഹൈദ്രബാദാണ്. അക്കാലത്തു നൈസാമിന്റെ പ്രിയപുത്രി രോഗബാധിതയായി ആസന്നമരണയായിട്ടു കിടക്കുകയായിരുന്നു. എങ്കിലും അദ്ദേഹം സ്വാമിഭക്തി നിമിത്തം സ്വദുഃഖത്തെ ഉള്ളിലൊതുക്കിക്കൊണ്ടു രാജകുമാരന്റെ ആഗമനം സംബന്ധിച്ചു വേണ്ടുന്ന ഒരുക്കങ്ങളെല്ലാം ചെയ്യുകയും തിവ

ണ്ടിയാഃപ്പീസിൽച്ചെന്നു പ്രഭുവിനേ പത്നീസമേതം എതിരേല്ക്കുകയും ചെയ്തു. ആ ദിവസം പുത്രി പരലോകപ്രാപ്തയായിപ്പോയി. എങ്കിലും ആഘോഷങ്ങളെല്ലാം മുറയ്ക്കു നടത്തുന്നതിനു നൈസാം കല്പനകൊടുത്തു. എന്നാൽ യോഗ്യനായ പ്രഭു ആ വക യാതൊന്നിനും അനുവദിച്ചില്ല. രാജകുമാരൻ ഇവിടെയെന്നല്ല, മൈസൂർ മുതലായ പലസ്ഥലങ്ങളിലും ഒരു വിനോദമായി കരുതിച്ചെയ്തതു നായാട്ടാണ്. ഇൻഡ്യയിലെ വനങ്ങൾ മൃഗകുലസമ്പൂർണ്ണതകൊണ്ടും സൌകൎയ്യങ്ങൾകൊണ്ടും യൂറോപ്യന്മാരുടെ മനസ്സിനേ ആകൎഷിച്ചു നായാട്ടിനായി പ്രേരിപ്പിക്കുന്നതു സാധാരണമാണല്ലോ.

നമ്മുടെ കഥാനായികാനായകന്മാർ ഹൈദരബാദിൽനിന്നു പുറപ്പെട്ട്, ഹിന്തുക്കളുടെ പുണ്യസ്ഥലമായ കാശിപട്ടണവും മഹമ്മദീയരുടെ വകയായി ആലിഗാറിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരു മഹാ പാഠശാലയും ഇൻഡ്യയുടെ വടക്കുകിഴക്കു ഭാഗത്തുള്ള പ്രദേശങ്ങളും സന്ദൎശിച്ചു. ഇങ്ങനെയെല്ലാം ചുററിസ്സഞ്ചരിച്ച് ഒടുവിൽ മാൎച്ച്മാസാവസാനത്തോടു കൂടി വെയിത്സ് പ്രഭു ദൈവകാരുണ്യത്താൽ യാതൊരു സുഖക്കേടും കൂടാതെ സിന്ധുനദീമുഖത്തിനു സമീപമുള്ള കറാച്ചി എന്ന തുറമുഖത്തുനിന്നു ഭാൎയ്യാസമേതം കപ്പൽ കയറി നേരേ ഇംഗ്ലണ്ടിലേയ്ക്കു തിരിച്ചു പോവുകയും ചെയ്തു.

രാജകുമാരന്റെ ഈ സന്ദൎശനം മൂലം ചക്രവൎത്തിസ്ഥാനാവകാശിയെ അഭിമുഖമായി കണ്ട് അവിടുത്തെ ഗുണഗണങ്ങളെപ്പററി അറിയുന്നതിന് നാനാസ്ഥിതികളിലും ജാതിമതങ്ങളിലും ഉൾപ്പെട്ട അനേകജനങ്ങൾക്കു സംഗതിയായി. ബ്രിട്ടീഷ് രാജകുടുംബത്തോടുള്ള ഭക്തി വൎദ്ധിയ്ക്കുന്നതിനു ഇതു ശക്തിമത്തായ ഒരു ഹേതുവായിത്തീൎന്നു എന്നുള്ളതിനു സംശയമില്ല. ജയപുരി മഹാരാജാവു തന്റെ വാളിനെ രാജ

കുമാരൻെറ പാദത്തിങ്കൽ സമപ്പിച്ചതും, വലിയ മഹാരാജാവായ സിൻഡിയാരാജകുമാരന് ആചാരംചെയ്യാനായി തൻെറ സിംഹാസനത്തിൽനിന്ന് അവരോഹണം ചെയ്യുതും, ഏതദ്ദേശ്യപ്രഭുക്കൾക്കുണ്ടായ മാനസികവികാരങ്ങളുടെ ദൃഷ്ടാന്തമായി എടുക്കാം. ഇൻഡ്യയുടെ പല ഭാഗങ്ങൾ സന്ദശിച്ചപ്പോൾ രാജഭക്തിസൂചകങ്ങളായി ഉണ്ടായ പ്രഭാവങ്ങളുടെയും ആഡംബരങ്ങളുടെയും മഹിമ അവിടുത്തെ മനസ്സിൽ പതിഞ്ഞതുപോലെ തന്നെ, ഇൻഡ്യയിൽ കൃഷിവേലക്കാരായും, യന്ത്രശാലാവേലക്കാരായും, ദാരിദ്ര്യത്തിലും ഞെരുക്കത്തിലും കഷ്ടപ്പെടുന്ന ലക്ഷോപലക്ഷം സാധുക്കളുടെ ദയനീയമായ അവസ്ഥയെക്കുറിച്ചുള്ള ബോധവും തജ്ജന്യമായ അനുകമ്പയും ശക്തിയോടുകൂടി മനസ്സിൽ വ്യാപരിച്ചു എന്നു രാജകുമാരൻ ഓരോസന്ദഭത്തിൽ പറഞ്ഞിട്ടുള്ള വാക്കുകളിൽനിന്നു പ്രത്യക്ഷപ്പെടുന്നു.

തിരിയെ ഇംഗ്ലണ്ടിൽ ചെന്നപ്പോൾ ജനസാമാന്യം ആഘോഷപൂവ്വം സന്തുഷ്ടചിത്തരായി കുമാരികുമാരന്മാരെ സ്വീകരിച്ചു. ലണ്ടൻ പട്ടണത്തിലെ ലോർഡ് മെയർ മുമ്പിലത്തെപോലെ സവ്വമംഗളമായും വിജയമായും സാധിച്ച ഈ യാത്ര പ്രമാണിച്ചു പ്രഭുവിനും പ്രഭ്വിക്കും ഒരു വിരുന്നു കഴിയ്ക്കുകയും, പ്രഭു തദവസരത്തിൽ അതിവിശേഷമായ ഒരു പ്രസംഗം ചെയ്കയും ചെയ്തു. ഈ പ്രസംഗത്തിൽ ബ്രിട്ടിഷ്‌രാജ്യപ്രധാനന്മാർ പുസ്തകങ്ങളെ മാത്രം ആശ്രയിക്കാതെ ഇൻഡ്യയെ സന്ദശിച്ചു രാജ്യത്തിൻെറയും ജനങ്ങളുടെയും സ്ഥിതിയെപ്പററി ശരിയായ ജ്ഞാനം സമ്പാദിയ്ക്കേണ്ടതിൻെറയും, ഭരണകത്താക്കൾ തങ്ങളുടെ കൃത്യനിവ്വഹണത്തിൽ ഇൻഡ്യക്കാരോടു വിശിഷ്യ അനുകമ്പ കാണിയ്ക്കേണ്ടതിൻെറയും ആവശ്യകതയെപ്പററി ദൃഢമായി പ്രതിപാദിച്ചതു് എല്ലാവരുടെയും ശ്രദ്ധയെ ആകഷിച്ചു്. ഇതു

വെറും ഭംഗിയുള്ള വാക്കുമാത്രമായി പരിണമിച്ചില്ലെന്നുള്ളതു്, ഇൻഡ്യാ ഭരണംസംബന്ധിച്ചു പിന്നീടു നടന്നിട്ടുള്ള പല സംഭവങ്ങളും തെളിയിക്കുന്നുണ്ടു്. രാജകുമാരിയ്ക്കു് ഇൻഡ്യയിലെ സ്ത്രീകളുടെ അവസ്ഥയെപ്പററിയുണ്ടായ ജ്ഞാനവും അവരുടെ സ്ഥിതിയുടെ ഉൽകർഷത്തിനായുള്ള എല്ലാ പ്രവൃത്തികളിലും അവിടുത്തേക്കുണ്ടായതായ ഉത്സാഹവും, ഈ സന്ദർശനത്തിൻെറ ഗണ്യമായ വേറൊരു ഫലമായിട്ടിരിയ്ക്കുന്നു എന്നുള്ളതും സ്മരണീയമാണു്.

ഇൻഡ്യാസന്ദർശനം കഴിഞ്ഞു മടങ്ങിയെത്തിയതിൻെറ ശേഷം കുടുംബസംബന്ധങ്ങളായ ചില വിശേഷസംഭവങ്ങൾ നിമിത്തം വെയിത്സ്പ്രഭുവിനു യൂറോപ്പിലുള്ള പല രാജ്യങ്ങളിൽ പത്നീസമേതം പോകേണ്ടതായി വന്നു. ഒന്നാമതായി പോയതു് എഡ്വേർഡ് മഹാരാജാവിൻെറ ഭാഗിനേയിയായ ബാററൻബെർഗ് കുമാരിയും സ്പെയിനിലേ രാജാവുമായി നടന്ന വിവാഹമഹോത്സവത്തിൽ സംബന്ധിക്കാനായിട്ടായിരുന്നു. ആ വധൂവരന്മാർ വിവാഹം കഴിഞ്ഞു ദേവാലയത്തിൽനിന്നു തിരിയെപ്പോയ ഘോഷയാത്രയിൽ യൂറോപ്പിലേ അരാജകകക്ഷിക്കാരുടെ ആജ്ഞാകരന്മാരിലൊരുവൻ ഠരം നവദമ്പതിമാരേ അപായപ്പെടുത്താനായി ആഗ്നേയാസ്ത്രം പ്രയോഗിച്ചു. എങ്കിലും ദൈവകാരുണ്യത്താൽ അതു ഫലിച്ചില്ല. ആ വധൂവരന്മാരുടെ പിന്നാലേ അടുത്ത വണ്ടിയിൽ പോയിരുന്നതു നമ്മുടെ പ്രഭുവും പ്രഭ്വിയുമായിരുന്നു. ആ ആഗ്നേയാസ്ത്രപ്രയോഗം ഫലിച്ചിരുന്നുവെങ്കിൽ വരാമായിരുന്ന ആപത്തും സങ്കടവും എത്രമാത്രമായിരിക്കുമായിരുന്നുവെന്നുള്ളതു പറയണമെന്നില്ലല്ലോ.

പിന്നീടു പോയതു രാജകുമാരൻെറ സഹോദരിഭർത്താവും ഡെന്മാർക്കിലേ ചാർത്സ് രാജകുമാരനുമായ മ

ഹാനേ നോർവെയിലേ രാജാവാക്കി വാഴിച്ചതനുസ രിച്ചുണ്ടായ സിംഹാസനാരോഹണമഹോത്സവത്തിൽ സംബന്ധിക്കുന്നതിനായിട്ടായിരുന്നു. ഠരം യാത്രയിൽ അവർ അവരുടെ ഏകപുത്രിയായ മേറികുമാരിയേയും കൊണ്ടുപോയിരുന്നു.

തദനന്തരം കാനഡാമഹാരാജ്യത്തു രാജ്യചരിത്ര സംബന്ധമായി നടന്ന ഒരു തൃതീയശതാബ്ദമഹോ ത്സവത്തിൽ സംബന്ധിക്കുന്നതിനായി എഡ്വാർഡ് മ ഹാരാജാവിൻെറ പ്രതിനിധിയുടെ നിലയിൽ വെയി ത്സ് പ്രഭു ഭാൎയ്യാസമേതം വീണ്ടും അവിടെ പോയിരുന്നു.

൧൧-ാം അദ്ധ്യായം.

സ്ഥാനാരോഹണം.

൧൯൧൦-ാമാണ്ടിൻെറ ആരംഭത്തിൽ എഡ്വാർഡ് മഹാരാജാവു തിരുമനസ്സുകൊണ്ടു പതിവുപോലെ ദേഹ സുഖാൎത്ഥം യൂറോപ്പിലുള്ള അന്യരാജ്യങ്ങളിൽ കുറച്ചു ദി വസം സഞ്ചരിച്ചു. ആ യാത്രയിൽ പാറിസിൽവെച്ച് അവിടേയ്ക്കു് ഒരു ജലദോഷം ആരംഭിക്കുകയും അതു വ ൎദ്ധിച്ചപ്പോൾ കഠിനമായ ചുമയുടെ ഉപദ്രവം കൂടി വ ന്നു കൂടുകയും ചെയ്തു. ആ സുഖക്കേടു വലിയ ആപൽ കരമായിത്തീരുന്നുമോ എന്നു ശങ്കിച്ചുവെങ്കിലും അ വിടുന്നു കാഴ്ചയിൽ സ്വസ്ഥശരീരനെന്നപോലെ തിരി യെ ഇംഗ്ലണ്ടിൽ വന്നുചേൎന്നു. എങ്കിലും ഗൌരവമേ റിയ രാജ്യകാൎയ്യങ്ങൾ മൂലം മനസ്സിനുണ്ടായ അദ്ധ്വാ നം നിമിത്തവും ശീതത്തിൻെറ ആധിക്യംകൊണ്ടും ൧൯൧൦ മെയിമാസമായപ്പോഴേയ്ക്കും മഹാരാജാവിനു സു ഖക്കേടുകൾ വീണ്ടും ആരംഭിക്കുകയും അതു പെട്ടെന്നു വൎദ്ധിച്ച് ൫-ാം തിയ്യതി ആയപ്പോഴേയ്ക്കും അവിടുന്നു തി രെ കിടപ്പിലാവുകയും അസാദ്ധ്യസ്ഥിതിയിലായിരിക്കു

ന്നതായി ഡോക്ടർമാർ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. എന്തിനു വളരെപ്പറയുന്നു? ന്നാം തീയ്യതി വെള്ളിയാഴ്ച രാത്രിയിൽ ഏകദേശം പന്ത്രണ്ടു മണിക്ക് ആ മഹാഭാഗ്യനിധി തന്റെ കളത്രപുത്രപൌത്രമിത്രാദികളെയും കാൻറർബറിയിലെ ആർച്ച് ബിഷോപ്പിനേയും മററു ചുരുക്കം ചിലരെയും സമീപത്തിങ്കൽ കണ്ടുകൊണ്ടു ദിവ്യ നിദ്രയേ പ്രാപിക്കുകയും ചെയ്തു.

ബ്രിട്ടീഷുസാമ്രാജ്യനഭോമണ്ഡലത്തിൽ സകലകലാപൂർണ്ണനായി ശോഭിച്ചുകൊണ്ടിരുന്ന ഈ രാജശേഖരൻ നിത്യാനന്ദ സമുദ്രത്തിൽ മറഞ്ഞ സമയം ലോകമാകപ്പാടെ ദുഃഖാന്ധകാരത്തിൽ മുഴുകിപ്പോയി എന്നുള്ളതു പറയണമെന്നില്ലല്ലൊ. പെട്ടെന്നുണ്ടായ ഈ കഠിന സംഭവം നിമിത്തം ഭൂലോകവാസികളാകപ്പാടെ ദുഃഖപരവശന്മാരാവുകയും എല്ലാവരും ആ ദുഃഖത്തെ യഥായോഗ്യം ആചരിക്കുകയും ചെയ്തു. ഇംഗ്ലണ്ടു മുതലായ സ്ഥലങ്ങളിലെ സകലപള്ളികളിലും ഈ സംഗതി നടന്നതിന്റെ അടുത്ത ഞായറാഴ്ച ഈ മഹാരാജാവു തിരുമനസ്സിലേപ്പേരിലുള്ള ഭക്തിബഹുമാനാദികളെ പ്രസംഗങ്ങൾ മുതലായവകൊണ്ടു പ്രത്യക്ഷപ്പെടുത്തി.

നാടുവാഴുന്ന രാജാക്കന്മാർ നാടുനീങ്ങിയാലുടനെ അനന്തരാവകാശികൾ ആ സ്ഥാനത്തെ പ്രാപിക്കണമെന്നുള്ളതു ബ്രിട്ടീഷു ഭരണസമ്പ്രദായപ്രകാരം അത്യാവശ്യകമാണ്. സിംഹാസനം ഒരിക്കലും ഒഴിഞ്ഞുകിടക്കാൻ പാടില്ലെന്നാണ് അവരുടെ പ്രമാണം. അതിനാൽ അടുത്ത ദിവസമായ മെയി ൭ാം തിയ്യതി ശനിയാഴ്ച തന്നെ "പ്രിവി കൌൺസിൽ" എന്ന സംഘം കൂടുകയും നമ്മുടെ കഥാനായകൻ മഹാരാജാവെന്നുള്ള സ്ഥാനത്തെ പ്രാപിക്കുകയും ചെയ്തു.

ശൈത്യം അധികമുള്ള ഇംഗ്ലണ്ടു മുതലായ രാജ്യങ്ങളിൽ മരണാനന്തരം അനേക ദിവസങ്ങൾ കഴിഞ്ഞ

ല്ലാതെ ശവസംസ്കാരം കഴിക്കാറില്ല. വളരെ അന്തസ്സും അവസ്ഥയുമുള്ളവർ മരിച്ചാൽ ശവസംസ്കാരത്തിനു വളരെ ദിവസത്തെ താമസമുണ്ടാകും.

എഡ്വർഡ് മഹാരാജാവിൻെറ മൃതശരീരം മരണാനന്തരം മൂന്നാലുദിവസം കഴിഞ്ഞതിൻെറ ശേഷം യഥാക്രമം രാജോചിതസാധനങ്ങളെക്കൊണ്ട് അലങ്കരിച്ചു ശവപ്പെട്ടിയിലാക്കി കൊട്ടാരത്തിൽനിന്നെടുത്തു "വെസ്റ്റ്മിനിസ്റ്റർ ഹോൾ'' എന്ന സ്ഥലത്തേക്കു കൊണ്ടുപോവുകയും ഏതാനും ദിവസത്തേയ്ക്കു് അതവിടെ വെച്ചിരിക്കുകയും ചെയ്തു. അക്കാലത്ത് അവിടെ സാധാരണജനങ്ങൾക്കു ചെന്നു കാണുന്നതിനു വേണ്ട ഏൎപ്പാടുകൾ ചെയ്തിരുന്നു.

മഹാരാജാവിൻെറ ശവസംസ്കാരം മെയിമാസം ൨൦-ാം തിയ്യതി എന്നു നിശ്ചയിച്ചിരുന്നതിനാൽ ആ അടിയന്തിരത്തിൽ സംബന്ധിക്കാനായി അവിടെ കൂടിയിരുന്ന ജനങ്ങളും ചില്ലറയൊന്നുമല്ലായിരുന്നു. ആ കൂട്ടത്തിലുണ്ടായിരുന്ന മഹാന്മാരിൽ പ്രഥമഗണനീയൻ പരേതനായ മഹാരാജാവുതിരുമനസ്സിലെ ഭാഗിനേയനായ ജൎമ്മൻചക്രവൎത്തിയായിരുന്നു. രാജാക്കന്മാരായും പ്രഭുക്കന്മാരായും അന്യരാജ്യാധിപപ്രതിനിധികളായും മററും സംഖ്യയില്ലാതെ അവിടെ കൂടിയിരുന്നവരെല്ലാം അവരവരുടെ ഭക്തിസ്നേഹാദികളെ യഥായോഗ്യം കാണിക്കാതെയിരുന്നില്ല. ശവസംസ്കാരകൎമ്മം ദുഃഖചിഹ്നങ്ങളോടും പ്രത്യേകമൊരു സമ്പ്രദായത്തിലുമായിരുന്നുവെങ്കിലും, അനേകായിരം പടയാളികളുടെ വാദ്യഘോഷങ്ങളോടു കൂടിയ അകമ്പടിയോടും രാജചിഹ്നങ്ങൾ മുതലായി പതിവുള്ള സകലവിധാഡംബരങ്ങളോടും കൂടിയാണ് നടത്തപ്പെട്ടതു്. ദുഃഖരസസമ്പൂൎണ്ണമായ ഈ ഘോഷയാത്രയിൽ എല്ലാവരുടെയും സഹതാപസംയുക്തമായ ഹൃദയത്തെ സവിശേഷം

ആകൎഷിച്ചതു് അഭിനവവിധവയായ അലക്സാന്ദ്രാ മഹാരാജ്ഞിയാണ്. ജോർജ്ജ്മഹാരാജാവിൻെറയും മേരിമഹാരാജ്ഞിയുടെയും അവരുടെ സന്താനങ്ങളുടെയും ദൎശനവും ആ അവസരത്തിൽ സകലജനങ്ങളുടെയും ഹൃദയത്തെ ആൎദ്രമാക്കിത്തീൎത്തു. ഈ കൂട്ടത്തിൽ എഡ്വർഡ് മഹാരാജാവിൻെറ വാത്സല്യ ഭാജനമായിരുന്ന "സിസർ" എന്നൊരു പട്ടിയെക്കൂടെ ഒരു പടയാളി നടത്തിക്കൊണ്ടുപോയിരുന്നു. ആ പട്ടിയുടെ പാരവശ്യം കണ്ടിട്ടും എല്ലാവരുടെയും മനസ്സ് അലിഞ്ഞു പോയി.

ലണ്ടനിൽനിന്നു സ്വല്പം ദൂരെ വിൻഡ്സർ കൊട്ടാരത്തോടു ചേൎന്നുള്ള ഒരു പള്ളിയിലാണ് മഹാരാജാവിൻെറ മൃതശരീരം സംസ്കരിച്ചതു്. പ്രധാനവൈദികശ്രേഷ്ഠൻ സന്ദൎഭോചിതങ്ങളായ ചില വാക്യങ്ങളെ ഉച്ചരിച്ചുകൊണ്ടു ശവപ്പെട്ടി കല്ലറയിലേക്ക് ഇറക്കി സ്ഥാപിച്ചയവസരത്തിൽ ഒരുദ്യോഗസ്ഥൻ ഒന്നാമത്തു് എഡ്വർഡ്മഹാരാജാവിൻെറ സകലവിധ സ്ഥാനമാനങ്ങളെയും അതിനെത്തുടൎന്നു ജോർജ്ജ് മഹാരാജാവിൻെറ സ്ഥാനങ്ങളെയും ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ഇങ്ങനെ ശവസംസ്കാരകൎമ്മം സമാപിക്കുകയും ചെയ്തു.

ജോർജ്ജ്മഹാരാജാവു തൻെറ പിതാവിൻെറ ശവസംസ്കാരം കഴിഞ്ഞതിൻെറ പിറേറ ദിവസം ബ്രിട്ടീഷു ദ്വീപുകളിലും സമുദ്രത്തിൻെറ മറുകരയിലുള്ള ബ്രിട്ടീഷ്രാജ്യങ്ങളിലും ഇൻഡ്യാ മഹാരാജ്യത്തിലുമുള്ള സകല പ്രജകൾക്കുമായി എല്ലാ സ്ഥലങ്ങളിലേക്കും പ്രത്യേകം പ്രത്യേകം കൃതജ്ഞതാവാത്സല്യപ്രകാശകങ്ങളായ ഓരോ കല്പനകളയച്ചു. വിസ്തരഭയത്താൽ അവയെ എല്ലാം ഇവിടെ ഉദ്ധരിക്കാനായി ഉദ്യമിക്കുന്നില്ല. തൻെറ പിതാവിൻെറ ദേഹവിയോഗാനന്തരം പ്രജക

ൾ തന്നേക്കുറിച്ചു കാണിച്ചിട്ടുള്ള സ്നേഹബഹുമാനാദികളെപ്പററി തനിക്ക് അവരോടുള്ള കൃതജ്ഞതയേയും കേവലം അപ്രതീക്ഷിതമായ പിതൃവിയോഗദുഃഖത്തിൽ താൻ ഏകാകിയായിത്തീരാതെ ലക്ഷോപിലക്ഷം ജനങ്ങൾ സഹതപിക്കുന്നുണ്ടെന്ന് അറിയാനിടയായതുനിമിത്തം തനിക്കുള്ള ആശ്വാസത്തേയുമാണ് ജോർജ്ജ് മഹാരാജാവ് ആ കല്പനകൾകൊണ്ടു പ്രധാനമായി പ്രകാശിപ്പിച്ചിട്ടുള്ളത്. ആ വിളംബരങ്ങളിൽ ഒന്നിന്റെ ഒടുവിൽ പറഞ്ഞവസാനിപ്പിച്ചിരിക്കുന്ന ഭാഗം താഴെ പകർത്തുന്നു.

"ഈശ്വരാശ്രയം മൂലമുള്ള ശക്തിയും എന്റെ പ്രജകളിൽ എനിക്കുള്ള വിശ്വാസവും എന്റെ സ്നേഹഭാജനമായിരിക്കുന്ന രാജ്യത്തിന്റെ അടിസ്ഥാനനിയമങ്ങളെയും ചട്ടങ്ങളേയും കുറിച്ചുള്ള ആദരവും നിമിത്തം ഭാവിയുടെ ശുഭതയെപ്പററി സധൈര്യം ഞാൻ ആശാപൂർണ്ണനായിരിക്കുന്നു".

൧൯൧൧ ഫെബ്രുവരി മാസം ൬-ാം തിയ്യതി ജോർജ്ജുമഹാരാജാവു തന്റെ ഭരണത്തിൽ ഒന്നാമതായി കൂടിയ പാർലിമെൻറ സഭായോഗത്തിന്റെ പ്രാരംഭക്രിയ നടത്താനായി പത്നീസമേതം എഴുന്നള്ളിയിരുന്നു. എഡ്വേർഡ് മഹാരാജാവിന്റെ നിയ്യാണാനന്തരം ലണ്ടനിലെ ജനസാമാന്യത്തിന് ഇദംപ്രഥമമായിട്ടുണ്ടായ ഉത്സവദിനം ഇതു തന്നെയാണ്. ഘോഷയാത്രയായിട്ടുള്ള ഃരം എഴുന്നള്ളത്തു വിശിഷ്ടതരങ്ങളായ എട്ടു് അശ്വരത്നങ്ങളെ കൂട്ടിയിണക്കിയതും സ്വർണ്ണരത്നമയവും അതിമനോഹരവുമായ ഒരു വലിയ രഥത്തിലായിരുന്നു. ആ എട്ടു കുതിരകളും ഏകദേശം ഇരുനൂറു സംവത്സരത്തിനു മുൻപ് ഇംഗ്ലണ്ടിലെ ഹാനോവർവംശജന്മാരായ രാജാക്കന്മാരിൽ ആദ്യം രാജ്യം ഭരിച്ച ജോർജ്ജ് പ്രഥമൻ എന്ന മഹാൻ ഹാനോവറിൽനിന്നു

കൊണ്ടുവന്ന കുതിരകളുടെ സന്താന പരമ്പരയിൽ ഉൾപ്പെട്ടവയായിരുന്നുവെന്നുള്ളതു പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു. ആ ഘോഷയാത്രയിൽ ഈ രാജകീയമഹാരഥം കൂടാതെ ആറാറു കുതിരകളെ പൂട്ടിയ അഞ്ചു രഥങ്ങൾ കൂടിയുണ്ടായിരുന്നു. ഇപ്രകാരം സകല വിധാഡംബരങ്ങളോടും കോലാഹലങ്ങളോടും കൂടി നിശ്ചിതസ്ഥലത്തെത്തിയ ഉടനേ രഥത്തിൽനിന്നിറങ്ങി മഹാരാജാവു മഹാരാജ്ഞിയുടെ കൈയ്ക്കു പിടിച്ചുംകൊണ്ടു സഭാമണ്ഡപത്തെ പ്രാപിച്ചു. അവരുടെ പിന്നാലേ രാജചിഹ്നങ്ങളായ കിരീടം, ഉടവാൾ മുതലായവ വഹിച്ചുകൊണ്ടു ചില പ്രഭുക്കന്മാരുമുണ്ടായിരുന്നു. ഈ സമയം പ്രഭുക്കന്മാർ, പ്രഭ്വികൾ മുതലായവരെക്കൊണ്ടു നിറഞ്ഞും നിശ്ശബ്ദതാപൂർണ്ണവുമായിരുന്ന ആ മഹാസദസ്സിൻെറ ഒരു ഗൌരവവും പ്രഭാവവും എത്രമാത്രമായിരുന്നുവെന്നുള്ളത് അവർണ്ണനീയമെന്നല്ലാതെ മറെറാന്നും പറയാൻ കാണുന്നില്ല. ഇപ്രകാരം പ്രശാന്തഗംഭീര രമണീയമായിരുന്ന ആ മഹാസദസ്സിൻെറ മദ്ധ്യഭാഗത്തിങ്കൽ രാജദമ്പതിമാർ ആസനസ്ഥരായി.

മഹാരാജാവും മഹാരാജ്ഞിയും ആസനസ്ഥരായതിൻെറ ശേഷം പാർലിമെൻറിലേ ജനസാമാന്യസഭയേ മഹാരാജസന്നിധിയിലേയ്ക്കു നയിക്കുന്നതിനായി ഒരുദ്യോഗസ്ഥനേ നിയോഗിക്കുകയും തദാജ്ഞാനുസരണം ആ സഭക്കാരെല്ലാം പ്രഭുസഭാമണ്ഡപത്തിൻെറ വാതില്ക്കൽ ഹാജരായി നില്ക്കുകയും ചെയ്തു. അനന്തരം മഹാരാജാവു മതസംബന്ധമായിട്ടുള്ള ഒരു പ്രതിജ്ഞയും സിംഹാസനസ്ഥൻെറ നിലയിലുള്ള ഒരു പ്രസംഗവും നടത്തി. സഭായോഗം ആരംഭിച്ചതിൻെറ ശേഷം അവിടുന്നു പ്രിയതമാനുഗതം തിരിയേ എഴുന്നള്ളുകയും ചെയ്തു.

൧൨-ാം അദ്ധ്യായം.

മഹാരാജകുടുംബം.

നമ്മുടെ കഥാനായികാനായകന്മാൎക്ക് അഞ്ചുപുത്രന്മാരും ഒരു പുത്രിയുമാണുള്ളതു്. അടുത്ത കിരീടാവകാശിയായും എഡ്വാർഡ് എന്നു പേരോടു കൂടിയുമിരിക്കുന്ന പ്രഥമപുത്രന്റെ ജനനം ൧൮൯൪ ജൂൺമാസം ൨൩-ാം തിയ്യതി ആയിരുന്നു. അതിനടുത്ത വത്സരാവസാനത്തോടു കൂടി ആൽബെർട്ട് എന്ന ദ്വിതീയ പുത്രനും ജനിച്ചു. ൧൮൯൭ എപ്രിൽ മാസത്തിലാണ് ഏക പുത്രിയായ വിക്ടോറിയാ മേരി എന്ന രാജകുമാരി ജനിച്ചതു്. പിന്നീടു കാലക്രമേണ ഹെൻറി, ജോൎജ്ജ്, ജോൺ എന്നിങ്ങനെ മൂന്നു കുമാരന്മാരുമുണ്ടായി. ഈ കൂട്ടത്തിൽ എല്ലാവരിലും ഇളയ രാജകുമാരന് ഇപ്പോൾ ഏഴു വയസ്സു തികഞ്ഞിരിക്കുന്നു. പ്രഥമപുത്രനായ എഡ്വാർഡ് രാജകുമാരൻ വെയിത്സ് പ്രഭു എന്ന സ്ഥാനത്തിലാണ് ഇപ്പോൾ വൎത്തിക്കുന്നതു്. ൧൯൧൧ ജൂൺമാസം ൨൩-ാം തിയ്യതി അവിടേയ്ക്കു ൧൬ വയസ്സു തികഞ്ഞ അവസരത്തിലാണ് ആസ്ഥാനം മഹാരാജാവു കല്പിച്ചു കൊടുത്തതു്. ഇംഗ്ലണ്ടിലെ രാജാക്കന്മാരുടെ കിരീടാവകാശികളായ പ്രഥമപുത്രന്മാൎക്കു വെയിത്സ് പ്രഭു എന്ന സ്ഥാനം ലഭിക്കുന്നതിനുണ്ടായിട്ടുള്ള നിദാനചരിത്രം അറിഞ്ഞിരിക്കേണ്ടതും രസകരവുമാകയാൽ അതു കൂടി ഇവിടെ ചുരുക്കത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

ഏഴു ശതാബ്ദങ്ങൾക്കു മുൻപു രാജ്യം വാണിരുന്ന എഡ്വാർഡ് പ്രഥമൻ എന്ന രാജവീരനാണ് വെയിത്സ് ദേശം മുഴുവനായി ആദ്യം കൈവശപ്പെടുത്തിയതു്. അദ്ദേഹം രാജ്യഭരണമാരംഭിച്ച കാലത്തു വെയി

സ് പ്രഭു എന്ന സ്ഥാനത്തോടു കൂടി "ല്യൂവല്ലിൻ" എന്നൊരാൾ ഇംഗ്ലീഷുരാജാക്കന്മാൎക്കു കീഴടങ്ങാതെ വെയിത്സ്പ്രദേശത്തിന്റെ ഒരു പ്രധാനഭാഗം ഭരിച്ചു കൊണ്ടിരുന്നു. ഒന്നാം എഡ്വാർഡ്രാജാവു് അയാളെ ജയിച്ചാണു് ആ സ്ഥലം കൈവശമാക്കിയതു്. വെയിത്സ്ദേശക്കാരല്ലാത്ത പ്രഭുക്കന്മാരുടെ ഭരണം അവിടെയുണ്ടായിരുന്ന പ്രജകൾക്കു തൃപ്തികരമല്ലായിരുന്നതിനാൽ എഡ്വാർഡ് രാജാവിനെ സ്വീകരിക്കുന്നതിനു് അവൎക്കു് അനല്പമായ വൈമനസ്യമുണ്ടായി. അവരെ ഏതുവിധവും രഞ്ജിപ്പിക്കണമെന്നുള്ള കരുതലോടുകൂടി രാജാവു വെയിത്സിലെ കൎണ്ണാർവൻകോട്ടയിൽ കുറച്ചുദിവസം താമസിച്ചു.അക്കാലത്തു് ആകോട്ടയിൽവെച്ചാണു് രാജാവിന്റെ പ്രഥമപുത്രൻ ജനിച്ചതു്. പുത്രന്റെ ജനനാനന്തരം ഒരു ദിവസം രാജാവു വെയിത്സ്ദേശക്കാരിൽ പ്രധാനന്മാരെയെല്ലാം ക്ഷണിച്ചു വരുത്തി, തന്റെ പുത്രനെ അവരുടെ മുൻപിൽ പ്രദൎശിപ്പിച്ചിട്ടു്, "ഇതാ നിങ്ങളുടെ പ്രഭു. വാസ്തവത്തിൽ വെയിത്സ് ജന്മഭൂമിയായും ഇംഗ്ലീഷുഭാഷയിൽ ഒരു വാക്കു പോലും ഉച്ചരിക്കാനറിഞ്ഞുകൂടാതെയുമിരിക്കുന്ന ഇദ്ദേഹത്തെ വെയിത്സ്പ്രഭുവായി സ്വീകരിക്കുന്നതിനു നിങ്ങൾക്കു പൂൎണ്ണ സമ്മതമായിരിക്കുമല്ലോ" എന്നു പറഞ്ഞു. രാജകുമാരനേക്കണ്ടിട്ടുള്ള കൌതുകം കൊണ്ടോ, രാജാവിന്റെ വാങ്മാധുൎയ്യം കൊണ്ടോ, ൦രം൦ശാരേച്ഛയാലോ എന്തോ, ഏതെങ്കിലും അവരെല്ലാവരും അതു സസന്തോഷം സമ്മതിക്കുകയും അക്കാലം മുതൽ ആ പ്രദേശം ഇംഗ്ലീഷു രാജ്യത്തിന്റെ ഒരംശമായും വെയിത്സ് പ്രഭു എന്ന സ്ഥാനം ഇംഗ്ലീഷു മഹാരാജാക്കന്മാരുടെ പിന്തുടൎച്ചാവകാശികൾക്കുള്ളതായും തീൎന്നു.

ഇപ്പോഴത്തെ വെയിത്സ് പ്രഭുവിനു് ആ സ്ഥാനം കല്പിച്ചുകൊടുത്ത സമയം വെയിത്സ് ദേശക്കാരുടെ പ്ര

തിനിധികൾ കൂടി മഹാരാജാവിന്റെ സന്നിധിയിൽ, പ്രഭുവിന്റെ സ്ഥാനാരോഹണക്രിയകൾ നടത്തുന്നതു തങ്ങളുടെ ആദിമപ്രഭുവിന്റെ ജനനസ്ഥലമായ കണ്ണാവ്വൻകോട്ടയിൽ വെച്ചു വേണമെന്ന് ഒരപേക്ഷ കൊടുത്തു. മഹാരാജാവ് അതിനെ കരുണാപുരസ്സരം സമ്മതിക്കുകയും അതു തദ്ദേശവാസികൾക്ക് ഏററവും സന്തോഷാവഹവും അഭിമാനകരവുമായിത്തീരുകയും ചെയ്തു.

കുട്ടികളുടെ പരിചരണാദികളിൽ തിരുമേനികൾ സ്വീകരിച്ചിരുന്ന രീതി, തങ്ങളെ വളർത്തിയപ്പോൾ മാതാപിതാക്കന്മാർ സ്വീകരിച്ചിരുന്നതു തന്നെയാണ്. ഏകപുത്രിയായ മേറികുമാരിയെ പാചകപ്രവൃത്തി മുതലായവ കൂടി പ്രത്യേകം അഭ്യസിപ്പിച്ചു. കുട്ടികളെല്ലാവരും പ്രതിദിനം ഒരു മണിക്കൂറിൽ കുറയാതെ എന്തെങ്കിലും കൈവേല ചെയ്യുകയും അതിൽനിന്നുണ്ടാകുന്ന ആദായത്തെ സാധുജനോപകാരാർത്ഥം വിനിയോഗിക്കുകയും ചെയ്യണമെന്ന് ഒരേർപ്പാടു ആ കുടുംബത്തിലുള്ളതു പ്രത്യേകം പ്രശംസാവഹമായിരിക്കുന്നു.

മൂത്ത രാജകുമാരന്മാർ രണ്ടുപേരും കുറച്ചുകാലം പിതാവിനെപ്പോലെ നാവികവിദ്യാഭ്യാസത്തിൽ പരിശ്രമിച്ചിരുന്നു. അവരിൽ ജ്യേഷ്ഠഭ്രാതാവായ വെയിത്സ്പ്രഭു ഓക്സ്ഫർഡ് സർവ്വകലാശാലയിൽ താമസിച്ചു തന്റെ വിദ്യാഭ്യാസത്തിനു പൂർണ്ണത വരുത്തണമെന്നു നിശ്ചയിച്ചിരിക്കുന്നതിനാൽ താമസിയാതെ അതിൽ പ്രവേശിക്കുന്നതാണ്. ആ രാജകുമാരന്റെ സ്വഭാവത്തേപ്പററി ഇപ്പോൾത്തന്നെ പൊതുവേ നല്ലയഭിപ്രായമാണുണ്ടായിട്ടുള്ളതെന്നു കാണുന്നു. ഇതൊരത്ഭുതമല്ലെങ്കിലും ഏററവും സന്തോഷാവഹമാണല്ലോ.

൧൩ാം അദ്ധ്യായം

കിരീടധാരണം.

നാട്ടുവാഴുന്ന മഹാരാജാവു ചരമഗതിയെ പ്രാപിച്ചാലുടനെ പിന്നത്തെ കിരീടാവകാശിയായ ആൾ സ്ഥാനാരോഹണം ചെയ്യുമെങ്കിലും മുറയ്ക്കുള്ള കിരീടധാരണം എന്ന മംഗളമഹോത്സവം നാട്ടുവാഴ്ച മുതലായ ദുഃഖാചരണങ്ങളും മററും കഴിഞ്ഞിട്ടല്ലാതെ ഇംഗ്ലീഷുകാർ നടത്തുക പതിവില്ല. എങ്ങനെയായാലും ഇതിന് ഒരു കൊല്ലത്തിലധികം കാലം താമസം വരുന്നതു സാധാരണമാണ്. എങ്കിലും ഈ മംഗളകർമ്മത്തിനുള്ള ഒരുക്കങ്ങളും വട്ടംകൂട്ടമെല്ലാം ഏകദേശം ഒരു വർഷം മുൻപേ തുടങ്ങും.

ജോർജ്ജുമഹാരാജാവുതിരുമനസ്സിലെ പട്ടമഹിഷീസമേതമായ കിരിടധാരണത്തിനായി നിശ്ചയിക്കപ്പെട്ട ശുഭമുഹൂർത്തം ൧൯൧൧ ജൂൺ മാസം ൨൨ാം തിയ്യതിയായിരുന്നു. അന്നു ബ്രിട്ടീഷുദ്വീപുകളിലും ബ്രിട്ടീഷുസാമ്രാജ്യത്തിൽപ്പെട്ട സകലരാജ്യങ്ങളിലും ഒരു മഹോത്സവദിവസം തന്നെയായിരുന്നു. വിശേഷിച്ചും ലണ്ടൻപട്ടണത്തിൽ അന്നുണ്ടായ കോലാഹലങ്ങൾ യഥാക്രമം വർണ്ണിക്കുകയെന്നുള്ളതു് ആരാലും കഴിയാത്തവണ്ണം അപരിമിതങ്ങളായിരുന്നു. ധനവും അഭിമാനവും വിജ്ഞതയും സാമർത്ഥ്യവും സ്വാമിഭക്തിയും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ മനുഷ്യർക്ക് എന്തെല്ലാം കാട്ടികൂട്ടാമോ അവയിലൊന്നും തന്നെ വിട്ടുകളയാതെ ആ നാട്ടുകാർ അവിടെ ഉണ്ടാക്കിത്തീർത്തുവെന്നു പറഞ്ഞാൽ മതിയല്ലോ. ഈ മഹോത്സവത്തിൽ സംബന്ധിക്കാനായി ബ്രിട്ടീഷുസാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും അന്യരാജ്യങ്ങളിൽനിന്നും രാജാക്കന്മാരാ

യിട്ടും രാജപ്രതിനിധികളായിട്ടും പ്രഭുക്കന്മാരായിട്ടും സ്ഥാനാപതികളായിട്ടും മററും വന്നുകൂടിയ മഹാന്മാരുടെ സംഖ്യ തന്നെ ഒട്ടും ചില്ലറ അല്ലായിരുന്നു. മഹോത്സവദശ്നാത്ഥം ക്ഷണിക്കപ്പെടാതെ തന്നെ അസംഖ്യം ജനങ്ങൾ ലോകത്തിന്റെ നാനാദിക്കുകളിൽ നിന്നും ലണ്ടൻപട്ടണത്തിൽ വന്നുകൂടിയിരുന്നു. കിരീടധാരണത്തിന്നായി മഹാരാജാവു തിരുമനസ്സുകൊണ്ടു പത്നീസമേതം വെസ്റ്റമിനിസ്റ്റർ ആബി എന്ന പള്ളിയിലേയ്ക്കെഴുന്നള്ളിയതായ ആ ഘോഷയാത്രയുടെ ആഡംബരകോലാഹലങ്ങളും അവണ്ണനീയങ്ങൾ തന്നെയായിരുന്നു. രണ്ടുവശങ്ങളും അതിമനോഹരമായി അലങ്കരിക്കപ്പെട്ടിരുന്ന ആ തെരുവീഥികളിലുള്ള ഗൃഹങ്ങളിലെങ്ങാനും നിന്ന് ആ ഘോഷയാത്ര കാണുന്നതിനു മുപ്പതു മുതൽ നാല്പതുവരെ പവൻ വാടക കൊടുക്കേണ്ടിയിരുന്നു. ഇതുകൊണ്ടു തന്നെ ആ ഘോഷയാത്രയുടെ ഒരു മനോഹരത്വവും അന്നവിടെ കൂടിയിരുന്ന ജനങ്ങളുടെ ബാഹുല്യവും എത്രമാത്രമുണ്ടായിരുന്നുവെന്ന് ഏകദേശം ഊഹിക്കാമല്ലോ.

വെസ്റ്റമിനിസ്റ്റർ ആബിപ്പള്ളിയിലെ അലങ്കാരങ്ങളും ഏററവും വിസ്മയനീയങ്ങളായിരുന്നു. ആ പള്ളിയിലെ വിശാലശാലയുടെ സ്ഥിതി അലങ്കാരാദികൾ കൊണ്ട് ആകപ്പാടെ ഒന്നു മാറിയിരുന്നു. അവിടെ കൂടിയിരുന്ന മഹാന്മാരുടെയും മഹതികളുടെയും സംഖ്യയും വസ്ത്രാഭരണാദിമോടികളുമെല്ലാം വാചാമഗോചരങ്ങളായിരുന്നു. രാജകുടുംബാംഗങ്ങളും തത്സംബന്ധികളുമായി ൭൦-ം രാജവംശജന്മാരായും അല്ലാതെയുമുള്ള അന്യരാജ്യപ്രതിനിധികൾ മുതലായവരും അവരുടെ അകമ്പടിക്കാരുമുൾപ്പെടെ ൨൫൦-ം ഇങ്ങനെ പലയിനങ്ങളിലായി ആകപ്പാടെ ൬൭൦ ആളുകൾക്കാണ് അവിടെ സ്ഥലം തയ്യാറാക്കിയിരുന്നതു്. സമയം അടുത്തു

തുടങ്ങിയപ്പോഴേയ്ക്കു മേൽപ്പറഞ്ഞ വിധമുള്ള മഹാന്മാരെക്കൊണ്ടും മഹതികളേക്കൊണ്ടും ശാല നിറഞ്ഞുകവിഞ്ഞുതുടങ്ങി. ലോകത്തിൻെറ നാനാഭാഗങ്ങളിലുമുള്ള ജനങ്ങളെക്കൊണ്ടു നിറഞ്ഞതായ ആ ദേവാലയാന്തർഭാഗം, മനുഷ്യവാസമുള്ള ഭൂഭാഗങ്ങളെ എല്ലാം കൂട്ടിച്ചേർത്ത് എഴുതപ്പെട്ടതായ ഒരു സർവ്വലോകഛായാപടം പോലെ ശോഭിച്ചു. പലസ്ഥിതിയിലും പല ദേശങ്ങളിലുമുള്ളവരായ ആ സ്ത്രീപുരുഷന്മാരുടെ പലനിറത്തിലും പലതരത്തിലും പലയിനത്തിലുമുള്ള വസ്ത്രാഭരണാദികളുടെ വിവിധതരങ്ങളായ കാന്തിപ്രവാഹങ്ങൾ എല്ലാം കൂടി കലൎന്നിട്ടുള്ള ആ സങ്കീൎണ്ണശോഭ ഏവരുടെയും കണ്ണിനെയും മനസ്സിനെയും മയക്കത്തക്കവണ്ണമുള്ള ശക്തിയോടു കൂടി അവിടെ പ്രസരിച്ചു. ആകപ്പാടെ ആ മഹാസദസ്സു കണ്ടാൽ ഇതു് അമാനുഷപ്രഭാവത്തോടു കൂടിയ ഒരു ദിവ്യസമ്മേളനമായിരിക്കുമോ എന്നു തോന്നിപ്പോകത്തക്കവണ്ണം ഗംഭീരരമണീയമായി ശോഭിച്ചു എന്നു പറഞ്ഞാൽ മതിയല്ലോ. ഇപ്രകാരമുള്ള ആ വിശിഷ്ടസദസ്സു നമ്മുടെ തിരുമേനികളുടെ ആഗമനത്തെത്തന്നെ പ്രതീക്ഷിച്ചുകൊണ്ടു് അവിടെ സ്ഥിതമായി.

ആ അവസരത്തിൽ ഇടിനാദത്തെ ജയിക്കുന്ന പീരങ്കിധ്വനികൊണ്ടും അനേകായിരം പട്ടാളക്കാർ കൂടിയുള്ള വാദ്യഘോഷങ്ങൾകൊണ്ടും ലക്ഷോപലക്ഷം ജനങ്ങൾ സമ്മേളിച്ചുള്ള ആൎപ്പുവിളികൾകൊണ്ടും മററും ലണ്ടൻപട്ടണം ആകപ്പാടേ കുലുങ്ങിത്തുടങ്ങിയതിനാൽ മഹാരാജാവും മഹാരാജ്ഞിയും സകലാഡംബരങ്ങളോടും വിവിധസന്നാഹങ്ങളോടും കൂടി ബക്കിംഗ്ഹാം കൊട്ടാരത്തിൽനിന്നു ഘോഷയാത്ര പുറപ്പെട്ടിരിക്കുന്നു എന്നു് എല്ലാവൎക്കും മനസ്സിലായി. അപ്പോൾത്തന്നെ ആ സദസ്യരുടെ മനസ്സ് ആകപ്പാടെ ഇളകി മറിഞ്ഞു.

ആ കോലാഹലം അടുത്തടുത്തു കേട്ടു തുടങ്ങിയപ്പോൾ എല്ലാവരും ഉത്സാഹാനന്ദവിഹ്വലന്മാരായി ഏകാഗ്രചിത്തതയോടു കൂടി നോക്കിക്കൊണ്ടിരുന്നു.

൧൨ം സമയം ഒന്നാമതായി സഭാപ്രവേശം ചെയ്തതു ജമ്മനിയിലെ കിരിടാവകാശിയായ രാജകുമാരനും അദ്ദേഹത്തിൻെറ സഹോദരിയുമായിരുന്നു. പിന്നാലെ മററനേകം രാജപ്രതിനിധികളും വരികയും എല്ലാവരും അവരവക്കു നിശ്ചയിക്കപ്പെട്ടിരുന്ന സ്ഥാനങ്ങളിൽ സ്ഥിതി ചെയ്യുകയും ചെയ്തു. തദനന്തരം വന്നുചേന്നതു കൌമാരശ്രീകലന്ന കോമളാകാരനായ വെയിത്സ് പ്രഭുവും തത്സഹോദരിയായ മേറിക്കുമാരിയുമായിരുന്നു. ആ മനോഹരാകൃതികളെ കണ്ടസമയം എല്ലാവരും കൌതുകഭരിതചിത്തന്മാരായിത്തിന്നു. അതിൻെറ ശേഷം ഗാംഭീയ്യം, കരുണ, പ്രസന്നത മുതലായവയാൽ പ്രശോഭിതവും മന്ദസ്മിതാൎദ്രവുമായ മുഖകമലത്തോടു കൂടി മഹാരാജ്ഞിതിരുമനസ്സുകൊണ്ടു മന്ദം മന്ദം പള്ളിക്കകത്തേയ്ക്കു പ്രവേശിച്ചു. ആ സമയം വെസ്റ്റമിനിസ്റ്റർ പാഠശാലയിലെ വിദ്യാൎത്ഥികൾ എല്ലാവരും കൂടി "മേറിമഹാരാജ്ഞിക്കു ദിഘ്ഘായുസ്സ്" എന്നു ആത്തു വിളിച്ചു. അതോടു കൂടി പള്ളിയിലെ വാദ്യപ്പെട്ടിയിൽ നിന്നുള്ള സംഗീതനാദവും മുഴങ്ങിത്തുടങ്ങി. ഉടനേ തന്നെ മന്ത്രിപ്രധാനന്മാരുടെയും പ്രഭുക്കന്മാരുടെയും അകമ്പടിയോടു കൂടി സാൎവ്വഭൌമകലാശോഭിതമായ മുഖത്തോടു കൂടി തിരുമനസ്സുകൊണ്ടും പള്ളിയിലെ പ്രധാനസ്ഥലത്തു വന്നെത്തി.

അനന്തരം മഹാരാജാവും മഹാരാജ്ഞിയും കൂടി മുട്ടുകുത്തി സ്വകീയ പ്രാൎത്ഥന കഴിച്ചതിൻെറ ശേഷം പ്രത്യേകം അവക്കായി ഒരുക്കിയിരുന്ന ആസനങ്ങളിൽ ഇരുന്നു. ഉടനേ തന്നെ വൈദികശ്രേഷ്ഠന്മാർ സഭാവാസികൾക്കു എല്ലാവക്കും സംബന്ധിയ്ക്കത്തക്കവണ്ണം

"ലിത്താനി" എന്ന പ്രാത്ഥനയും നടത്തി. അനന്തരം യോക്ക് ആച്ച് ബിഷോപ്പ സന്ദർഭോചിതവും സാരഗർഭവും സംക്ഷിപ്തവുമായ ഒരു പ്രസംഗം ചെയ്തു. അതിൻെറ ശേഷം പൂവ്വാചാരപ്രകാരം മഹാരാജാവുതിരുമനസ്സുകൊണ്ടു് ഒരു വാഗ്ദാനം ചെയ്യുകയാണുണ്ടായതു്. അതിൻെറ സാരം, നീതിയോടു കൂടി രാജ്യഭരണവും മതപരിപാലനവും ചെയ്തുകൊള്ളാമെന്നാണ്. ആ വാഗ്ദാനം നല്ല ദൃഢതയോടും സ്ഫുടതയോടും കൂടിയ ശബ്ദത്തിലാണ് അവിടുന്നു ചെയ്തതു്.

ഈ വക ആരംഭക്രിയകളെല്ലാം കഴിഞ്ഞതിൻെറ ശേഷം ഈ മഹാരാജാവുതിരുമനസ്സിലെ പൂവ്വഗാമികളായ ആംഗലമഹാരാജാക്കന്മാരാലും മഹാരാജ്ഞികളാലും കിരീടധാരണാവസരങ്ങളിൽ അലങ്കരിക്കപ്പെട്ടിരുന്നതും ചരിത്രപ്രസിദ്ധവും പുരാതനവുമായ ആ വിശിഷ്ടസിംഹാസനത്തിൽ ആച്ച്ബിഷോപ്പ നമ്മുടെ മഹാഭാഗ്യനിധിയായ കഥാപുരുഷനെ ഇരുത്തി, ശിരസ്സ്, വക്ഷസ്സ്, കരതലങ്ങൾ എന്നീ സ്ഥാനങ്ങൾ വിശുദ്ധതൈലംകൊണ്ടു് അഭിഷേകം ചെയ്തു. അനന്തരം ഒരുടവാളെടുത്തു തിരുമേനിയുടെ അരയിൽ ധരിപ്പിക്കുകയും ഉടനെ തന്നെ അഴിച്ചെടുക്കുകയുമാണുണ്ടായതു്. അതിൻെറ ശേഷം രാജചിഹ്നങ്ങളായ മുദ്രാംഗുലീയകം, ചെങ്കോൽ, ഭൂഗോളം എന്നിതുകളെടുത്തു തൃക്കയ്യിൽക്കൊടുത്തു. ആ സമയമുണ്ടായ കോലാഹലങ്ങളും കേവലം അവണ്ണനീയങ്ങൾ തന്നെയായിരുന്നു. പട്ടാളക്കാരുടെ പുല്ലാങ്കുഴൽ, തമ്പേറു മുതലായവയുടെ നാദം അതങ്ങനെ; വിവിധതരങ്ങളായ ഇതരവാദ്യഘോഷങ്ങൾ അവയങ്ങനെ; ലക്ഷോപിലക്ഷം മണികൾ ഒരുമിച്ചടിക്കുന്ന കൂട്ടമണിനാദം അതങ്ങനെ; പട്ടണം മുഴവനും തിങ്ങിവിങ്ങി നിറഞ്ഞിരുന്ന ബഹുജനങ്ങളുടെ "ദൈവമേ! മഹാരാജാവിനെ രക്ഷിക്കണേ" എന്നുള്ള ഉ

ച്ചെന്ദൂരമായ മംഗളാശംസാധ്വനി അതങ്ങനെ; ഇ ടിനാദത്തെ ജയിക്കുന്ന പിരങ്കിനിദ്ധ്വാനം അതങ്ങ നെ എന്നു വേണ്ട, ആകപ്പാടെ ഭൂകമ്പം തന്നെ എന്നു പറഞ്ഞാൽ മതിയല്ലൊ. ഇപ്രകാരമുള്ള കോലാഹലങ്ങ ളാൽ ഭൂചക്രവാളം മുഴങ്ങിക്കൊണ്ടിരുന്ന ആ ശുഭാവസ രത്തിൽ കാൻറർബെറി ആർച്ച്ബിഷോപ്പു സാമ്രാജ്യകിരി ടം കയ്യിലെടുത്തു ഭക്തിയോടു കൂടി ദൈവത്തെ ധ്യാനി ച്ചുകൊണ്ടു സാദരം മഹാരാജാവിൻെറ ഉത്തമാംഗത്തെ അലങ്കരിക്കുകയും ചെയ്തു. സർവ്വലോകപ്രാതിനിധ്യ ത്തോടു കൂടിയ ആ മഹാ സദസ്സിൻെറ മദ്ധ്യത്തിൽവെ ച്ചു മഹത്വത്തിൻെറ പരമകാഷ്ഠയേ പ്രാപിച്ചിരിക്കുന്ന ബ്രിട്ടീഷുസാമ്രാജ്യകിരീടം ജോർജ്ജുപഞ്ചമൻ മഹാരാജാവു തിരുമനസ്സിലേ ശിരസ്സിൽ സമർപ്പിച്ചതായ ആ സന്ദ ർഭത്തേയും അപ്പോൾ അവിടെക്കൂടിയിരുന്ന മഹാജന ങ്ങൾക്കുണ്ടായ മനോവികാരങ്ങളേയും യഥാക്രമം വ ൎണ്ണിക്കയെന്നുള്ളതു് ഏവൎക്കും അശക്യം തന്നെയാണു്. മഹാരാജാവു തിരുമനസ്സുകൊണ്ടു സഭയിൽ സന്നിഹി നായ സമയം മുതൽ പ്രഭുക്കന്മാരെല്ലാം അവരവരുടെ ആധിപത്യചിഹ്നമായ കിരീടങ്ങളേ കയ്യിൽ വെച്ചുകൊ ണ്ടാണിരുന്നതു്. മഹാരാജാവിൻെറ ശിരസ്സിൽ കിരീടം വെച്ചു കഴിഞ്ഞ മാത്രയിൽ എല്ലാവരും അവരവരുടെ കിരീടങ്ങളേയും ശിരസ്സിൽ ധരിച്ചു.

അതിൻെറ ശേഷമുണ്ടായതു പ്രഭുവൎഗ്ഗത്തിൻെറ അനുസരണപ്രതിജ്ഞയെന്ന ക്രിയയാണു്. സഭയുടെ ശ്രേഷ്ഠാധികാരി എന്ന നിലയിൽ ആദ്യം തന്നെ ആ ർച്ച്ബിഷോപ്പു സിംഹാസനസന്നിധിയിൽ മുട്ടുകുത്തി മഹാരാജാവിൻെറ കൈ മുത്തിക്കൊണ്ടു "ഭക്തിപൂർവ്വം സ്വാമിയേ അനുസരിച്ചുകൊള്ളാം" എന്നു വാഗ്ദാനം ചെയ്തു. രണ്ടാമതു, വെയിത്സ്പ്രഭുവായ യുവരാജാവി ൻെറ മുറയായിരുന്നു. കോമളാകാരനായ ആ ബാല

പ്രഭുവിൻെറ പ്രതിജ്ഞാകൎമ്മവും കൈമുത്തുന്നതിനു പകരമായി തൻെറ പിതാവിൻെറ ഇടത്തേ കവിൾത്തടത്തിൽ ചുംബിച്ചതും ഉടനേ പുത്രവത്സലനായ മഹാരാജാവു മനസ്സലിഞ്ഞു് ആ പ്രിയപുത്രൻെറ മുഖകമലത്തേ ചുംബിച്ചതും കണ്ടുകൊണ്ടിരുന്ന സകലജനങ്ങളുടെയും കണ്ണുകൾ ആനന്ദാശ്രുക്കൾകൊണ്ടു നിറഞ്ഞുപോയി. ഏററവും ഗൌരവമേറിയവയായ ഓരോ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നതിനു മദ്ധ്യേ നടന്നതായ ഈ സംഭവം, മഹാരാജാക്കന്മാൎക്കും അടിമകൾക്കും അഭേദമായിട്ടുള്ള പിതൃപുത്രസ്നേഹത്തിൻെറ ശക്തി എത്രമാത്രമുണ്ടെന്നുള്ളതു് ഏവൎക്കും അനുഭവഗോചരമാക്കിത്തീൎത്തു. ഇതിൻെറ ശേഷം മററുള്ള പ്രഭുക്കന്മാരും അവരവരുടെ സ്ഥാനമുറയ്ക്കു മേൽപ്രകാരം പ്രതിജ്ഞ ചെയ്തു.

അതെല്ലാം കഴിഞ്ഞതിൻെറ ശേഷം യോൎക്ക് ആൎച്ച്ബിഷോപ്പ് ഏററവും മനോഹരവും സ്വൎണ്ണരത്നപ്രശോഭിതവുമായ ഒരു കിരീടം മഹാരാജ്ഞിതിരുമനസ്സിലേ ശിരസ്സിലും സമൎപ്പിച്ചു. തദനന്തരം തിരുമേനികൾ ദേവാലയത്തിൽ ചില കാഴ്ചകൾ വെയ്ക്കുകയും "സത്യകൎമ്മം" എന്ന വിശുദ്ധാചാരത്തിൽ സംബന്ധിക്കുകയും ഇങ്ങിനെ കിരീടധാരണമെന്ന മംഗളകൎമ്മത്തേ സമാപിപ്പിക്കുകയും ചെയ്തു.

രാജസ്ഥാനം എന്നതു കേവലം മനുഷ്യനിൎമ്മിതമോ മനുഷ്യദത്തമോ ആയിട്ടുള്ളതല്ലെന്നും അതു് ഈശ്വരനിയമിതവും ഈശ്വരദത്തവുമാണെന്നും ഈശ്വരകൃപാവരം കൂടാതെ രാജധൎമ്മങ്ങളേ അനുഷ്ഠിക്കുന്നതിനു് ഒരു മനുഷ്യനാൽ സാദ്ധ്യമാകുന്നതല്ലെന്നും, രാജാധിരാജനായ സൎവ്വേശ്വരനേ മഹാരാജാവും വണങ്ങുന്നുവെന്നും മററും സാരമേറിയവയായ അനേകം തത്വങ്ങൾ വിശുദ്ധതൈലാഭിഷേകം, പ്രാൎത്ഥനകൾ

മുതലായി ഇവിടെ നടന്ന ഓരോ ക്രിയകൾകൊണ്ടു ഗ്രഹിക്കാവുന്നതാണ്.

കിരീടധാരണക്രിയകളെല്ലാം കഴിഞ്ഞതിൻെറ ശേഷം മഹാരാജാവും മഹാരാജ്ഞിയും കൂടി തിരിയേ കൊട്ടാരത്തിലേയ്ക്കെഴുന്നള്ളി. അപ്പോഴും ഇങ്ങോട്ടെഴുന്നള്ളിയപ്പോളുണ്ടായിരുന്നതുപോലെയുള്ള ആഡംബരങ്ങളും കോലാഹലങ്ങളുമെല്ലാമുണ്ടായിരുന്നുവെന്നുള്ളതു പറയണമെന്നില്ലല്ലോ. പുരുഷാരത്തിൻെറ ആഹ്ലാദം കിരീടധാരികളായ രാജാവിൻെറയും രാജ്ഞിയുടെയും ദശ്നത്താൽ ശതഗുണീഭവിച്ചു എന്നു മാത്രമേ ഉള്ളു.

പള്ളിയിൽനിന്നു തിരിയേ ഉള്ള ഘോഷയാത്ര ജനങ്ങൾക്കു തൃപ്തിയാകത്തക്കവണ്ണം സാവധാനത്തിലാക്കുന്നതിനും അധികം വീഥികളിൽ കൂടി പോകുന്നതിനും പല അസൌകയ്യങ്ങളുണ്ടായിരുന്നതിനാൽ സാധിച്ചില്ല. തന്നിമിത്തം തൻെറ പ്രജകൾക്കുണ്ടാകുവാനിടയുള്ളതായ ഇച്ഛാഭംഗം തീക്കുന്നതിനായി തിരുമനസ്സുകൊണ്ടു സകലാഡംബരഘോഷങ്ങളോടു കൂടി അടുത്ത ദിവസം പത്നീസമേതം ഒരു പട്ടണ പ്രവേശം കൂടി നടത്തി. ആ ഘോഷയാത്ര പട്ടണത്തിലേ പ്രധാനതെരുവീഥികളിലെല്ലാം കൂടിയായിരുന്നതിനാൽ എല്ലാവക്കും കണ്ടാനന്ദിക്കുന്നതിനു ധാരാളം സൌകയ്യമുണ്ടായിരുന്നു. അതിനാൽ സകലജനങ്ങളും സന്തുഷ്ടമാനസരായി ഭവിച്ചു.

കിരീടധാരണമഹോത്സവം സംബന്ധിച്ചുണ്ടായ ദീപക്കാഴ്ചയിൽ വിദ്യുച്ഛക്തിയുടെ സഹായത്താൽ സാധിച്ച വിശേഷങ്ങൾ കേവലം അത്ഭുതപൂവ്വങ്ങളായിരുന്നു. ലോകത്തിലുള്ള പട്ടണങ്ങളിൽവെച്ചു പലതുകൊണ്ടും പ്രഥമഗണനീയമായിട്ടുള്ള ആ ലണ്ടൻ പട്ടണം അന്നു രാത്രിയിൽ ദീപാവലികളാൽ പ്രശോഭി

തമായ സമയത്തിങ്കലേ ആ കാഴ്ച കണ്ടവക്കാക്കും ഒരു കാലത്തും വിസ്മരിക്കാൻ സാധിക്കുന്നതല്ല.

ഠരം മംഗളകമ്മം പ്രമാണിച്ചു തിരുമേനികൾ ലണ്ടൻപട്ടണത്തിലുള്ള സാധാരണജനങ്ങളേ ക്ഷണിച്ചുവരുത്തി അതികേമമായിട്ടുള്ള ഒരു വിരുന്നു സല്ക്കാരം ചെയ്യുവെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമായിരിക്കുന്നു. ഇതു കൂടാതെ അവിടങ്ങളിലുള്ള അനേകായിരം ബാലികാബാലകന്മാരേ കൊട്ടാരത്തിൽത്തന്നെ വരുത്തി ഒരുദ്യാനവിരുന്നും നടത്തുകയുണ്ടായി. തിരുമേനികൾക്കു കുട്ടികളേക്കുറിച്ചു പ്രകൃത്യാ തന്നെയുള്ള വാത്സല്യം ആ അവസരത്തിൽ ധാരാളമായി പ്രത്യക്ഷപ്പെട്ടു. ആ കുട്ടികളേ സന്തോഷിപ്പിക്കുന്നതിനായി മഹാ രാജാവും മഹാരാജ്ഞിയും അവരുടെ കൂട്ടത്തിൽ ചെന്നുചേരുകയും അവരോടു വാത്സല്യപൂർവ്വം സംസാരിക്കുകയും പല സംഗതികൾ പ്രത്യേകം പ്രത്യേകം ചോദിച്ചറിയുകയും ചെയ്യു. അസാധാരണവും സന്തോഷാവഹവുമായ ഠരം സംഭവം ആ കുട്ടികളുടെ മനസ്സിൽ ശിലാരേഖ പോലെ ആജീവനാന്തം പതിഞ്ഞു കിടക്കുന്നതും അവക്കു തിരുമേനികളേകുറിച്ചുള്ള ഭക്തിസ്നേഹാദികൾ വദ്ധിച്ചുവരുന്നതിനു കാരണവുമാണല്ലൊ.

ഇങ്ങിനെ കിരീടധാരണമഹോത്സവം ആഘോഷിച്ചിരിയ്ക്കുന്ന തിരുമേനികളുടെ സ്വഭാവവിശേഷങ്ങളെ പററി ചുരുക്കം ചില സംഗതികൾ കൂടെ പറഞ്ഞിട്ട് ഈ അദ്ധ്യായം അവസാനിപ്പിയ്ക്കാം. ഇവരുടെ ബാല്യ യൌവനങ്ങളെ പററിയുള്ള ഭാഗത്തുനിന്ന് ഇവ മിക്കവാറുമനുമാനിക്കാവുന്നതാണ്.

ഠരം തിരുമേനികളുടെ കുടുംബജീവിതത്തിൽ വിളങ്ങിക്കൊണ്ടിരിക്കുന്ന സ്നേഹസന്തോഷാദികളും നൈമ്മല്യവും സ്വേച്ഛാവജ്ജനസ്വഭാവവും ആസ്തിക്യവും മ

ററം പ്രജകളായ സകലജനങ്ങൾക്കും രാജഭക്തിസ്നേഹാദികൾ വദ്ധിക്കുന്നതിനു കാരണമായിത്തീന്നിരിക്കുന്നതു കൂടാതെ, ഇവയുടെ മാതൃകാശക്തി ഉച്ചനിചാവസ്ഥകളിലിരിക്കുന്ന അനേകായിരം കുടുംബങ്ങൾക്കു ദൃഷ്ടാന്തരൂപേണ ഉപകാരകാരകമായി ഭവിച്ചിട്ടുമുണ്ടെന്നുള്ള വാസ്തവം പ്രത്യേകം എടുത്തു പറയാതെയിരിക്കാൻ നിവൃത്തിയില്ല. ഇനി കുടുംബവിഷയങ്ങളെ വിട്ടു രാജകീയകാൎയ്യങ്ങളെപ്പററി നോക്കുകയാണെങ്കിൽ അവയിലും നമ്മുടെ ചക്രവൎത്തിതിരുമനസ്സുകൊണ്ടു് ഏററവും ഉയൎന്ന ഒരു നിലയിലാണു് ശോഭിക്കുന്നതു്. രാജ്യഭേദം, മതഭേദം, ആചാരഭേദം, ജാതിഭേദം, ഭാഷാഭേദം ഇത്യാദികളാൽ വിവിധത്വത്തോടു കൂടി വൎത്തിച്ചുപോരുന്ന പ്രജാസമൂഹങ്ങളെ ഭരിക്കുന്ന ഒരു ചക്രവൎത്തിക്കു പ്രാധനമായി ഉണ്ടായിരിക്കേണ്ടുന്ന ഒരു ഗുണം സമചിത്തതയാണല്ലോ. എന്നാൽ ആ വിശിഷ്ടഗുണം നമ്മുടെ കഥാനായകനേക്കാൾ അധികം മറെറാരു രാജാവിനുമില്ലെന്നുള്ളതു തീച്ച്യയാണു്. ഇതു കൂടാതെ ധീരോദാത്തത, കൃത്യനിഷ്ഠ, പ്രജാക്ഷേമതൽപരത, ദീനദയാലുത്വം എന്നീ ഗുണങ്ങൾ നമ്മുടെ ചക്രവൎത്തിതിരുമേനിയിൽ പ്രബലതയോടു കൂടി സദാ ശോഭിച്ചുകൊണ്ടാണിരിക്കുന്നതു്.

തിരുമനസ്സിലെ കൃത്യനിഷ്ഠയെ തെളിയ്ക്കുന്ന പല ദൃഷ്ടാന്തങ്ങളുള്ളതിൽ ഒന്നു, ഡർബാറിനായി ഇൻഡ്യയിൽ വരുന്നതു പല വിധത്തിൽ അപകടകരമാണെന്നുള്ളതിനാൽ മന്ത്രികൾ പ്രതികൂലമായി ആലോചന പറഞ്ഞപ്പോൾ അവിടുന്നു പറഞ്ഞ മറുപടിയാകുന്നു. അതു് "ഒരു യുദ്ധത്തിനു പോകുന്നതു് ആപല്ക്കരമായതുകൊണ്ടു, സേനാനായകൻ വീട്ടിൽ ഇരിക്കുന്നതു് അധമ്മമായിരിയ്ക്കുന്ന പ്രകാരം തന്നെയാണു് എൻെറ ജീവനാശത്തെ ഭയപ്പെട്ടിട്ടു ഞാൻ രാജധമ്മ

മെന്നു് ഇനിക്കു ബോധമുള്ള കൃത്യത്തിൽനിന്നു പിൻമാറുന്നതു്'' എന്നായിരുന്നു.

ഇൻഡ്യയിൽ വച്ചു തിരുമനസ്സുകൊണ്ടു മോട്ടാർ സവാരി ചെയ്യുമ്പോൾ ഒരാളുടെ മേൽ കയറി ഉപദ്രവകരമായപ്പോൾ, ഉടനെ വണ്ടി നിറുത്തി തിരുമനസ്സുകൊണ്ടു തന്നെ വണ്ടിയിൽനിന്നിറങ്ങി അയാളെ ആശുപത്രിയിൽ കൊണ്ടാക്കുന്നതിനു് ഏൎപ്പാടു ചെയ്തതിൻെറ ശേഷം മാത്രമെ യാത്ര തുടൎന്നുള്ളു എന്നതു്, അവിടത്തെ ദയയുടെ അനേകം ദൃഷ്ടാന്തങ്ങളിൽ ഒന്നായിട്ടു് എടുക്കാം.

"ജനാൻ രഞ്ജയതീതി രാജാ'' (ജനങ്ങളെ രഞ്ജിപ്പിക്കുന്നയാൾ രാജാവു്) എന്നുള്ളതുകൊണ്ടു "മഹാരാജാ''വെന്നുള്ള സംജ്ഞ നമ്മുടെ ജോൎജ്ജു് മഹാരാജാവിലെന്നപോലെ മററാക്കും അന്വത്ഥമായിരിക്കുന്നില്ല. ഓരോ രാജ്യവിഭാഗങ്ങളിലുമുള്ള പ്രജകളുമായി അവിടുന്നു ചെയ്തിട്ടുള്ള ഏൎപ്പാടുകളിലെല്ലാം ഓരോരുത്തക്കും മഹാരാജാവു തങ്ങളുടെ സ്വന്തമാണെന്നും അവിടേയ്ക്കു തങ്ങളേക്കുറിച്ചുള്ളതുപോലെ കൃപയും സന്തോഷവും മററാരിലുമില്ലെന്നുമുള്ള വിശ്വാസം ജനിക്കത്തക്കവണ്ണം അവിടത്തേ രഞ്ജനാശക്തി പ്രവൎത്തിച്ചിട്ടുണ്ടു്. രാജ്യഭരണവിഷയത്തിൽ അവിടേയ്ക്കുള്ള യോഗ്യതകളെപ്പററി ആലോചിക്കുന്നതായാൽ, തൻെറ ചക്രവൎത്തിസ്ഥാനത്തിനുള്ള അന്തസ്സിനെയും പ്രജകളുടെ ന്യായപ്രകാരമുള്ള സ്വാതന്ത്ര്യാവകാശങ്ങളേയും ഒരുപോലെ പാലിച്ചുകൊണ്ടുപോകുന്നതിനു് അവിടേയ്ക്കുള്ള ബുദ്ധി സദാസൎവ്വതോമുഖിയായിട്ടാണ് ശോഭിക്കുന്നതു്. തൻെറ സാമ്രാജ്യത്തിൽപ്പെട്ട സകലസ്ഥലങ്ങളിലും സഞ്ചരിച്ചു ദേശങ്ങളുടെയും ജനങ്ങളുടെയും സ്ഥിതിഭേദങ്ങളേ സ്വയമേവ കണ്ടറിയുന്നതു് ഒരു ഭരണകൎത്താവിനു യോഗ്യതാഹേതുവാണെങ്കിൽ ആ വിഷയത്തിൽ നമ്മുടെ ച

ക്രവത്തി തിരുമേനിയോടു തുല്യന്മാരായിട്ടുള്ള രാജാക്കന്മാരാരുമില്ലെന്നുള്ളതിനു സംശയമില്ല, സാധാരണ ജനങ്ങളുമായി ഇടകലൎന്നു സ്വാതന്ത്ര്യത്തോടു കൂടി പെരുമാറുന്നതിന് അവിടേയ്ക്കുള്ള സാമൎത്ഥ്യവും അന്യാദൃശ്യം തന്നെയാണ്.

മഹാരാജ്ഞി തിരുമനസ്സിലെ സംബന്ധിച്ച് അവിടുത്തെ ദീനദയാലുത്വവും, കുടുംബസ്നേഹവും സ്വരാജ്യാഭിമാനസ്നേഹാദികളുമാണ് പ്രത്യേകം പറവാനുള്ളത്. കൃത്യാന്തരബാഹുല്യത്തിന്റെ മദ്ധ്യേ കുട്ടികളുടെ വിദ്യാഭ്യാസം, വസ്ത്രഭക്ഷണാദികൾ മുതലായവയിലെ ചില്ലറക്കാൎയ്യങ്ങൾപോലും ദൃഷ്ടിയിൽ വച്ചുകൊണ്ടിരിയ്ക്കുന്നതു് എത്രയും പ്രശംസനീയമാണ്. ഒന്നാമത്തെ പ്രിവി കൌൺസിൽ യോഗത്തിൽ ചക്രവൎത്തിതിരുമനസ്സുകൊണ്ടു കല്പിച്ചു ചെയ്ത പ്രസംഗത്തിൽ, രാജ്യഭരണഭാരത്തെ ലഘൂകരിയ്ക്കുന്നതിന് അവിടുത്തെ പ്രിയതമയുടെ സ്വഭാവവിശേഷങ്ങൾ സഹായങ്ങളായിരിയ്ക്കുമെന്ന് പ്രസ്താവിച്ചതു ഈ വിഷയത്തിൽ സ്മരണീയമാണ്.

൧൧ാം അദ്ധ്യായം

ഡൽഹി ഡർബാർ.

൧൯൧൧ മാൎച്ച്മാസം ൧൨-ാം തീയ്യതി ഇൻഡ്യയുടെ ചരിത്രത്തിൽ ഒരു പ്രധാനദിവസമായി ഗണിക്കപ്പെടുന്നതാണ്. എന്തെന്നാൽ, ആ തീയ്യതിയിലാണല്ലോ നമ്മുടെ ജോൎജ്ജ് ചക്രവൎത്തി തിരുമനസ്സുകൊണ്ടു മഹാരാജ്ഞിയോടു കൂടി ഡൽഹിയിൽ എഴുന്നെള്ളി ഒരു ഡർബാർ നടത്തുകയും തന്റെ കിരീടധാരണവിളം

ബരത്തേ സ്വയമേവ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതാണെന്നുള്ള രാജകല്പന പുറപ്പെട്ടതു്.

ഡൽഹിപട്ടണം ഇൻഡ്യാചരിത്രപ്രസിദ്ധങ്ങളായ അനേകവിശേഷസംഭവങ്ങൾക്കു വിഷയീഭവിച്ചിട്ടുള്ളതായ ഒരു പ്രധാനസ്ഥലമാണ്. ഹിന്ദുപുരാണങ്ങളിൽ ഈ നഗരം "ഹസ്തിനപുരം" എന്ന നാമത്തിൽ കൌരവരാജധാനിയായി വർണ്ണിക്കപ്പെട്ടിരിക്കുന്നു. പിന്നീടു മഹമ്മദീയരുടെ ശക്തി പ്രബലപ്പെട്ടുവന്നകാലത്തു് ഈ പട്ടണം അവരുടെ പ്രധാനസ്ഥലമായിത്തീൻ്നു. മുഗൾചക്രവത്തിപ്രവീരന്മാരായിരുന്ന ഷാജിഹാൻ, അക്ക്ബർ, ഔറംഗ്സിബ് മുതലായവരുടെ കാലത്തു സാമ്രാജ്യത്തിൻ്റെ തലസ്ഥാനവും ആ സാമ്രാജ്യത്തിൻ്റെ പ്രൌഢിക്കും ധനസമൃദ്ധിക്കും തക്കവണ്ണം മനോഹരങ്ങളും വിസ്മയജനകങ്ങളുമായ മന്ദിരങ്ങളാൽ പ്രശോഭിതവുമായിട്ടാണ് ഈ പട്ടണം വിളങ്ങിയിരുന്നതു്. ഈ സ്ഥലത്തുള്ള "ജെമ്മാമസ്ജ്ഡ്" എന്ന പ്രസിദ്ധമായ മഹമ്മദുപള്ളി ഇൻഡ്യയിലുള്ളവയിൽവെച്ചു മഹത്തരമാണ്. ഇവിടെ വാണിരുന്ന മഹമ്മദീയചക്രവത്തികളുടെയും തൽപത്നിമാരുടെയും അനേകം ശവകുടീരങ്ങൾ ഭംഗികൊണ്ടും അത്ഭുതകരങ്ങളായ ശില്പവൈശിഷ്ട്യംകൊണ്ടും സവ്വലോകാകഷകങ്ങളായി ഈ സ്ഥലത്തു് ഇന്നും വിളങ്ങുന്നു.

പേഷ്യാക്കാരനായ നാഡർഷാ മുതലായ അക്രമികൾ ഈ പട്ടണത്തിൽ കടന്നു കൊള്ളചെയ്യുകയും ഒരിക്കൽ "മൈലാസനം" എന്നു പറയപ്പെടുന്നതും വിലയേറിയതുമായ മുഗൾസിംഹാസനം അപഹരിച്ചുകൊണ്ടുപോവുകയും അസംഖ്യം നഗരവാസികളെ വധിക്കുകയും ചെയ്തിട്ടുണ്ടു്. മുഗൾസാമ്രാജ്യം അധോഗതിയെ പ്രാപിച്ചു തുടങ്ങിയ കാലത്തു് അതിനെ നാ

മാവശേഷമാക്കിത്തിക്കുന്നതിനും തൽസ്ഥാനത്തെ പ്രാപിക്കുന്നതിനും ആഗ്രഹിച്ചവരായ മഹാരാഷ്ട്രനായകന്മാരും ഡൽഹിപട്ടണത്തെ കൈവശപ്പെടുത്തുന്നതിനായി വളരെ ശ്രമിക്കയുണ്ടായി. ൧൮൫൭-ലെ ശിപായിലഹളക്കാലത്തും ഈ പട്ടണത്തിലും അടുത്ത പ്രദേശങ്ങളിലും അനേകം വലിയ സംഭവങ്ങളുണ്ടായിട്ടുണ്ട്.

കമ്പനിക്കാരുടെ ഭരണകാലത്തു ചരിത്രസംബന്ധവും വ്യാപാരസംബന്ധവുമായ കാരണങ്ങളാൽ ബ്രിട്ടീഷിൻഡ്യയുടെ തലസ്ഥാനം കൽക്കട്ടായായിത്തീന്നു. എന്നാൽ വിക്ടോറിയാമഹാരാജ്ഞി സിംഹാസനാരോഹണം ചെയ്തതിൻെറ ശേഷം ൧൮൫൮ൽ രാജ്യഭരണം കമ്പനിക്കാരിൽനിന്ന് ആ ശ്രീമതി കയ്യേല്ക്കുകയും ൧൮൭൭ൽ ഇൻഡ്യാചക്രവത്തിനി എന്ന സ്ഥാനത്തെ പ്രാപിക്കുകയും ചെയ്തു. ആ സമയം മഹാരാജ്ഞി തിരുമനസ്സിലെ ചക്രവത്തിനീസ്ഥാനാരോഹണം സംബന്ധിച്ചുള്ള വിളംബരം പ്രസിദ്ധപ്പെടുത്തുന്നതിനു മഹാരാജ്ഞി തൻെറ പ്രതിനിധിയായ ലാർഡ് ലിററൻ വൈസ്രോയിയേ നിയമിച്ചപ്പോൾ അതിനുത്തമമായ സ്ഥലം ഡൽഹി തന്നെയാണെന്നു തീച്ചപ്പെടുത്തിയതു് അത്ഭുതമല്ല. അതിൻപ്രകാരം ൧൮൭൭ ൽ ഡർബാറും വിളംബര പ്രസിദ്ധീകരണവും ഇദംപ്രഥമമായി ആ പട്ടണത്തിൽ വെച്ചു നടത്തപ്പെട്ടു. അതിൻെറ ശേഷം ൧൯൦൩-ൽ എഡ്വർഡ് മഹാരാജാവിൻെറ ചക്രവത്തിസ്ഥാനാരോഹണത്തെ സംബന്ധിച്ചുണ്ടായ ഡർബാർ മുതലായവ അന്നു വൈസ്രോയിയായിരുന്ന കർസൻപ്രഭു അവർകൾ നടത്തിയതും ഈ പട്ടണത്തിൽ വെച്ചു തന്നെയാണ്. ഇങ്ങനെയുള്ള കാൎയ്യങ്ങൾക്കു സൎവ്വഥാ അഹ്മായിട്ടുള്ള സ്ഥലം ഇൻഡ്യയിൽ ഡൽഹി തന്നെയാണെന്നു

സവ്വസമ്മതം സിദ്ധിച്ചിട്ടുള്ളതുകൊണ്ടു ജോൎജ്ജു മഹാരാജാവു തിരുമനസ്സുകൊണ്ടും തൻെറ കിരീടധാരണത്തെ സംബന്ധിച്ചുള്ള ഡർബാർ മുതലായവയും ഈ നഗരത്തിൽവെച്ചു തന്നെ നടത്തണമെന്നു നിശ്ചയിച്ചു. എന്നാൽ ഇതു സ്വയമേവ ഇവിടെയെഴുന്നെള്ളി നടത്തിക്കളയാമെന്നു വെച്ചതു് ഇൻഡ്യാക്കാരുടെ പേരിൽ അവിടേക്കുള്ള കരുണയും വാത്സല്യവും കൊണ്ടു തന്നെയാണ്.

ബ്രിട്ടീഷുമഹാരാജവംശ്യന്മാർ തന്നെ ഇൻഡ്യയിൽ വരികയെന്നുള്ളതു് അത്ര സാധാരണമല്ല. വിശേഷിച്ചും ചക്രവൎത്തിസ്ഥാനത്തേ പ്രാപിച്ചിരിക്കുന്ന ഒരു മഹാരാജാവു് ഇവിടെ സമാഗമിക്കയെന്നുള്ളതു് അഭ്രുതപൂൎവ്വമാകയാൽ അതു് ഇൻഡ്യാനിവാസികൾക്കു് ഏററവും അഭിമാനകരമായ ഒരു കാൎയ്യവുമാണല്ലോ. കിരീടധാരണം കഴിഞ്ഞിട്ടു് ഒന്നാമതായിട്ടു് ഇൻഡ്യയിലെ പ്രജകളെ സന്ദൎശിക്കണമെന്നു തിരുവുള്ളമായതു് ഇൻഡ്യയ്ക്കു് ഒരു പ്രത്യേക പദവിയായിത്തീൎന്നു. അതിനും പുറമേ കുറച്ചു കാലങ്ങൾക്കു മുൻപു വെയിത്സ് പ്രഭു എന്ന സ്ഥാനത്തോടു കൂടി പത്നീസമേതം ഇവിടെ വരികയും എല്ലാവരെയും സന്തോഷസമുദ്രനിമഗ്നന്മാരും ഭക്തിപരവശന്മാരുമാക്കിത്തീൎക്കുകയും ചെയ്ത ആ തിരുമേനി ചക്രവൎത്തിപദത്തേ പ്രാപിച്ചു ചക്രവൎത്തിനിയോടു കൂടി ഇവിടെ എഴുന്നള്ളുന്നുവെന്നു കേട്ടാൽ ജനങ്ങൾക്കുണ്ടാകുന്ന ഉത്സാഹവും ആഹ്ലാദവും എത്ര മാത്രമായിരിക്കുമെന്നുള്ളതു പറയേണ്ടതില്ലല്ലോ.

ഡർബാർ സംബന്ധിച്ചു വന്നുകൂടുന്നവരായ മഹാരാജാക്കന്മാർ, രാജാക്കന്മാർ, പ്രഭുക്കന്മാർ, ഉദ്യോഗസ്ഥന്മാർ, മററുള്ള മഹാന്മാർ, മഹതികൾ, അതിഥികൾ, ഇവരുടെയെല്ലാം പരിവാരങ്ങൾ, സംഖ്യയില്ലാതെയുള്ള കാഴ്ചക്കാർ, അനേകായിരം പടയാളികൾ,

സൈനികന്മാർ എന്നിങ്ങനെയുള്ളവക്കും വിശേഷി ച്ചു തിരുമേനികൾക്കും അവരുടെ പരിവാരങ്ങൾക്കും ഏതാനും ദിവസങ്ങൾ താമസിക്കുവാൻ തക്കവണ്ണവും നടക്കുവാനിരിക്കുന്ന ഡർബാറിൻെറ ഗൌരവത്തി നും യോഗ്യതയ്ക്കും അനുരൂപമായ വിധത്തിലും ഡൽ ഹിപട്ടണത്തെ ആക്കിത്തീക്കുകയെന്നുള്ളതു് ഏററവും ദുഷ്കരമായ ഒരു കാൎയ്യം തന്നെയായിരുന്നു. എങ്കിലും യാ തൊരു ന്യൂനതയ്ക്കും ഇടവരാത്ത വിധത്തിൽ അവിടെ വേണ്ടുന്ന സൌകൎയ്യങ്ങളെല്ലാം ഉണ്ടാക്കിത്തീൎത്തു.

പരിഷ്കാരങ്ങളും ഒരുക്കങ്ങളുമെല്ലാം കഴിഞ്ഞപ്പോ ൾ ഡൽഹിപട്ടണത്തിൻെറ സ്ഥിതി ആകപ്പാടെ എ ങ്ങനെയായിത്തീൎന്നുവെന്നുള്ളതു യഥാക്രമം വിവരിക്കു ന്ന കാൎയ്യം അസാദ്ധ്യമാണു്. എങ്കിലും വായനക്കാൎക്കു് അതിൻെറ സ്ഥൂലമായിട്ടുള്ള ഒരു സ്വരൂപജ്ഞാനമെങ്കി ലും ഉണ്ടാക്കിത്തീക്കാതെയിരിക്കുന്നതു വിഹിതമല്ലാത്ത തിനാൽ ചുരുക്കത്തിൽ ഒരു വിവരണം താഴെ ചേൎത്തു കൊള്ളുന്നു.

ഡർബാർ സംബന്ധിച്ചുള്ള കാൎയ്യങ്ങൾക്കായി ഇവിടെ ഉപയോഗപ്പെടുത്തിയ സ്ഥലത്തിൻെറ ആ കെയുള്ള ഉള്ളളവു ൨൫ ചതുരശ്ര മയിൽ ആയിരുന്നു. ചക്രവൎത്തിതിരുമനസ്സുകൊണ്ടു മുതൽ എല്ലാവൎക്കും താ മസിക്കുന്നതിനു് ഓരോരുത്തരുടെയും അവസ്ഥയ്ക്കു ത ക്കവണ്ണമുള്ള കൂടാരങ്ങളാണു് തയ്യാറാക്കിയിരുന്നതു്. ച ക്രവൎത്തി, വൈസ്രോയി, ഗവർണ്ണർമാർ, മഹാരാജാക്ക ന്മാർ, അതിഥികൾ മുതലായവരുടെ പാളയങ്ങൾ ഉ ണ്ടാക്കിയിരുന്നതു പ്രത്യേകം പ്രത്യേകം ഓരോ സ്ഥാന ങ്ങളിലാണു്. അവയിൽ അനേകം കൂടാര വളപ്പി ൻെറ പ്രവേശനസ്ഥാനങ്ങൾ വളച്ചുവാതിലുകൾ മു തലായ അലങ്കാരങ്ങൾകൊണ്ടും ചിത്രപ്പണികൾകൊ

ണ്ടും മററും മനോഹരങ്ങളാക്കിയിരുന്നു. മഹാരാജാക്കന്മാർ മുതലായവരുടെ സഭകൾ കൂടുന്നതിനായി രാജകീയ പാളയത്തിൽ ഉണ്ടാക്കിയിരുന്ന ഒരു് അലംകൃതമായ വലിയ കൂടാരത്തിനു് ആറായിരത്തിലധികമാളുകൾക്കു നിർബ്ബാധമായി ഇരിക്കത്തക്കവണ്ണം വിസ്താരമുണ്ടായിരുന്നു. കൂടാരങ്ങളുടെ മദ്ധ്യേ മോട്ടാർവണ്ടികളും മററും നിർബാധമായി ഓടിക്കത്തക്കവണ്ണം റോട്ടുകൾ ശരിപ്പെടുത്തിയിരുന്നതിനാൽ ഗതാഗതസൌകൎയ്യവും ധാരാളമുണ്ടായിരുന്നു. മഹാരാജാക്കന്മാർ മുതലായ മഹാന്മാൎക്കു ഗമനാഗമനങ്ങൾക്കു തയ്യാറാക്കിയിരുന്നതെല്ലാം മോട്ടാർവണ്ടികളായിരുന്നുവെന്നു പറഞ്ഞാൽ അവയുടെ സുലഭത അവിടെ എത്ര മാത്രമുണ്ടായിരുന്നുവെന്നു് ഊഹിക്കാമല്ലൊ. പൊടിയുടെ ഉപദ്രവം ലേശം പോലും ഉണ്ടാകാതെയിരിക്കത്തക്കവണ്ണം റോട്ടുകളെല്ലാം ഒരു മാതിരി എണ്ണയൊഴിച്ചു് ഇടിച്ചുറപ്പിച്ചിരുന്നു. ഇപ്രകാരമെല്ലാം നവീകരിക്കപ്പെട്ട ആ പട്ടണത്തിൽ തീവണ്ടിപ്പാതയുടെ ചില പുതിയ ശാഖകൾ കൂടി വരുത്തുകയും പട്ടണത്തിനുള്ളിൽ ഗതാഗതസൌകൎയ്യാൎത്ഥം ചെറുതായ ഒരു പുതിയശാഖ കൂടി ചേൎക്കുകയും ചെയ്തു. ഈ നഗരത്തിൽ ൩൦ തപാലാപ്പീസ്സുകളും കമ്പി എഴുത്തുകുററികളും കൂടി സ്ഥാപിക്കുകയും അവയുടെ നടത്തിപ്പിനായി ൧൦൦൦-ൽപ്പരം ജോലിക്കാരെക്കൂടി നിയമിക്കുകയും ചെയ്തിരുന്നതിനാൽ ആ വിഷയത്തിലും അവിടെ സൌകൎയ്യക്കുറവൊട്ടും ബാധിച്ചിരുന്നില്ല.

ഈ സംക്ഷിപ്തവിവരണംകൊണ്ടു ഡൽഹിപട്ടണം, ഡർബാർദിവസം അടുത്തതായ അക്കാലത്തു് ഏതുപ്രകാരമിരുന്നിരുന്നുവെന്നുള്ള ഒരേകദേശജ്ഞാനം വായനക്കാൎക്കുണ്ടാകുവാനിടയുള്ളതിനാൽ ഇനി ചക്രവൎത്തിതിരുമനസ്സുകൊണ്ടു മുതലായവരുടെ ആഗമനാദികളായ സംഗതികളെപ്പററി പറയാം.

൧൯൧൧ ഡിസംബർ മാസം ൨ാം തിയ്യതി ആണ് ചക്രവത്തിയും ചക്രവത്തിനിയും പരിവാരസമേതം ബോംബയിൽ വന്നെത്തിയതു്. ബ്രിട്ടിഷുരാജവംശജനായ ഒരു് ഇൻഡ്യാചക്രവത്തി ഭാരതഭൂമിയിൽ ഒന്നാമതായി പാദസ്പശനം ചെയ്ത ആ സുദിനം രാജ്യചരിത്രത്തിൽ സുസ്മരണീയമാണു്. തിരുമേനികൾ അവിടെ താമസിച്ചിരുന്ന ദിവസങ്ങളിൽ ആ പട്ടണത്തിലുണ്ടായ കോലാഹലങ്ങൾ എന്തെല്ലാമെന്നും എത്രമാത്രമെന്നുമുള്ളതു വായനക്കാരുടെ ഊഹത്തിലേയ്ക്കായി വിട്ടിരിക്കുന്നു.

തിരുമേനികളുടെ ഡൽഹിപ്പട്ടണപ്രവേശത്തിനു നിശ്ചയിക്കപ്പെട്ടിരുന്ന ദിവസം ഡിസംബർ ൭ാം തീയ്യതി വ്യാഴാഴ്ചയായിരുന്നു. അന്നും ഡർബാർ ദിവസമായ ൧൨ാം തീയ്യതി ചൊവ്വാഴ്ചയുമാണ് ഗവമ്മേണ്ടുത്തരവിൻപ്രകാരം വിശേഷദിവസങ്ങളായി ഇൻഡ്യ ഒട്ടുക്കാചരിക്കപ്പെട്ടതു്. ചില രാജ്യങ്ങളിൽ അതാതു ഗവമ്മേണ്ടുകളുടെ യുക്തം പോലെ ൭ാം തീയ്യതി മുതൽ ആറു ദിവസത്തേയ്ക്കു വിശേഷദിവസങ്ങളായി ഗണിച്ചു കൊണ്ടാടുകയുമുണ്ടായിട്ടുണ്ടു്.

൭ാം തീയ്യതി പ്രഭാതമായപ്പോൾ മുതൽ ഡൽഹികോട്ടവാതിൽ മുതൽ രാജകിയപാളയം വരെ റോട്ടിന്റെ ഇരുവശവും പട്ടാളക്കാർ അണിയിട്ടു നിരന്നു തുടങ്ങി. അതിനു മുൻപു തന്നെ മഹാരാജാക്കന്മാർ മുതലായവർ ഡൽഹിയിലെത്തി ചക്രവത്തിതിരുമനസ്സിലേ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ടു പാക്കുന്നുണ്ടായിരുന്നു. പട്ടണപ്രവേശദിവസം സൂര്യോദയത്തിനു മുൻപായി കാഴ്ചക്കാരായ ബഹുജനങ്ങളുടെ കൂട്ടം കൊണ്ടു നഗരം നിറഞ്ഞു കഴിഞ്ഞു. അവിടെ വന്നുകൂടിയ ജനങ്ങളുടെ വസ്ത്രാഭരണാദികൾക്കുള്ള ശോഭയും തെരുവീഥികളിലെ അലങ്കാരാദികളുടെ പ്രകാശവും പടയാളികളുടെ

ഉടുപ്പു, തൊപ്പി, ആയുധങ്ങൾ മുതലായവയുടെ വിവിധവൎണ്ണങ്ങളോടു കൂടിയ കാന്തിയും എല്ലാം കൂടി കലൎന്നിട്ടുള്ള ഒരു കാഴ്ച അതിമനോഹരമായിരുന്നു.

മണി പത്തടിച്ചതിനോടു കൂടി തിരുമേനികൾ കയറിയെഴുന്നള്ളിയ തീവണ്ടി ഡൽഹിയിലെത്തി. ഉടനെ ചക്രവൎത്തിതിരുമനസ്സുകൊണ്ടു ബ്രിട്ടീഷുസേനാനായകത്വത്തിലെ അതിശ്രേഷ്ഠമായ "ഫ്ീൽഡ്മാഷൽ" എന്ന സ്ഥാനത്തിൻെറ ഉടുപ്പും ചക്രവൎത്തിനിതിരുമനസ്സുകൊണ്ട് ഏററവും മനോഹരങ്ങളായ വസ്ത്രാഭരണാദികളും ധരിച്ചുകൊണ്ടു രണ്ടുപേരും വണ്ടിയിൽ നിന്നിറങ്ങി. ഉടനെ ഗവൎണ്ണർജനറലും പത്നിയും കൂടിച്ചെന്നു തിരുമേനികളെ സാദരം സ്വീകരിച്ചു സ്വീകരണമണ്ഡപത്തിലേയ്ക്കു വഴികാണിച്ചുകൊണ്ടുപോവുകയും അവിടെവെച്ചു തിരുമേനികൾ ബ്രിട്ടിഷിൻഡ്യയിലെ ഗവൎണ്ണർമാർ മുതലായവരെ സന്ദൎശിക്കുകയും പുരാതനയുദ്ധങ്ങളിൽ വീൎയ്യശൌൎയ്യപരാക്രമങ്ങൾ കാണിച്ചിട്ടുള്ള വൃദ്ധന്മാരായ ചില പടയാളികളോടു കുറഞ്ഞൊന്നു സംസാരിക്കുകയും ൦രം സമയമെല്ലാം ആചാരവെടികൾ മുഴങ്ങിക്കൊണ്ടിരിക്കുകയും ചെയ്തു.

പിന്നെ എല്ലാവരും കൂടി ഏതദ്ദേശ്യരാജാക്കന്മാർ സ്വീകരണത്തിനായി കാത്തുനിന്നിരുന്ന ശാലയിലേയ്ക്കു കാൽനടയായി പോവുകയും അവിടെ വേണ്ടുന്ന നടപടികളെല്ലാം മുറയ്ക്കു നടത്തുകയും ചെയ്തു. അവിടെ വെച്ചു തിരുമേനികൾ ഏററവും ബാലനായ ഒരു നവാബിനോടു സസ്മിതം അരുളിച്ചെയ്ത മധുരവചനങ്ങൾ ആ ബാലൻെറ ഹൃദയത്തിലുണ്ടായിരുന്ന ഭയസംഭ്രമാദികളെ ദൂരീകരിച്ചു സന്തോഷത്തെ വൎദ്ധിപ്പിച്ചു. രാജാക്കന്മാരാരും യാതൊരു തിരുമുൽക്കാഴ്ചയും വെച്ചുകൂടെന്നു മുൻകൂട്ടി വിരോധിച്ചിട്ടുണ്ടായിരുന്നുവെങ്കിലും സിക്കിമി

ലെ രാജാവു വിലയേറിയ ഒരു കസവുസാൽവാ നിവി ത്തു ചക്രവത്തി തിരുമനസ്സിലേ തിരുമുൻപിൽ സമപ്പി ച്ചതു് എല്ലാവക്കും വളരേ രസകരമായിത്തോന്നി.

മഹാരാജാക്കന്മാരെല്ലാം തങ്ങളുടെ ചക്രവത്തിയേ വണങ്ങിക്കഴിഞ്ഞതിൻെറ ശേഷം പട്ടണപ്രവേശം ആരംഭിച്ചു. ആ ഘോഷയാത്ര ചക്രവത്തി കുതിരപ്പുറത്തും ചക്രവത്തിനി ആറു കുതിരകളേ ചേത്തിണക്കിയ രഥത്തിലുമായിട്ടായിരുന്നു. അവരുടെ പിന്നാലെ അടുത്തു തന്നെ ഇൻഡ്യൻ "എയിഡിക്കൊംഗ്" എന്നു പറയപ്പെടുന്ന അകമ്പടിക്കാരായി സിൻഡിയാ മഹാരാജാവു്, ബിക്കാനിർ മഹാരാജാവു്, രാമപുരം നവാബു് എന്നിവർ അശ്വാരൂഢന്മാരായിട്ടു നടന്നിരുന്നു.

പീരങ്കികളിൽനിന്നുള്ള കൂട്ടവെടികൾകൊണ്ടും പട്ടാളക്കാരുടെ ബാൻഡു്, തമ്പേർ, പുല്ലാങ്കുഴൽ ഇത്യാദികളുടെ നാദംകൊണ്ടും നിബിഡമായി തിങ്ങിക്കൂടിനിരന്നു നിന്നിരുന്ന പുരുഷാരങ്ങളുടെ ജയഘോഷാദിശബ്ദങ്ങൾകൊണ്ടും ഡൽഹിപട്ടണം ആകപ്പാടെ കുലുങ്ങിപ്പോയിയെന്നു തന്നെ പറയാം. ഇപ്രകാരമുള്ള കോലാഹലങ്ങളോടു കൂടി ആ ഘോഷയാത്ര ഇരുവശവും പട്ടാളക്കാർ അണിയിട്ടു തൊട്ടുതൊട്ടു നിന്നിരുന്ന റോട്ടിൽക്കൂടി രാജകിയ പാളയത്തിനു സമീപം ഒരുയന്ന സ്ഥലത്തു ചെന്നുചേന്നു. അവിടെ ഗവർണർമാർ, ആലോചനാസംഘസാമാജികന്മാർ മുതലായവർ കാത്തുനില്ക്കുന്നുണ്ടായിരുന്നു. ബ്രിട്ടീഷ് ഇൻഡ്യയുടെ പ്രാതിനിധ്യം വഹിച്ച ആ സംഘത്തിലെ പ്രധാനൻ അവിടെവെച്ചു തിരുമനസ്സിലേയ്ക്കു് ഒരു മംഗളപത്രം സാദരം സമപ്പിക്കുകയും തിരുമേനി കുതിരപ്പുറത്തിരുന്നുകൊണ്ടു തന്നെ അതിനെ സസന്തോഷം സ്വീകരിക്കുകയും സമുചിതമായ മറുപടി കല്പിക്കുകയും ചെയ്തു. ആ മറുപടിയിൽ, തൻെറ ഇൻഡ്യൻ പ്രജകൾ നിരന്തരമായിക്കാണിച്ചു

വരുന്നതും ഈ സന്ദർഭത്തിൽ കാണിച്ചിരിക്കുന്നതുമായ രാജഭക്തിസ്നേഹാദികൾ ഏററവും അഭിനന്ദനീയങ്ങളായിരിക്കുന്നുവെന്നും ഈ പ്രജകളുടെ ക്ഷേമത്തേക്കാൾ അധികം അഭിലഷണീയമായി തിരുമേനികൾക്ക് ഇഹലോകത്തിൽ യാതൊന്നുമില്ലെന്നും മററും അരുളിച്ചെയ്കയുണ്ടായി.

മംഗളപത്രത്തിന്റെ മറുപടി കല്പിച്ചു കഴിഞ്ഞപ്പോടനെ ഘോഷയാത്രയെ തുടൎന്നു ചക്രവൎത്തിതിരുമനസ്സുകൊണ്ടു പത്നീസമേതം രാജകീയപാളയത്തിലേക്കെഴുന്നള്ളി. പിന്നാലെ മഹാരാജാക്കന്മാർ മുതലായവരും യഥാക്രമം രാജകൂടാരമന്ദിരം വരെ പോയി. ഇങ്ങനെ പട്ടണപ്രവേശം ഭംഗിയായി അവസാനിക്കയും ചെയ്തു.

ഡർബാർദിവസമായ ൧൨ാം തീയതി വരെ ഇടയ്ക്കുള്ള ഓരോ ദിവസങ്ങളിലായി ചക്രവൎത്തിയും ചക്രവൎത്തിനിയും സംബന്ധിച്ച പല വിശേഷസംഭവങ്ങൾ നടന്നു. നാട്ടുരാജാക്കന്മാരുമായി കാണുന്നതിനു പ്രത്യേകമൊരു സമയം കല്പിച്ചനുവദിച്ചിരുന്നു. ആ കൂട്ടത്തിൽ തിരുവിതാംകൂർമഹാരാജാവുതിരുമനസ്സുകൊണ്ടും, കൊച്ചി-വലിയതമ്പുരാൻതിരുമനസ്സുകൊണ്ടും ഈ വിധം ബഹുമാനിക്കപ്പെട്ടു എന്നുള്ളതും പ്രസ്താവയോഗ്യമാണ്.

എഡ്വർഡ് ചക്രവൎത്തിതിരുമനസ്സിലെ സ്മാരകമായി ഒരശ്വാരൂഢപ്രതിമ പ്രതിഷ്ഠിക്കുന്നതിനുള്ള ശിലാലേഖസ്ഥാപനകൎമ്മം നമ്മുടെ ജോർജ്ജ് ചക്രവൎത്തിതിരുമനസ്സുകൊണ്ടു പത്നീസമേതമെഴുന്നള്ളി ആഘോഷാഡംബരങ്ങളോടു കൂടി നടത്തിയെന്നുള്ളതും ഇവിടെ വക്തവ്യമായിരിക്കുന്നു.

ഇൻഡ്യയിലെ ശ്രേഷ്ഠവംശജകളായ സ്ത്രീകൾ

യോഗം ചേൎന്ന ചക്രവൎത്തിനിതിരുമനസ്സിലേയ്ക്കു ര ണ്ടാഭരണങ്ങൾ തിരുമുൽക്കാഴ്ച വെയ്ക്കുകയുണ്ടായി. അ വയിൽ ഒന്നു വളരെ വിലപിടിച്ചതും മുഗൾചക്രവ ൎത്തികളുടെ കാലം മുതല്ക്കേ ഇൻഡ്യയിലുണ്ടായിരുന്ന തും വജ്രം പതിച്ചും കൊത്തുവേല ചെയ്തും മെച്ചപ്പെടു ത്തിയിരുന്നതുമായ ഒരു പച്ചക്കൽപ്പതക്കമായിരുന്നു. മ റെറാന്നു വിശേഷപ്പെട്ട ഒരു രത്നമാലയുമായിരുന്നു. ഇവയോടു കൂടി അവർ സമൎപ്പിച്ച മംഗളപത്രത്തിനു മഹാരാജ്ഞിതിരുമനസ്സുകൊണ്ടു് അരുളിച്ചെയ്ത മറുപടി ഏററവും ഹൃദയംഗമവും സമുചിതവുമായിരുന്നു. ഇ ൻഡ്യൻസ്ത്രീകളുടെ അഭ്യുന്നതിയിൽ അവിടേയ്ക്കു പ്ര ത്യേകമായി ഉള്ള ആകാംക്ഷയേ അതിൽ പ്രത്യക്ഷപ്പെ ടുത്തിയിരുന്നു.

൧൦ാം തിയ്യതി ഞായറാഴ്ച തിരുമേനികൾ പതിവു പോലെ സ്വസ്ഥദിവസമായി ആചരിച്ചു. അന്നു് അ നേകം ബിഷോപ്പന്മാർ കൂടി നടത്തിയ ദൈവാരാധന യിൽ നമ്മുടെ തിരുമേനികളേ കൂടാതെ മററു പല മഹാ ത്മാക്കളും ൮൦൦൦ പട്ടാളക്കാരും ചേൎന്നിരുന്നു. ഇൻഡ്യയി ലെ ആംഗ്ലിക്കൻമെത്രാപ്പോലീത്തായുടെ സ്ഥാനത്തു് അന്നു ജോലി നോക്കിയിരുന്ന മദ്രാസ് ബിഷോപ്പു ഡാക്ടർ വൈററ്ഹേഡ് അവിടെ ഏററവും സന്ദൎഭോ ചിതമായ ഒരു പ്രസംഗം ചെയ്കയുമുണ്ടായി.

ഡിസംബർ ൧൧ാം തിയ്യതി തിരുമനസ്സുകൊണ്ടു പല സൈന്യവകുപ്പുകാൎക്കു പഴയ കൊടി മാററി പുതി യ കൊടി കൊടുത്തു എന്നുള്ളതാണ് പ്രധാനമായി ന ടന്ന വിശേഷസംഭവം. ഇതു കൌതുകപ്രദങ്ങളായ പല ചടങ്ങുകളോടു കൂടിയാണ് നടത്തിയതു്. എങ്കി ലും ഠരം ചെറിയ പുസ്തകത്തിൽ അവയേയെല്ലാം വി വരിക്കാൻ നിവൃത്തിയില്ല.

൧൨ാം തീയ്യതി പ്രഭാതമായപ്പോൾ മുതൽ ക്രമീകരണത്തിനായും അലങ്കാരത്തിനായും അകമ്പടിക്കായും മററും പ്രത്യേകം പ്രത്യേകം നിയമിക്കപ്പെട്ടിരുന്ന പടയാളികളെല്ലാം ഉടുപ്പു, തൊപ്പി, ആയുധങ്ങൾ മുതലായവ ധരിച്ചു തയ്യാറായി ഓരോ സ്ഥാനങ്ങളിൽ നിരക്കുന്നതിനുള്ള ഒരുക്കങ്ങളായി. മഹാരാജാക്കന്മാർ, ഗവർണ്ണർജനറൽ, ഗവർണ്ണർമാർ മുതലായവരും അവരുടെ പരിവാരങ്ങളും ക്ഷണപ്രകാരം വന്നിട്ടുള്ളവരും അല്ലാത്തവരും ഉന്നതപദവിയിലുള്ളവരും താണസ്ഥിതിയിലുള്ളവരും സ്കൂൾ കുട്ടികളും എന്നു വേണ്ട, പല രാജ്യക്കാരും പലജാതിക്കാരും പല മതക്കാരും പല ഭാഷക്കാരും പലവിധ വേഷങ്ങളോടു കൂടിയവരും മററുമായി സംഖ്യയില്ലാതെ അവിടെ കൂടിയിരുന്നവരെല്ലാം അവരവരാൽ കഴിയുന്നതുപോലെയുള്ള വസ്ത്രാഭരണാദികളെക്കൊണ്ടു ദേഹമലങ്കരിച്ചു മോടി കൂട്ടിക്കഴിഞ്ഞിരിക്കുന്നു. ഇങ്ങനെ സർവ്വാലങ്കാരഭൂഷിതന്മാരായി എല്ലാവരും ഡർബാർശാലയുടെ അടുക്കലേയ്ക്കുടുത്തുതുടങ്ങി.

ഡർബാർനടപടികളിൽ സംബന്ധിയ്ക്കുന്നതിനും കാണുന്നതിനുമായി അവിടെ ഹാജരാകുന്ന ജനങ്ങൾക്ക് അവസ്ഥാനുസരണം ഇരിക്കുന്നതിനായി അർദ്ധചന്ദ്രാകൃതിയിൽ രണ്ടു മനോഹരമന്ദിരങ്ങൾ തെക്കും വടക്കുമായി മിക്കവാറും ചേർത്തു തന്നേ പണികഴിപ്പിച്ചിരുന്നു. ആകപ്പാടെ അവയിൽ അൻപതിനായിരമാളുകൾക്ക് ഇരിക്കാമെന്നാണു് കണക്കാക്കിയിരുന്നതു്. അതിന്റെ മദ്ധ്യരേഖ ൬൦൦ വാരയായിരുന്നു. ഇതുകൊണ്ടു് അതിന്റെ വലിപ്പം എത്രമാത്രമുണ്ടായിരുന്നുവെന്നറിയാമല്ലോ. കാഴ്ചക്കാരായ ജനങ്ങൾക്കു മുൻപിലിരിക്കുന്നവരെക്കൊണ്ടു പിന്നിലിരിക്കുന്നവർക്കു് മറവു വരാത്ത വിധം ക്രമോൽകർഷത്തോടു കൂടിയ ഇരിപ്പിടങ്ങൾ തയാറാക്കിയിരുന്നതിനാൽ കാഴ്ചയ്ക്കു യാതൊരു്

അസൌകൎയ്യവുമുണ്ടായിരുന്നില്ല. ഇവയിൽ ചെറിയ അൎദ്ധവൃത്തത്തിൽ ഗവൎണ്ണർമാർ, മഹാരാജാക്കന്മാർ മുതലായി പ്രത്യേക പദവികളുള്ള മഹാന്മാരും മഹതികളും ഇരുന്നു. വലുതായ വടക്കേഭാഗത്തുള്ളതിൽ ക്ഷണിയ്ക്കപ്പെട്ടവരായ പന്തീരായിരം ആളുകൾ, വേറെ അമ്പതിനായിരം ആളുകളും, ആറായിരം സ്കൂൾ കുട്ടികൾക്കും സ്ഥലമുണ്ടായിരുന്നതു നിറഞ്ഞിരുന്നു.

മാന്യകളായ മഹതികൾക്കും അന്യപുരുഷദൎശനം പാടില്ലാത്തവരായ ചില രാജവംശജകൾക്കും മററും പ്രത്യേകം കരുതിയിരുന്ന സ്ഥലങ്ങളിൽ അവരും വന്നു ചേൎന്നു. ഇതു കൂടാതെ മണ്ഡപങ്ങളുടെ ഇടയ്ക്കുള്ള വിശാലസ്ഥലത്തു് ഇരുപതിനായിരം പടയാളികൾ അണിയിട്ടു നില്ക്കുന്നുമുണ്ടായിരുന്നു. ഇതിനു പുറമെ ശാലയ്ക്കു സമീപത്തു മൺകുന്നിന്മേൽ അസംഖ്യം ജനങ്ങൾ വന്നു നില്പാവുകയും ചെയ്തു. അവർ നോക്കിയാൽ നോക്കെത്താത്ത വിധം വിസ്താരത്തിൽ നിബിഡമായി നിരന്നിരുന്നു. എന്നാൽ ഡർബാർശാലയ്ക്കകം അവൎക്കു് ഏറെക്കുറെ കാണാവുന്ന വിധത്തിലുമാണിരുന്നതു്. ആകപ്പാടെ ഇൻഡ്യാമഹാരാജ്യത്തിൻെറ മാത്രമല്ല, ഏഷ്യാഖണ്ഡത്തിൻെറ ജനസമുദായങ്ങളൊട്ടു കൂടിയ മുഴക്കെയുള്ള ഒരു ചിത്രപടം പോലെ ആ സ്ഥലം അപ്പോൾ ശോഭിച്ചു.

തിരുമേനികൾക്കിരിയ്ക്കുന്നതിനായി ചെറിയ അൎദ്ധവൃത്തത്തോടടുത്തു് ഒരു വിശേഷപ്പെട്ട വലിയ മണ്ഡപവും, വലിയ അൎദ്ധവൃത്തത്തിനോടടുത്തു ക്രമോൽകൎഷത്തോടു കൂടിയ മൂന്നു തട്ടുകൾ ഉള്ള ഒരു ചെറിയ മണ്ഡപവും അതിമനോഹരമായി അലങ്കരിച്ചു പണിചെയ്തിരുന്നു. ഓരോന്നിലും ഈരണ്ടു മണിപീഠങ്ങൾ സ്ഥാപിയ്ക്കപ്പെട്ടുമിരുന്നു.

ശാലയിൽ കൂടിയിരുന്ന ജനങ്ങൾ ബാൻഡ്

വാദ്യം കേട്ടും സൈ്വരസല്ലാപം ചെയ്തും അങ്ങനെ രസിച്ചുകൊണ്ടിരുന്ന മദ്ധ്യേ ഗവർണ്ണർജനറൽ ഹാർഡിഞ്ജ്പ്രഭു അശ്വസൈന്യകന്മാരുടെ അകമ്പടിയോടും കോമളന്മാരും ബാലന്മാരുമായ മൂന്ന് ഇൻഡ്യൻരാജകുമാരന്മാരുടെ അനുഗമനത്തോടും കൂടി പത്നീസമേതം വണ്ടിയിൽ അവിടെ വന്നെത്തി. ചക്രവർത്തിതിരുമനസ്സുകൊണ്ട് ഇൻഡ്യയിൽ എഴുന്നള്ളിയിരിക്കുമ്പോൾ ഇദ്ദേഹത്തിനു വൈസ്രോയിസ്ഥാനമില്ലെങ്കിലും ഗവർണ്ണർജനറൽ എന്ന സ്ഥാനത്തിനടുത്ത സകലപദവികളും യാതൊരു കുറവും കൂടാതെ ആചരിക്കപ്പെടണമെന്നു പ്രത്യേകം തിരുമനസ്സിലേ കല്പനയുണ്ടായിരുന്നു. ഇദ്ദേഹവും പ്രഭ്വിയും വണ്ടിയിൽനിന്ന് ഇറങ്ങിയ ഉടനെ മഹാരാജാക്കന്മാർ മുതലായവരെല്ലാം വണക്കത്തോടു കൂടി അദ്ദേഹത്തെ സ്വീകരിക്കുകയും പട്ടാളക്കാർ ആചാരം ചെയ്യുകയും ചെയ്തു. ഉടനെ ചക്രവർത്തിയും ചക്രവർത്തിനിയും അനേകം കുതിരപ്പടയാളികളുടെ അകമ്പടിയോടു കൂടി നാലു കുതിരകളെ പൂട്ടിയതായ ഒരു രഥത്തിൽ അവിടെ വന്നിറങ്ങി. തിരുമേനികൾ കിരീടധാരണാവസരത്തിൽ ധരിച്ചിരുന്ന ഉടുപ്പുകളും മററുമാണ് ഌരം സമയത്തും ധരിച്ചിരുന്നത്. രണ്ടുപേരും വണ്ടിയിൽനിന്നിറങ്ങി സ്വർണ്ണവർണ്ണങ്ങളായ കുടകളുടെ തണലിൽ കൂടി മന്ദംമന്ദം നടന്നുതുടങ്ങി. ആ സമയം പീരങ്കികളിൽനിന്നുള്ള ആചാരവെടികളുടെയും അനേകായിരമാളുകൾ കൂടിയുള്ള ആർപ്പുവിളിയുടെയും പട്ടാളക്കാരുടെ വാദ്യഘോഷങ്ങളുടെയും മററും നാദങ്ങൾ കൊണ്ടു ദിക്കുകളെല്ലാം മുഴങ്ങി. തിരുമേനികൾ അവിടെ മുൻപറഞ്ഞ ചെറിയ മണ്ഡപത്തിന്റെ അടുക്കലേയ്ക്കു ചെന്നു. ഉടനേ രാജകീയകൊടി ഉയർത്തുകയും ബാൻഡ് വാദ്യക്കാർ "നാഷനൽ ആന്തം" പാടുകയും ചെയ്തു. തൽക്ഷണം ഗവർണ്ണർജനറൽ തിരുമേ

നികളേ സിംഹാസനങ്ങളിൽ കൊണ്ടുചെന്നിരുത്തി. ദൈഘ്യ്യത്തോടു കൂടിക്കിടക്കുന്ന വസ്ത്രാഗ്രഭാഗങ്ങളേ വഹിക്കുന്നതിന്നായി ആറ് ഇൻഡ്യ്യൻ രാജകുമാരന്മാർ ചക്രവത്തിയുടെ കൂടെയും രണ്ടുപേർ ചക്രവത്തിനിയുടെ കൂടെയുമുണ്ടായിരുന്നു.

തിരുമേനികൾ ആസനസ്ഥരായ ഉടനെ ഒരുദ്യോഗസ്ഥൻ തിരുമൻപാകെച്ചെന്നു ഡർബാർ ആരംഭിക്കുന്നതിന്നു അനുവാദമപേക്ഷിക്കുകയും ചക്രവത്തിതിരുമനസ്സുകൊണ്ട് അനുവാദകല്പന കൊടുക്കുകയും തൽക്ഷണം ആ ഉദ്യോഗസ്ഥൻ കാഹളനാദം പുറപ്പെടുവിക്കുകയും അതോടു കൂടി ഡർബാർ ആരംഭിക്കുകയും ചെയ്തു.

അനന്തരം ചക്രവത്തി തിരുമനസ്സുകൊണ്ടു ഗംഭീരരമണീയമായ മുഖഭാവത്തോടു കൂടി എഴുന്നേററുനിന്ന് ഏററവും ഹൃദയംഗമവും സാരസമ്പൂണ്ണവുമായ ഒരു പ്രസംഗം ചെയ്തു. ആ പ്രസംഗത്തിൽ തിരുമേനിയുടെ രാജനീതികുശലതയും പ്രജാവാത്സല്യവും വ്യക്തമായി പ്രകാശിച്ചിരുന്നു. പ്രസംഗാവസാനത്തിൽ സകലജനങ്ങളും സന്തോഷഭരിതഹൃദയരായി ആപ്പുവിളിക്കുകയും വീണ്ടും നിശ്ശബ്ദതയേ പ്രാപിക്കുകയും ചെയ്തു.

അതിൻെറ ശേഷം വണക്കം ചെയ്യുകയെന്ന കമ്മം ആരംഭിച്ചു. ഗവർണ്ണർജനറൽ മുതലായ ഇൻഡ്യൻഗവമ്മേണ്ടുദ്യോഗസ്ഥന്മാർ, മഹാരാജാക്കന്മാർ ഇങ്ങനെ ചക്രവത്തിതിരുമനസ്സിലെ അധികാരത്തിലും സംരക്ഷണത്തിലുമുൾപ്പെട്ടവരെല്ലാം യഥാക്രമം സിംഹാസന സന്നിധിയിൽച്ചെന്നു വണങ്ങി.

ഇതു കഴിഞ്ഞതിൻെറ ശേഷം തിരുമേനികൾ ഗവർണ്ണർജനറൽ, ഇൻഡ്യാസെക്രട്ടറി മുതലായവരുടെ അകമ്പടിയോടു കൂടി മറേറ രാജമണ്ഡപത്തിലേക്കു കാൽനടയായി എഴുന്നെള്ളി. ആ സമയം അവിടെ

കൂടിയിരുന്ന സകലജനങ്ങൾക്കും തിരുമേനികളെ സ്പ ഷ്ടമായി കാണാമായിരുന്നു. അപ്പോൾ സന്തോഷാ ധിക്യത്താൽ എല്ലാവരും കൂടി വീണ്ടും ആർപ്പുവിളിച്ചു.

തിരുമേനികൾ ആ മണ്ഡപത്തിലെത്തി ആസന സ്ഥരായ ഉടനെ ബാൻഡുവാദ്യധ്വനി വീണ്ടും കേ ൾക്കപ്പെട്ടു. അതനുസരിച്ചു ഡർബാർവളപ്പിൻെറ വെ ളിയിൽ പല ഭാഗങ്ങളിൽനിന്നുമായി "ദൂതന്മാർ" എ ന്നു പറയപ്പെടുന്ന ൧൪ സൈനികന്മാർ അശ്വാരൂ ഢന്മാരായി കാഹളധ്വനി മുഴക്കിക്കൊണ്ട് ഒരുമിച്ചു വ ന്നുചേൎന്ന കാഴ്ച രസകരമായിരുന്നു. അവരിൽ പകു തി യൂറോപ്യന്മാരും പകുതി ഇൻഡ്യാക്കാരുമായിരുന്നു. സിംഹാസനസന്നിധിയിൽ അവർ അണിയിട്ടു നിര ന്നുനില്ക്കുകയും അവരിൽ പ്രധാനന്മാരായ രണ്ടുപേർ കിരീടധാരണം സംബന്ധിച്ചുള്ള രാജകീയ വിളംബ രം അത്യുച്ചവും അതിഗംഭീരവുമായ ശബ്ദത്തിൽ അവി ടമെല്ലാം മുഴങ്ങത്തക്കവണ്ണം വായിക്കുകയും ചെയ്തു. ഒ രാൾ ഇംഗ്ലീഷിലും മററയാൾ ഹിന്ദുസ്ഥാനിയിലുമാ ണ് വായിച്ചതു്. ഈ വിളംബരം അന്നേദ്ദിവസം പകൽ ൧൨ മണിക്ക് ഇൻഡ്യയുടെ സകലഭാഗങ്ങ ളിലും ചെറിയ പട്ടണങ്ങളിൽപ്പോലും ഇംഗ്ലീഷിലും നാ ട്ടുഭാഷകളിലും ആഘോഷപൂൎവ്വം വായിക്കപ്പെട്ടു. ഡ ൽഹിയിൽ ഈ ഡർബാർ കൂടിയതിൻെറ ഉദ്ദേശവും ഈ വിളംബരം പ്രസിദ്ധീകരിക്കണമെന്നുള്ളതാണ്. വിളംബരം വായിച്ചുകഴിഞ്ഞ ക്ഷണത്തിൽ അതിൻെറ പ്രാധാന്യത്തെ പ്രദശിപ്പിക്കാനായി വീണ്ടും കാഹളമൂ തുകയും ബാൻഡുവാദ്യസഹിതം നാഷനൽ ആന്തം പാടുകയും സകലജനങ്ങളും ആദരപൂൎവ്വം എഴുന്നേററു നില്ക്കുകയും പട്ടാളക്കാർ ആചാരം ചെയ്യുകയും പീരങ്കി കളിൽനിന്നു കൂട്ടം കൂട്ടമായി ആചാരവെടികൾ മുഴക്കുക യും ചെയ്തു. പീരങ്കിവെടികൾ അവസാനിച്ചപ്പോൾ

പന്തീരായിരം പട്ടാളക്കാർ ചേൎന്ന് അണിവെടികൊണ്ട് ആചാരം ചെയ്യുകയുമുണ്ടായി.

ഇതു കഴിഞ്ഞ മാത്രയിൽത്തന്നെ ദൂതന്മാർ വീണ്ടും കാഹളനാദം മുഴക്കി. ഉടനെ ഹാഡിഞ്ജ് പ്രഭു എഴുന്നേററ്, ഈ മംഗളസമ്പൂൎണ്ണമായ സുദിനം പ്രമാണിച്ചു ചക്രവൎത്തിതിരുമനസ്സുകൊണ്ട് ഇൻഡ്യാക്കാൎക്കും മററും ചെയ്യുന്നതിനു കല്പിച്ചു നിശ്ചയിച്ചവയായ പ്രദാനങ്ങളേയും പദവികളേയും പരസ്യപ്പെടുത്തി. അവയിൽ ഒന്നാമത്തേതു് ഇൻഡ്യയിൽ വിദ്യാഭ്യാസം—പ്രത്യേകിച്ചു, സാധാരണ ജനങ്ങളുടെ വിദ്യാഭ്യാസം—വകയ്ക്കു് അൻപതു ലക്ഷം രൂപ ഉടനെ അനുവദിക്കുകയെന്നുള്ളതായിരുന്നു. പിന്നത്തേതു, സൈന്യവകുപ്പിലും മററും അൻപതു രൂപയിൽ അധികം ശമ്പളമില്ലാത്ത സകലജീവനക്കാൎക്കും അര മാസത്തെ ശമ്പളം വീതം പാരിതോഷികമായി കൊടുക്കുകയെന്നുള്ളതുമായിരുന്നു. ഇവ കൂടാതെ ഇൻഡ്യൻ പട്ടാളക്കാൎക്കു് അലഭ്യങ്ങളായിരുന്ന ചില സ്ഥാനമാനങ്ങൾ മേലാൽ അവൎക്കും കൊടുക്കുന്നതാണെന്നറിയിക്കുകയും ഏതദ്ദേശ്യരാജാക്കന്മാൎക്കു പല ഗുണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. പിന്നെ പ്രധാനമായി ചെയ്തതു തടവിൽക്കിടന്നിരുന്ന അനേകമാളുകളേ വിലങ്ങു വെട്ടി വിടുകയെന്നുള്ളതാണ്. ഇവയെല്ലാം കഴിഞ്ഞപ്പോൾ പിന്നെയും കാഹളനാദം ധ്വനിച്ചു. ഉടനേ ഡർബാർവളപ്പിലുണ്ടായിരുന്ന പട്ടാളക്കാരും കാഴ്ചക്കാരും കൂട്ടം കൂടി ആൎപ്പുവിളിക്കുകയും മററു പല വിധത്തിൽ തങ്ങളുടെ ആഹ്ലാദത്തേ പ്രദൎശിപ്പിക്കുകയും ചെയ്തു. തിരുമേനികൾ ഈ സമയം എഴുന്നേററുനിന്നു ജനങ്ങളുടെ ഈ കോലാഹലങ്ങളേയെല്ലാം തങ്ങൾ സ്വീകരിച്ചിരിക്കുന്നു എന്നുള്ള ഭാവത്തിൽ പല പ്രാവശ്യം തല കുനിച്ചു.

ചക്രവൎത്തിയും ചക്രവൎത്തിനിയും പിന്നെ കാൽ

നടയായി എഴുന്നള്ളി ഒന്നാമത്തേ രാജമണ്ഡപത്തേ പ്രാപിക്കുകയും വീണ്ടും സിംഹാസനസ്ഥരാവുകയും ചെയ്തു. ഉടനേ തന്നെ മഹാരാജാവു തിരുമനസ്സുകൊണ്ടു തൃക്കയ്യിൽ ഒരു കടലാസു പിടിച്ചുകൊണ്ടു് എഴുന്നേററു. അതു കണ്ടപ്പോൾ എല്ലാവക്കും, (ഇവിടെ കാര്യപരിപാടിപ്രകാരമുള്ള സകലകാര്യങ്ങളും തീൎന്നിരുന്നുവെങ്കിലും) ഗൌരവമേറിയ എന്തോ കാര്യത്തേപ്പററി അരുളിച്ചെയ്യാൻ ഭാവിക്കുകയാണെന്നു തോന്നുകയും എല്ലാവരുടെയും ശ്രദ്ധ അവിടെ സവിശേഷം പതിയുകയും ചെയ്തു. എന്നാൽ, ജനങ്ങളുടെ ആ പ്രതീക്ഷ അസ്ഥാനത്തിലായില്ല. ഉടനെ തിരുമനസ്സുകൊണ്ടു് അരുളിച്ചെയ്തു പ്രധാനസംഗതികൾ—ഇൻഡ്യാമഹാരാജ്യത്തിന്റെ തലസ്ഥാനം കല്ക്കത്തായിൽനിന്നു മാററി ഡൽഹിയിൽ സ്ഥാപിക്കുന്നതിനു മന്ത്രിമാരുടെയും ഗവർണർജനറൽ മുതലായവരുടെയും ആലോചനയോടുകൂടി താൻ തീൎച്ച ചെയ്തിരിക്കുന്നു എന്നും ബങ്കാൾവിഭാഗത്തേ അസ്ഥിരപ്പെടുത്തി, ഒരു ഗവർണരുടെ അധീനതയിലുള്ള സംസ്ഥാനമാക്കിയിരിക്കുന്നു എന്നുമുള്ളവയായിരുന്നു. ൟ കല്പന നിമിത്തം ബങ്കാളികൾക്കു കർസൻപ്രഭുവിന്റെ കാലത്തുണ്ടായ ബങ്കാൾവിഭാഗത്താലുത്ഭവിച്ച അതികലശലായ അപ്രീതിക്കു ശമനമുണ്ടാവുകയും ബങ്കാൾവിഭാഗത്തേ അസ്ഥിരപ്പെടുത്തുന്നതിൽ മഹമ്മദീയൎക്കുണ്ടാകുമായിരുന്ന വിരോധം ഡൽഹിയേ തലസ്ഥാനമാക്കിയതിനാലുള്ള സന്തോഷത്തിൽ ലയിച്ചുപോയതിനാൽ അതിനു് ഉയൎന്നുവരുവാൻ ശക്തിയില്ലാതെയാവുകയും ചെയ്തു. എന്നാൽ, രാജ്യഭരണ സംബന്ധമായി ഇത്രയും ഗൌരവമേറിയ സംഗതികളെ നിനച്ചിരിയാതെ പെട്ടെന്നു കേട്ടപ്പോൾ സദസ്യൎക്കുണ്ടായ അത്ഭുതാദിമനോവികാരങ്ങൾ കേവലം അചിന്തനീയങ്ങൾ തന്നെയായിരുന്നു.

ഠരം കല്പന പ്രസ്താവിച്ചു കഴിഞ്ഞയുടനെ തിരുമേനികൾ ഡർബാർശാലയിൽനിന്നു യഥാപൂർവ്വം ആഡംബരങ്ങളോടു കൂടി പാളയത്തിലേയ്ക്കു് എഴുന്നള്ളി.

അന്നു രാത്രിയിൽ ഡർബാർ പ്രമാണിച്ചു പ്രധാനപ്പെട്ടവരേയെല്ലാം രാജകീയപാളയത്തിൽ ക്ഷണിച്ചു വരുത്തി തിരുമേനി അതികേമമായിട്ടു് ഒരു വിരുന്നുസൽക്കാരം നടത്തി. അതിനേത്തുടന്നു് അനേകായിരം മഹതികളും മഹാന്മാരും ചേന്നു രാജകീയ പാളയത്തിലെ സഭാമണ്ഡപത്തിൽ ഒരു സമ്മേളനവുമുണ്ടായി.

അടുത്ത ദിവസം തിരുമേനികൾ ഒരുദ്യാനവിരുന്നും നടത്തി. അതിൻെറ അവസാനത്തിൽ അവിടെ കൂടിയിരുന്ന ലക്ഷോപിലക്ഷം ജനങ്ങൾക്കു തിരുമേനികളേ കാണുന്നതിനു വേണ്ടുന്ന ഏപ്പാടുകൾ ചെയ്തിരുന്നതിനാൽ ചക്രവത്തിതിരുമനസ്സുകൊണ്ടും ചക്രവത്തിനിതിരുമനസ്സുകൊണ്ടും കിരീടധാരണത്തിനുപയോഗിച്ചിരുന്ന വസ്ത്രാലങ്കാരാദികളോടു കൂടി ഒരു് ഉയന്ന സ്ഥലത്തു് എഴുന്നള്ളി സ്ഥിതിചെയ്തു. അപ്പോൾ പുരുഷാരങ്ങൾ അണിനിരന്നു ചെറുതിരകൾ പോലെ മുൻപോട്ടു കയറുകയും മുൻപിലത്തേ നിര രാജസന്ദശനം കഴിഞ്ഞു് ഇടത്തോട്ടും വലത്തോട്ടും മാറുകയും അപ്പോൾ പുറകിലത്തേ നിര മുൻപോട്ടുകേറുകയും ഇങ്ങനെ ആ ലക്ഷോപിലക്ഷം ജനങ്ങൾ യാതൊരു കുഴപ്പവും കൂടാതെ രാജസന്ദശനം കഴിച്ചുകൂട്ടി. മുഗൾ ചക്രവത്തികളുടെ കാലത്തു പതിവുള്ളതായ രാജസന്ദശനം എന്ന ഠരം ചടങ്ങു ശരിയായി നടത്തുന്ന കായ്യം അസാധ്യമെന്നു തോന്നുകയാൽ ഇതു വേണ്ടെന്നാണു് ആദ്യം വിചാരിച്ചിരുന്നതു്. എങ്കിലും പഞ്ചാബ് ലഫ്ടനൻറു ഗവർണ്ണർ അതു ശരിയായി നടത്തിക്കൊള്ളാ

മെന്നു സധൈര്യം പറയുകയാൽ കല്പിച്ചനുവദിക്കുക യും ആ ഗവർണ്ണരുടെ സാമർത്ഥ്യവും ഏൎപ്പാടുകളും നിമി ത്തം അതും ഭംഗിയായിത്തന്നെ നടക്കുകയും ചെയ്തു. പ്രജാസമൂഹത്തിനു രാജഭക്തിയേ പ്രദൎശിപ്പിക്കുന്നതി നും ആ ഭക്തി മനസ്സിൽ വൎദ്ധിക്കുന്നതിനും ഇതു വളരെ സഹായിച്ചു.

പിന്നെ സൈന്യസമൂഹങ്ങൾ എല്ലാം ചേൎന്നുള്ള വലിയ കവാത്തു, ഡർബാർ സംബന്ധിച്ച സ്ഥാനമാനങ്ങൾ ലഭിച്ചവരിൽ പ്രധാനന്മാൎക്കു് അവയുടെ ചിഹ്നങ്ങൾ കൊടുക്കുന്നതിനായിട്ടുള്ള യോഗങ്ങൾ മുതലായി പല സംഗതികൾ അവിടെ നടന്നു. എന്നാൽ ഡൽഹിപട്ടണത്തെ തലസ്ഥാനമാക്കുന്നതിനേ സംബന്ധിച്ചുള്ള ചില പണികൾക്കു തിരുമേനികൾ ആരംഭശിലാസ്ഥാപനം കഴിച്ചു എന്നുള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമായിരിക്കുന്നു. സ്ഥാനചിഹ്നങ്ങൾ കല്പിച്ചുകൊടുക്കുന്നതിനായി കൂടിയ യോഗത്തിലേ നടപടികൾ നടന്നുകൊണ്ടിരുന്ന മദ്ധ്യേ രാജപാളയത്തോടു നാല്പതു വാരയ്ക്കു് അടുത്തുണ്ടായിരുന്ന ഒരു കൂടാരത്തിനു് അഗ്നിബാധയുണ്ടാവുകയും എല്ലാവരും വളരെ പരിഭ്രമിക്കുകയും ചെയ്തുവെങ്കിലും തന്നിമിത്തം വലിയ ആപത്തൊന്നും സംഭവിക്കാതെ അതിനേ ശമിപ്പിക്കാൻ സാധിച്ചുവെന്നും സന്തോഷസമേതം പറയേണ്ടിയിരിക്കുന്നു. എന്നാൽ, വലിയ സമ്പൽസന്തോഷങ്ങളുടെ മദ്ധ്യേ ആപൽസന്താപങ്ങളും വളരെ സമീപത്തു തന്നെയുണ്ടെന്നുള്ളതു് ഈ സംഭവം ഏവരേയും ഓൎമ്മപ്പെടുത്താതെയിരുന്നില്ല.

ഡിസംബർ മാസം ൧൬-ാം തീയതി തിരുമേനികൾ മഹാരാജാക്കന്മാർ മുതലായവരോടു യാത്ര പറയുകയും ആഡംബരങ്ങളോടു കൂടിത്തന്നെ തീവണ്ടിയാപ്പീസുവരെ യാത്ര ചെയ്യുകയും തദനന്തരം ഡൽഹിപ്പട്ട

ണം വിട്ട് എഴുന്നള്ളുകയും ചെയ്യു. തിരുമേനികൾ കൽക്കട്ടാപട്ടണവും സന്ദർശിച്ചതിന്റെ ശേഷം ഇംഗ്ലണ്ടിൽ തിരിയേ എഴുന്നള്ളി ഇപ്പോൾ സസുഖം വാണരുളുന്നു.

മംഗളം.

"കൂറിയോടു ജനങ്ങളിൽ പ്രതിദിനം
സിദ്ധിച്ചു വദ്ധിച്ചിടും—
മാറിബ്ഭാരതഭൂമി കാത്തരുളിടും
ശ്രീരാജരാജേശ്വരൻ.
ഏറീടും സുഖഭാഗ്യമാൎന്നു സുചിരം
തൻപുത്രമിത്രാന്വിതം
മേറിരാജ്ഞിയൊടൊത്തു വാണരുളുമാ-
റാക്കേണമേ ദൈവമേ!"

ശുഭം.

C. M. S. Press, Kottayam—1